VOL NO: 03 | ISSUE 11

# നേർപഥം


വാരിക

www.nerpatham.com | mail@nerpatham.com

2019 MARCH 16 | ₹12

## ‘ലിവിംഗ് ടുഗതർ’

മൂല്യങ്ങളെ തകർക്കുക എന്നത് സാമ്രാജ്യത്വത്തിന്റെ താൽപര്യമാണ്. മതങ്ങളാണ് മനുഷ്യരെ മൂല്യങ്ങൾ പഠിപ്പിച്ചത്. കെട്ടുറപ്പുള്ള കുടുംബങ്ങളിലാണ് മൂല്യങ്ങൾ ഉറച്ചുനിൽക്കുക. വിശ്വസ്തതയും സത്യസന്ധതയുമുള്ള ദാമ്പത്യം വേണമതിന്. വഴിവിട്ട ബന്ധങ്ങൾ ആണിനും പെണ്ണിനുമുണ്ടാകാൻ പാടില്ല. അതിന്നവർക്ക് പ്രേരണ നൽകുന്നത് മൂല്യങ്ങളാണ്. ഈ മൂല്യങ്ങളെ തകർക്കലാണ് ‘ലിവിംഗ് ടുഗതറി’ലൂടെ സംഭവിക്കുന്നത്.



## ഒടുവിൽ ഉസ്താദ് സമ്മതിച്ചു; കേരള സുന്നികൾ ബറേൽവികൾ തന്നെ

ഇന്ത്യയിലെ ബ്രിട്ടീഷ് കോളനി വൽക്കരണത്തെ എതിർക്കാൻ ശക്തമായ നേതൃത്വം നൽകിയ ‘വഹാബി’കളടക്കമുള്ള മുസ്‌ലിം ജന സാമാന്യത്തെ ഭിന്നിപ്പിക്കാൻ വേണ്ടിയാണ് വ്യാജ പ്രവാചകത്വ വാദവുമായി മിർസാ ഗുലാമിനെ ബ്രിട്ടീഷുകാർ എഴുന്നള്ളിക്കുന്നത്. എന്നാൽ രിസാലത്തിലുള്ള മുസ്‌ലിംകളുടെ ദൃഢബോധ്യം ഈ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തി. അത്തരമൊരു സാഹചര്യത്തെ മറികടന്ന് മുസ്‌ലിംകളെ ഭിന്നിപ്പിക്കാനാണ് ബറേൽവിയെ കൂട്ട് പിടിച്ച് ബ്രിട്ടീഷുകാർ പുതിയ ചിന്താധാര ഇറക്കുമതി ചെയ്യുന്നത്. ഈ ബറേൽവികളുടെ ഗ്രാന്റ് മുഫ്തിയായി ‘അവരോധിതനായ‘തിലൂടെ കാന്തപുരത്തിന്റെ ഇരട്ടത്താപ്പ് ലോകത്തിന് ബോധ്യപ്പെട്ടിരിക്കുകയാണ്.

## പ്രൊഫ്കോൺ: നന്മയുടെ വീഥിയിലെ നാഴികക്കല്ലുകൾ

|| പ്രൊഫ്കോൺ ക്യാമ്പസിന് ബാക്കി വെക്കുന്നത്

|| ‘ലിവിംഗ് ടുഗതർ’




# ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
annoor
QURAN LEARNING PROGRAMME

# അന്നൂർ
## ഖുർആൻ പഠന പദ്ധതി



**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുന്നതാണ്

peaceradio
Tune to reality

റജിസ്റ്റർ ചെയ്യൂ...
ഇപ്പോൾ തന്നെ

WhatsApp +91 9020 840 840

നേർപഥം
വാരിക

0113 / 2019 മാർച്ച് 16 / 1440 റജബ് 09 / പുസ്തകം 03 / ലക്കം 11



# ഒടുവിൽ ഉസ്താദ് സമ്മതിച്ചു; കേരള സുന്നികൾ ബറേൽവികൾ തന്നെ

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ / 10

**ലേഖനം**

പലായനത്തിന്റെ തുടക്കം / 07
ഫദ്‌ലുൽ ഹഖ് ഉമരി

പ്രൊഫ്‌കോൺ: നന്മയുടെ വീഥിയിലെ നാഴികക്കല്ലുകൾ / 18
അബ്ദുൽ റഷീദ് കുട്ടമ്പൂർ

അൽഅസ്ഹറും അലീഗറും കേരളത്തിലേക്കോ?! / 21
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

പ്രൊഫ്‌കോൺ ക്യാമ്പസിന് ബാക്കി വെക്കുന്നത് / 25
അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി

'ലിവിംഗ് ടുഗതർ' / 26
മുബാറക് ഇബ്‌നു ഉമർ

**മുഖമൊഴി**

വൃദ്ധമാതാപിതാക്കൾക്ക് തണലാവുക / 05
എഡിറ്റർ

**ക്വുർആൻ ദർശനം**

അബസ (മുഖം ചുളിച്ചു) / 16
ഹാരിസ് ബിൻ സലീം

**ചരിത്രപഥം**

അമ്പരപ്പിക്കുന്ന സന്തോഷവാർത്ത / 30
ഹുസൈൻ സലഫി, ഷാർജ

**ഗാനം**

മരണം വന്നണയുമ്പോൾ / 34
സ്വാദിക്വ് ഇബ്‌നു സലീം

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



### യാത്ര

എത്ര ജോടി വസ്ത്രങ്ങളാണ് എന്റെ അലമാരകളിൽ സൂക്ഷിച്ചു വെച്ചിട്ടുള്ളത്.

നൂലിഴകളിൽ നുരുമ്പ് കയറുന്നതിന് മുമ്പ് എത്ര വസ്ത്രങ്ങളാണ് ഞാൻ ഉപേക്ഷിച്ചത്.

എന്റെ സഞ്ചാരവഴികളിൽ വിതറിയ സുഗന്ധങ്ങളുടെ എത്ര വൈവിധ്യങ്ങളാണ് എന്റെ മേശക്ക് മുകളിലുള്ളത്.

ഇന്ന് കുളിച്ച വെള്ളത്തിൽ ചേർത്ത കർപൂരത്തിനും എന്റെ ദേഹത്ത് ആരോ പുരട്ടിയ അത്തറിനും എന്ത് സുഗന്ധമായിരുന്നു.

ഉയർന്ന നിലവാരത്തിലുള്ള തുണിയിലാണ് എന്റെ കഫൻ പുടവ ഒരുക്കിയിരിക്കുന്നത്.

എങ്കിലും എന്റെ ആത്മാവിതാ ദുർഗന്ധം പേറിയവനാകുന്നു.

മിഴികളടയുന്ന നേരത്ത് ഞാൻ കണ്ട കാഴ്ചകളിൽ നിന്ന്, പേര് മാറുന്ന നേരത്ത് ഞാൻ രുചിച്ച വേദനകളിൽ നിന്ന്, ഞാനറിഞ്ഞു ഇനിയെന്റെ യാത്ര ദുഷ്കരമെന്ന്.

ഞാൻ ആനന്ദമായി കണ്ടിരുന്ന എന്റെ ചെയ്തികൾ സിജ്ജീനിലെ വരികളായിരിക്കുന്നു.

സമയമുണ്ടെന്ന മിഥ്യയിൽ ചൊല്ലാൻ മറന്ന ഇസ്തിഗ്ഫാറുകൾ റബ്ബിന്റെ കരുണയിൽ നിന്നെന്നെ മടക്കി.

എന്റെ നഷ്ടമേ, ചെറുതെന്ന് തോന്നി ഞാൻ ഉപേക്ഷിച്ച ഒരു നന്മയെങ്കിലും ചെയ്തിരുന്നെങ്കിൽ ഈ ശിക്ഷയുടെ കാഠിന്യത്തിൽ നിന്നൊരു കുറവ് ലഭിച്ചേനെ!

മടക്കമോ ഒടുക്കമോ ഇല്ലാത്ത ലോകത്ത് വർധനവ് മാത്രം നൽകുന്ന നരകമേ, നിന്നിലേക്ക് അടുക്കുന്ന പ്രവർത്തികളിൽ ഞാൻ എന്തിനെന്റെ ജീവിതം ചെലവഴിച്ചു!

**-മുഹമ്മദ് ശമീൽ**

### ‘തീ പിടിച്ച’ വാർത്തകൾ

നാടെങ്ങും തീ പിടിച്ച വാർത്തകളാണ്. കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ പത്തോളം സ്ഥലങ്ങളിലാണ് വൻ തീപിടുത്തമുണ്ടായത്. കേരളം കർണാടക അതിർത്തി പ്രദേശത്തെ വനമേഖലയിലെ തീ ഇതുവരെ അണയ്ക്കാൻ കഴിഞ്ഞിട്ടുമില്ല.

2018ലെ പ്രളയം കഴിഞ്ഞ് മാസങ്ങൾ പിന്നിടുമ്പോഴേക്കും നാടും നഗരവും കരിഞ്ഞുണങ്ങിയിരിക്കുകയും ദാഹ ജല സ്രോതസ്സുകളെല്ലാം വറ്റിവരണ്ടിരിക്കുകയും ചെയ്യുന്ന കാഴ്ച, വരാൻ പോകുന്ന വറുതിയുടെ നാളുകളെയാണ് സൂചിപ്പിക്കുന്നതെന്നാണ് കാലാവസ്ഥാ നിരീക്ഷകരുടെ അനുമാനം.

പ്രകൃതിയിൽ അടിക്കടി വരുന്ന മാറ്റങ്ങൾ നോക്കിക്കാണുന്ന ആർക്കും സ്രഷ്ടാവിന്റെ പരീക്ഷണങ്ങളെ തൊട്ട് അശ്രദ്ധരായിരിക്കാൻ സാധ്യമല്ല എന്നതാണ് വാസ്തവം. പ്രളയം ശ്വാസം മുട്ടിച്ച അതേ തൊണ്ടകൾ ദാഹിച്ചു വരളുന്ന അവസ്ഥയിലേക്ക് കാലാവസ്ഥ പെട്ടെന്ന് മാറിയിട്ടുണ്ടെങ്കിൽ കേരളത്തിന്റെ വേനൽക്കാലാനുഭവങ്ങൾ ശുഭകരമായിരിക്കില്ല എന്ന് തന്നെയാണ് വിശ്വസിക്കേണ്ടത്.

കാലത്തെ സൃഷ്ടിക്കുകയും കാലാവസ്ഥയെ നിയന്ത്രിക്കുകയും ചെയ്യുന്ന സർവലോക രക്ഷിതാവിനോട് മനമുരുകി പ്രാർഥിക്കുന്നതോടൊപ്പം പ്രകൃതിയിൽ ഇടപെടുമ്പോൾ അവന്റെ നിർദേശങ്ങൾ പൂർണമായി പാലിക്കുക കൂടി ചെയ്യുമ്പോൾ മാത്രമേ അവന്റെ കാരുണ്യത്തിന് വേണ്ടി കരങ്ങളുയർത്താൻ നമ്മെ അർഹനാക്കൂ. അത്തരക്കാർക്ക് മാത്രമേ ശോഭനമായ ഭാവിയെ കുറിച്ച് പ്രത്യാശ പുലർത്താൻ കഴിയൂ.

**-ഹൈസ ഫർഹീൻ**

### സൃഷ്ടികൾ ക്ഷണിക്കുന്നു

‘നേർപഥ’ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, PB.NO: 597, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# വൃദ്ധമാതാപിതാക്കൾക്ക് തണലാവുക

**ജീ**വിതത്തിലെ ഏറ്റവും വലിയ ഭാഗ്യമെന്താണ്? ഉയർന്ന വിദ്യാഭ്യാസം? ഉന്നത ജോലി? അളവറ്റ ധനം? നല്ല വീടും വാഹനവും? നല്ല ഇണ? ഒരേ സമയം ഇങ്ങനെ ഒരുപാട് ഉത്തരങ്ങൾ മാറിമാറി മനസ്സിൽ കടന്നുവരാൻ സാധ്യതയുള്ള ചോദ്യമാണിത്.

എന്നാൽ മാതാപിതാക്കളുടെ തൃപ്തിയും സ്നേഹവും കൈവരിക്കുന്ന നല്ല മക്കളാവുക എന്നത് ജീവിതത്തിലെ അനർഘ സൗഭാഗ്യമാണ്. നമ്മെ വളർത്തി വലുതാക്കിയ മാതാവിന്റെയും പിതാവിന്റെയും കൂടെ അവരുടെ വാർധക്യത്തിൽ കുറച്ചു കാലമെങ്കിലും ജീവിക്കാൻ കഴിയുക എന്നത് ചെറിയ കാര്യമല്ല.

നല്ല മക്കളാവുക... ആർക്കൊക്കെ കഴിയും ഇങ്ങനെ ആയിത്തീരാൻ? ജീവിതത്തിൽ സംതൃപ്തിയും സന്തോഷവും ആഗ്രഹിക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനമായ ഒരു കാര്യമാണ് ഇത്. നമ്മളെല്ലാവരും ജീവിതായോധനത്തിന്റെ ഭാഗമായി സമൂഹത്തിന്റെവ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവരാണ്. ദൈനംദിന ജീവിതത്തിൽ ഇടപെടുന്ന പലരുടെയും ഇഷ്ടവും സ്നേഹവും നേടിയെടുക്കാൻ പെടാപാട് പെടുന്ന ധാരാളമാളുകളെ നാം കാണാറുണ്ട്.

ഒരേസമയം നേതാക്കളുടെയും അണികളുടെയും സ്നേഹം പിടിച്ചുപറ്റാൻ ശ്രമിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ. മേലുദ്യോഗസ്ഥന്റെ പ്രശംസ കിട്ടാൻ അധ്വാനിക്കുന്ന കീഴ്ജീവനക്കാരൻ. തൊഴിലുടമയുടെ തൃപ്തി കൈവരിക്കാൻ കഠിനാധ്വാനം ചെയ്യുന്ന തൊഴിലാളി. ഉപഭോക്താവിന്റെ സ്നേഹം കിട്ടാൻ മുഖത്ത് ഫിറ്റ് ചെയ്ത പുഞ്ചിരിയുമായി കാത്തുനിൽക്കുന്ന സേവന ദാതാവ്, അങ്ങനെയങ്ങനെ... നീണ്ടുപോകുന്നു ആ പട്ടിക! ഭൗതിക ജീവിതത്തിലെ നിസ്സാരമായ നേട്ടങ്ങൾക്കു വേണ്ടി അത്യധ്വാനം ചെയ്യുന്ന നാം പലപ്പോഴും സ്വന്തം മാതാപിതാക്കളുടെ കാര്യത്തിൽ പരാജയപ്പെട്ടുപോകുന്നു എന്നത് ഏറെ ഖേദകരമാണ്. പലരും വിചാരിക്കുന്നത് മാതാപിതാക്കൾക്ക് യഥേഷ്ടം പണവും ഭേദപ്പെട്ട ചികിത്സയും ഉയർന്ന ജീവിത നിലവാരവും നൽകിയാൽ എല്ലാമായി എന്നാണ്.

നാം സമയാസമയങ്ങളിൽ എറിഞ്ഞുകൊടുക്കുന്ന നോട്ടുകെട്ടുകൾ കൊണ്ട് തിട്ടപ്പെടുത്താവുന്നതല്ല അവർ നമുക്ക് യാതൊരു ലാഭേഛയുമില്ലാതെ നൽകിയ സ്നേഹവും പരിചരണവും. പ്രശസ്തമായ ആശുപത്രിയിൽ ചികിത്സ ഏർപ്പാടു ചെയ്ത് വല്ലപ്പോഴുമുള്ള ഫോൺ വിളികളിൽ മാത്രം ഒതുങ്ങുന്ന കുശലാന്വേഷണങ്ങൾ കൊണ്ട് അവരുടെ സ്നേഹമല്ല, മറിച്ച് വെറുപ്പും അകൽച്ചയുമാണ് നമുക്ക് നേടിയെടുക്കാനാവുക. ഇവിടെയാണ് അവരും നമ്മളും തമ്മിലുള്ള കൃത്യമായ രണ്ടു വ്യത്യാസങ്ങൾ പ്രകടമാവുന്നത്. ഒന്ന്, നമ്മൾ എല്ലാറ്റിനും കണക്കുവെക്കുന്നു എന്നതാണ്. രണ്ട്, നാം അവർക്കു വേണ്ടി ചെയ്യുമ്പോൾ; കുറച്ചുകാലത്തേക്കു വേണ്ടി മാത്രം ചെയ്താൽ മതി, അവർ അധിക കാലം ജീവിച്ചിരിക്കില്ല എന്ന പ്രതീക്ഷയാണ് നമ്മുടെ ഉള്ളിലുള്ളത്.

വളരെ വേദനയോടെ നാം തിരിച്ചറിയേണ്ട ഒരു കാര്യം, അവർക്ക് ഈ രണ്ടു വിചാരവും ഉണ്ടായിരുന്നില്ല എന്നതാണ്. വളരെ മോശമായ ഭൗതിക സാഹചര്യങ്ങളോട് പടവെട്ടി പാടുപെട്ട് നമ്മെ നാമാക്കി മാറ്റാൻ നീണ്ട വർഷങ്ങൾ കഠിനാധ്വാനം ചെയ്ത അവർ, നാം എത്ര കുത്തിനോവിച്ചാലും ചെയ്ത ത്യാഗങ്ങളുടെ കണക്ക് പറയില്ല! നാം അധിക കാലം ജീവിച്ചിരിക്കില്ല എന്നു ചിന്തിക്കാൻ പോലും അവർക്ക് കഴിയുമായിരുന്നില്ല.

ഇവിടെയാണ് നമ്മുടെ ചില തീരുമാനങ്ങൾ പ്രസക്തമാകുന്നത്. ആദ്യം നാം പരിശോധിക്കേണ്ടത്, വാർധക്യത്തിന്റെ അവശതയിൽ എത്തിനിൽക്കുന്ന നമ്മുടെ മാതാപിതാക്കളുടെ മനസ്സറിയുക എന്നതാണ്. അവർക്ക് ആവശ്യം നമ്മുടെ സ്നേഹമാണ്. മനസ്സിൽനിന്ന് മനസ്സിലേക്ക് പ്രവഹിക്കുന്ന നിഷ്കളങ്ക സ്നേഹം. അവർക്ക് ആവശ്യം നമ്മുടെ സാന്നിധ്യമാണ്. നമ്മുടെ സ്നേഹസ്പർശത്തിനു വേണ്ടിയാണ് അവർ ദാഹിക്കുന്നത്.

സ്രഷ്ടാവായ അല്ലാഹുവിന്റെ തൃപ്തി ലഭിക്കണമെങ്കിൽ മാതാപിതാക്കളെ തൃപ്തിപ്പെടുത്താൻ കഴിയണം. അവർക്ക് നമ്മോട് ദേഷ്യമാണെങ്കിൽ അല്ലാഹുവിന് നമ്മോടും ദേഷ്യമായിരിക്കും. ഈ ബോധമുള്ള സത്യവിശ്വാസികൾക്ക് മാതാപിതാക്കളെ അവഗണിക്കാൻ കഴിയില്ല, തീർച്ച!

ലേഖനം

മുഹമ്മദ് നബിﷺ: 14

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com




# പലായനത്തിന്റെ തുടക്കം

ഉക്ബത്ബ്‌നു അബീമുഐത്വിന്റെ അവസ്ഥ ഇതിനെക്കാൾ കഷ്ടമായിരുന്നു. ഇബ്‌നു അബ്ബാസ്ﷺ പറയുന്നു: 'ഉക്ബത്ബ്‌നു അബീമുഐത് ഒരു യാത്ര കഴിഞ്ഞു തിരിച്ചുവന്നാൽ ഭക്ഷണം ഉണ്ടാക്കുകയും തന്റെ അയൽവാസികളായ ആളുകളെയും മക്കക്കാരെയും അങ്ങോട്ട് ക്ഷണിക്കുകയും ചെയ്യുക പതിവായിരുന്നു. നബിﷺയുടെ സദസ്സിലും പലപ്പോഴും അദ്ദേഹം പോയി ഇരിക്കാറുണ്ട്. നബിﷺയുടെ സംസാരം അദ്ദേഹത്തിന് ഏറെ ഇഷ്ടവുമായിരുന്നു. ഒരുദിവസം യാത്ര കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ ഉക്ബത് ഭക്ഷണം ഉണ്ടാക്കുകയും ആ ഭക്ഷണം കഴിക്കാൻ പ്രവാചകനെ ക്ഷണിക്കുകയും ചെയ്തു. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: 'അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല എന്നും ഞാൻ അല്ലാഹുവിന്റെ പ്രവാചകനാണെന്നും നീ സാക്ഷ്യം വഹിക്കുന്നത് വരെ ഭക്ഷണം ഞാൻ കഴിക്കുകയില്ല.' അപ്പോൾ ഉക്ബത് പറഞ്ഞു: 'സഹോദരപുത്രാ, ഭക്ഷണം കഴിക്കൂ.' നബിﷺ വീണ്ടും അത് ആവർത്തിച്ചു. അപ്പോൾ ഉക്ബത് സാക്ഷ്യവാക്യങ്ങൾ ഉച്ചരിച്ചു. ഉബയ്യുബ്‌നു ഖലഫിന് ഈ വിവരം ലഭിച്ചു. ഉടനെ അയാൾ ഉക്ബയുടെ അടുക്കലേക്ക് ചെന്നുകൊണ്ട് ചോദിച്ചു: 'അല്ല ഉക്ബാ...നീ മതം മാറിയോ?' ഉബയ്യിന്റെ കൂട്ടുകാരനായിരുന്നു ഉക്ബ. ഉക്ബ പറഞ്ഞു: 'ഇല്ല, അല്ലാഹുവാണ് സത്യം! ഞാൻ മതം മാറിയിട്ടില്ല. പക്ഷേ, എന്റെ അടുക്കലേക്ക് ഒരാൾ വരുകയും ഞാൻ സാക്ഷ്യ വാക്യങ്ങൾ പറഞ്ഞാലല്ലാതെ ഭക്ഷണം കഴിക്കുകയില്ല എന്നു പറയുകയും ചെയ്തപ്പോൾ എന്റെ വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കാതെ ഇറങ്ങിപ്പോകുന്നതിൽ എനിക്ക് ലജ്ജ തോന്നി. അങ്ങനെ ഞാൻ സാക്ഷ്യ വാക്യങ്ങൾ പറയുകയും മുഹമ്മദ് ഭക്ഷണം കഴിക്കുകയും ചെയ്തു.' അപ്പോൾ ഉബയ്യ് പറഞ്ഞു: 'മുഹമ്മദിന്റെ അടുത്തുപോയി അവന്റെ മുഖത്തേക്ക്

തുപ്പുന്നതുവരെ നിന്റെ കാര്യത്തിൽ ഞാൻ ഒരിക്കലും തൃപ്തിപ്പെടുകയില്ല. മാത്രവുമല്ല അവന്റെ പിരടിയിൽ നീ ചവിട്ടുകയും വേണം.' ഉക്ബത് അതുപ്രകാരം ചെയ്യുകയും നബിയുടെ ചുമലിൽ ചവിട്ടുകയും മൃഗത്തിന്റെ കുടൽമാല ഇടുകയും ചെയ്തു. ഈ സന്ദർഭത്തിൽ നബിﷺ പറഞ്ഞു: 'മക്കയുടെ പുറത്തുവെച്ചുകൊണ്ട് ഞാൻ നിന്നെ കണ്ടുമുട്ടിയാൽ വാളുകൊണ്ട് നിന്റെ തല ഉയർത്തപ്പെടാതിരിക്കുകയില്ല.' ഇയാൾ ബദ്റിൽ ബന്ധിയായി പിടിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. ബദ്റിലെ ബന്ധികളിൽ ഇയാളല്ലാതെ ഒരാളും കൊല്ലപ്പെട്ടിട്ടില്ല. ആസിം ഇബ്നു സാബിത്ത് ഇബ്നു അഖ്‌ലഹാണ് അയാളെ കൊലപ്പെടുത്തിയത്' (അബു നഈമിന്റെ ദലാഇലുന്നുബുവ്വ എന്ന ഗ്രന്ഥത്തിൽ നിന്ന്.2/470).

നബിﷺയെ ഏറെ പ്രയാസപ്പെടുത്തിയ മറ്റൊരു പ്രമാണിയായിരുന്നു അഖ്നസ് ഇബ്നു ശുറൈഖ്. നാട്ടുകാർക്കിടയിൽ വലിയ കീർത്തിയും സ്ഥാനമാനവും ഉണ്ടായിരുന്ന വ്യക്തിയായിരുന്നു ഇയാൾ. ഈ വ്യക്തിയെ സംബന്ധിച്ചാണ് അല്ലാഹു ഇപ്രകാരം പറഞ്ഞത്:

"അധികമായി സത്യം ചെയ്യുന്നവനും നീചനുമായിട്ടുള്ള യാതൊരാളെയും നീ അനുസരിച്ചു പോകരുത്. കുത്തുവാക്ക് പറയുന്നവനും ഏഷണിയുമായി നടക്കുന്നവനുമായ. നന്മക്ക് തടസ്സം നിൽക്കുന്നവനും, അതിക്രമിയും മഹാപാപിയുമായ. ക്രൂരനും അതിനു പുറമെ ദുഷ്കീർത്തി നേടിയവനുമായ" (അൽകലം: 10-13).

ക്വുറൈശി നേതാക്കന്മാരിൽ പെട്ട ഒരാളായിരുന്ന വലീദുബ്നു മുഗീറയോട് എപ്പോഴും ഇയാൾ തർക്കിക്കുമായിരുന്നു. ഞാൻ ക്വുറൈശികളുടെ നേതാവും വലിയ സമ്പന്നനുമാണ്. എന്നിട്ടും എന്നെ അവഗണിച്ച് മുഹമ്മദിന്റെ കൂടെ ആളുകൾ നിൽക്കുന്നുവോ എന്നൊക്കെ അഹങ്കാരത്തോടു കൂടി പലപ്പോഴും ചോദിക്കാറുണ്ടായിരുന്നു.

"ഈ രണ്ട് പട്ടണങ്ങളിൽ നിന്നുള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടില്ല എന്നും അവർ പറഞ്ഞു. അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്ക് വെച്ചു കൊടുക്കുന്നത്? നാമാണ് ഐഹികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്ക് വെച്ചുകൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചു വെക്കുന്നതിനെക്കാൾ ഉത്തമം" (അസ്സുഖ്റുഫ്: 31,32).

നബിﷺയെ വളരെയേറെ പ്രയാസപ്പെടുത്തുകയും ശത്രുത പ്രകടിപ്പിക്കുകയും ചെയ്ത മറ്റൊരു വ്യക്തിയായിരുന്നു ആസ്വുബ്നു വാഇൽ. നബിﷺയുടെ മകൻ അബ്ദുല്ല മരണപ്പെട്ടപ്പോൾ ആസ് പറഞ്ഞു: 'ഇതോടു കൂടി മുഹമ്മദിന്റെ പരമ്പര അവസാനിച്ചിരിക്കുന്നു.' മുഹമ്മദ് നബിയെക്കുറിച്ച് പറയപ്പെട്ടാൽ ഇയാൾ പറയും: 'മുഹമ്മദിനെ വിട്ടേക്കൂ. അവൻ വാലറ്റവനാണ്. അവന് പിൻഗാമികൾ ഇല്ല. ഇനി മുഹമ്മദ് മരണപ്പെട്ടാൽ മുഹമ്മദിനെക്കുറിച്ചുള്ള സ്മരണകളും അവസാനിക്കും. അതോടെ ആ ശല്യത്തിൽ നിന്ന് നിങ്ങൾക്ക് രക്ഷപ്പെടുവാനും സാധിക്കും.' ഇയാളെ സംബന്ധിച്ചാണ് അല്ലാഹു തആല ഇപ്രകാരം അവതരിപ്പിച്ചത്:

"തീർച്ചയായും നിനക്ക് നാം ധാരാളം നേട്ടം നൽകിയിരിക്കുന്നു. ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. തീർച്ചയായും നിന്നോട് വിദ്വേഷം വെച്ച് പുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)" (അൽകൗഥർ: 1-3).

ഖബ്ബാബ്ؓ പറയുന്നു: "എനിക്ക് ആസ്വുബ്നു വാഇൽ കുറച്ച് പണം തരാനുണ്ടായിരുന്നു. അത് ചോദിക്കാൻ വേണ്ടി ഞാൻ അയാളെ സമീപിച്ചപ്പോൾ എന്നോട് പറഞ്ഞു: 'നീ മുഹമ്മദിനെ നിഷേധിക്കുന്നതുവരെ നിന്റെ കടം ഞാൻ വീട്ടുകയില്ല.' അപ്പോൾ ഞാൻ പറഞ്ഞു: 'നീ മരിക്കുകയും അതിനു ശേഷം ഉയർത്തെഴുന്നേൽപിക്കപ്പെടുകയും ചെയ്യുന്നതുവരെ മുഹമ്മദ് നബിയെ ഞാൻ നിഷേധിക്കുകയില്ല.' അപ്പോൾ ആസ് ചോദിച്ചു: 'ഞാൻ മരണശേഷം ഉയർത്തെഴുന്നേൽപിക്കപ്പെടുകയോ? എങ്കിൽ നിനക്ക് തരാനുള്ളത് എന്റെ സമ്പത്തിലേക്കും എന്റെ മക്കളിലേക്കും മടങ്ങിച്ചെന്നതിനുശേഷം ഞാൻ നൽകാം.' (മരിച്ചു പരലോകത്ത് എത്തിയാൽ തരാം എന്ന് അർഥം). അങ്ങനെയാണ് അല്ലാഹു ഈ വചനങ്ങൾ അവതരിപ്പിക്കുന്നത്: "എന്നാൽ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ അവിശ്വസിക്കുകയും എനിക്ക് സമ്പത്തും സന്താനവും നൽകപ്പെടുക തന്നെ ചെയ്യും എന്ന് പറയുകയും ചെയ്തവനെ നീ കണ്ടുവോ? അദൃശ്യകാര്യം അവൻ കണ്ടറിഞ്ഞിട്ടുണ്ടോ? അതല്ലെങ്കിൽ പരമകാരുണികന്റെ അടുത്ത് അവൻ വല്ല കരാറുമുണ്ടാക്കിയിട്ടുണ്ടോ? അല്ല, അവൻ പറയുന്നത് നാം രേഖപ്പെടുത്തുകയും അവന്നു ശിക്ഷ കൂട്ടിക്കൊടുക്കുകയും ചെയ്യും. അവൻ ആ പറയുന്നതിനെല്ലാം (സ്വത്തിനും സന്താനത്തിനുമെല്ലാം) നാമായിരിക്കും അനന്തരാവകാശിയാകുന്നത്. അവൻ ഏകനായിക്കൊണ്ട് നമ്മുടെ അടുത്ത് വരികയും ചെയ്യും (മർയം: 77-80)" (ബുഖാരി: 2091, മുസ്‌ലിം: 2795).

നബിﷺയെയും സ്വഹാബികളെയും അങ്ങേയറ്റം പ്രയാസപ്പെടുത്തിയ മറ്റൊരു ശത്രുവായിരുന്നു അബൂജഹൽ ബിൻ ഹിശാം. അബൂജഹൽ ഒരിക്കൽ നബിﷺയെ കണ്ടുമുട്ടിയപ്പോൾ ഇപ്രകാരം പറ

ഞ്ഞു: 'അല്ലാഹുവാണ് സത്യം, മുഹമ്മദ് ഞങ്ങളുടെ ആരാധ്യ വസ്തുക്കളെ ചീത്ത പറയുന്നത് നിർത്തുക തന്നെ വേണം. അല്ലാത്തപക്ഷം നീ ആരാധിക്കുന്ന നിന്റെ ആരാധ്യനെയും ഞാൻ അസഭ്യം പറയും.' അങ്ങനെ അല്ലാഹു ഈ സൂക്തം അവതരിപ്പിച്ചു: 'അല്ലാഹുവിനു പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അവർ വിവരമില്ലാതെ അതിക്രമമായി അല്ലാഹുവെ ശകാരിക്കാൻ അത് കാരണമായേക്കും. അപ്രകാരം ഓരോ വിഭാഗത്തിനും അവരുടെ പ്രവർത്തനം നാം ഭംഗിയായി തോന്നിച്ചിരിക്കുന്നു. പിന്നീട് അവരുടെ രക്ഷിതാവിങ്കലേക്കാണ് അവരുടെ മടക്കം. അവർ ചെയ്തുകൊണ്ടി രുന്നതിനെപ്പറ്റിയെല്ലാം അപ്പോൾ അവൻ അവരെ അറിയിക്കുന്നതാണ്' (അൽ അൻആം: 108).

ഇസ്‌ലാമിക പ്രബോധന മേഖലയിൽ നബിﷺക്ക് അനുഭവിക്കേണ്ടി വന്ന ചില പ്രയാസങ്ങളും പരിഹാസങ്ങളുമാണ് നാം മനസ്സിലാക്കിയത്. പക്ഷേ, അല്ലാഹു തആല മുഹമ്മദ് നബിﷺയെ ശക്തിപ്പെടുത്തുകയും സംരക്ഷിക്കുകയും സമാധാനിപ്പിക്കുകയും വിജയത്തെക്കുറിച്ചുള്ള സന്തോഷ വാർത്ത അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

"നിനക്ക് മുമ്പ് പല ദൂതൻമാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ട് അവരെ കളിയാക്കിയിരുന്നവർക്ക് അവർ പരിഹസിച്ചു കൊണ്ടിരുന്നതെന്തോ അത് വന്നുഭവിക്കുക തന്നെ ചെയ്തു" (അൽഅൻആം: 10).

"അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് നിമിത്തം നിനക്ക് മനഃപ്രയാസം അനുഭവപ്പെടുന്നുണ്ട് എന്ന് തീർച്ചയായും നാം അറിയുന്നുണ്ട്. ആകയാൽ നിന്റെ രക്ഷിതാവിനെ സ്തുതിച്ച് കൊണ്ട് നീ സ്തോത്രകീർത്തനം നടത്തുകയും നീ സുജൂദ് ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക. ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത് വരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക" (അൽഹിജ്ർ: 97-99).

"(നബിയേ,) അവർ പറയുന്നത് നിനക്ക് വ്യസനമുണ്ടാക്കുന്നുണ്ട് എന്ന് തീർച്ചയായും നമുക്ക് അറിയാം. എന്നാൽ (യഥാർഥത്തിൽ) നിന്നെയല്ല അവർ നിഷേധിച്ചു തള്ളുന്നത്, പ്രത്യുത, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയാണ് ആ അക്രമികൾ നിഷേധിക്കുന്നത്"(അൽഅൻആം: 33).

"ആകയാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. ദൃഢവിശ്വാസമില്ലാത്ത ആളുകൾ നിനക്ക് ചാഞ്ചല്യം വരുത്താതിരിക്കുകയും ചെയ്യട്ടെ" (അർറൂം: 60).

"ആകയാൽ ദൃഢമനസ്കരായ ദൈവദൂതൻമാർ ക്ഷമിച്ചത് പോലെ നീ ക്ഷമിക്കുക. അവരുടെ (സത്യനിഷേധികളുടെ) കാര്യത്തിന് നീ ധൃതി കാണിക്കരുത്. അവർക്ക് താക്കീത് നൽകപ്പെടുന്നത്

**അബിസീനിയയിലേക്ക് ഹിജ്റ പോയ ആളുകൾ മക്കയിലേക്ക് മടങ്ങി വന്നപ്പോൾ മുശ്‌രിക്കുകളുടെ പീഡനങ്ങൾ വീണ്ടും ശക്തമാകുവാൻ തുടങ്ങി. അതോടെ നബില അവരോടു രണ്ടാംതവണയും അബിസീനിയയിലേക്ക് പോകാൻ ആവശ്യപ്പെട്ടു. രണ്ടാം തവണ അബിസീനിയയിലേക്ക് പോകുമ്പോൾ ഏതാണ്ട് 83 പുരുഷന്മാരും 18 സ്ത്രീകളുമുണ്ടായിരുന്നു. അബിസീനിയയിലേക്കുള്ള മുസ്‌ലിംകളുടെ യാത്രയെ കുറിച്ച് അറിഞ്ഞപ്പോൾ ക്വുറൈശികളും ചില ആളുകളെ അങ്ങോട്ട് അയച്ചു.**

(ശിക്ഷ) അവർ നേരിൽ കാണുന്ന ദിവസം പകലിൽ നിന്നുള്ള ഒരു നാഴിക നേരം മാത്രമേ തങ്ങൾ (ഇഹലോകത്ത്) താമസിച്ചിട്ടുള്ളു എന്ന പോലെ അവർക്കു തോന്നും. ഇതൊരു ഉൽബോധനം ആകുന്നു. എന്നാൽ ധിക്കാരികളായ ജനങ്ങളല്ലാതെ നശിപ്പിക്കപ്പെടുമോ?" (അൽഅഹ്ക്വാഫ്: 35).

### അബിസീനിയയിലേക്കുള്ള ഹിജ്റ

തന്റെ അനുചരന്മാർക്ക് ബാധിക്കുന്ന ശിക്ഷകളും പരീക്ഷണങ്ങളും കാണുകയും അവരെ തടയാൻ കഴിയാതെ വരികയും ചെയ്തപ്പോൾ നബിﷺ അവരോട് പറഞ്ഞു: 'നിങ്ങൾ അബിസീനിയയിലേക്ക് പോയിക്കൊള്ളുക. അവിടെ ഒരു രാജാവ് ഉണ്ട്. അദ്ദേഹത്തിന്റെ അടുക്കൽ ആരും ആക്രമിക്കപ്പെടുകയില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ രാജ്യത്തേക്ക് നിങ്ങൾ ചേർന്നുകൊള്ളുക. ഇപ്പോൾ നിങ്ങൾ ഉള്ള അവസ്ഥയിൽ നിന്നും അല്ലാഹു നിങ്ങൾക്ക് ഒരു വിശാലതയും രക്ഷാമാർഗവും നൽകിയേക്കാം' (ബൈഹഖകി: 9/7).

അതോടെ നബിﷺയുടെ അനുചരന്മാർ അബിസീനിയൻ പ്രദേശത്തേക്ക് പുറപ്പെട്ടു. ശിക്ഷയിൽ നിന്നുള്ള രക്ഷക്കും ദീനിനെ നിലനിർത്താനും വേണ്ടിയായിരുന്നു ആ യാത്ര. ഇസ്‌ലാമിലെ ഒന്നാമത്തെ ഹിജ്റയായി അബിസീനിയൻ ഹിജ്റ കണക്കാക്കപ്പെടുന്നു. ഉഥ്മാനുബ്നു അഫ്ഫാൻ, അദ്ദേഹത്തിന്റെ ഭാര്യയായ (നബിയുടെ മകൾ) റുഖിയ‌رضي الله عنها, അബ്ദുറഹ്മാൻ ഇബ്നുഔഫ്‌رضي الله عنه, അബൂഹുദൈഫ‌رضي الله عنه, ഉത്ബത്ബ്നു റബീഅ‌رضي الله عنه, അദ്ദേഹത്തിന്റെ ഭാര്യയായ സഹല ബിൻതു സുഹൈലുബ്നു അംറ്‌رضي الله عنها, അബൂസലമ ഇബ്നു അബ്ദുൽ അസദ്‌رضي الله عنه, അദ്ദേഹത്തിന്റെ ഭാര്യ ഉമ്മുസലമ‌رضي الله عنها, ഉഥ്മാനുബ്നു മള്ഊൻ‌رضي الله عنه, ആമിർ ഇബ്നു റബീഅ‌رضي الله عنه, അദ്ദേഹത്തിന്റെ ഭാര്യ ലൈലാ ബിൻതു അബീഹസ്മ‌رضي الله عنها തുടങ്ങിയവരാണ് ആദ്യമായി അബിസീനിയയിലേക്ക് ഹിജ്റ പോയത്.

കപ്പൽവഴി യാത്ര ചെയ്യാൻ വേണ്ടി ശുഐബ എന്ന് പറയുന്ന സ്ഥലത്തേക്ക് അവർ എത്തി. അവരിൽ ചിലർ നടന്നും മറ്റു ചിലർ ഒട്ടകപ്പുറത്തും

ആണ് എത്തിച്ചേർന്നത്. അല്ലാഹുവിന്റെ അനുഗ്രഹം എന്നോണം രണ്ട് കച്ചവടച്ചരക്കുകളുമായി പോകുന്ന കപ്പലുകൾ അബിസീനിയയിലേക്ക് അവർക്ക് ലഭിച്ചു. 15 പേരാണ് സംഘത്തിലുണ്ടായിരുന്നത്; 11 പുരുഷന്മാരും 4 സ്ത്രീകളും. പ്രവാചകത്വത്തിന്റെ അഞ്ചാം വർഷം റജബ് മാസത്തിലായിരുന്നു അവർ പുറപ്പെട്ടത്. അബിസീനിയയിൽ എത്തിച്ചേർന്നപ്പോൾ ഏറ്റവും നല്ല അയൽവാസിയായി അവരെ അവർ കണ്ടു. തങ്ങളുടെ ദീനിന്റെ കാര്യത്തിൽ അവർ നിർഭയരാവുകയും അല്ലാഹുവിനെ ആരാധിച്ചുകൊണ്ട് ആരാലും ആക്രമിക്കപ്പെടാതെ, വെറുപ്പുളവാക്കുന്ന ഒരു വാക്കും കേൾക്കാതെ അവിടെ അവർ താമസമാക്കി. പക്ഷേ, അധികകാലം അബിസീനിയയിൽ അവർ താമസിച്ചില്ല. തൊട്ടടുത്ത റമദാൻ മാസത്തിൽ തന്നെ അവർ മക്കയിലേക്ക് മടങ്ങി.

അബിസീനിയയിലേക്ക് ഹിജ്റ പോയ ആളുകൾ മക്കയിലേക്ക് മടങ്ങി വന്നപ്പോൾ മുശ്രിക്കുകളുടെ പീഡനങ്ങൾ വീണ്ടും ശക്തമാകുവാൻ തുടങ്ങി. അതോടെ നബിﷺ അവരോടു രണ്ടാംതവണയും അബിസീനീയയിലേക്ക് പോകാൻ ആവശ്യപ്പെട്ടു. രണ്ടാം തവണ അബിസീനിയയിലേക്ക് പോകുമ്പോൾ ഏതാണ്ട് 83 പുരുഷന്മാരും 18 സ്ത്രീകളുമുണ്ടായിരുന്നു. അബിസീനിയയിലേക്കുള്ള മുസ്ലിംകളുടെ യാത്രയെ കുറിച്ച് അറിഞ്ഞപ്പോൾ ക്വുറൈശികൾ അവരുടെ കൂട്ടത്തിൽ നിന്ന് അംറുബ്നുൽ ആസ്, അബ്ദുല്ലാഹിബ്നു അബീ റബീഅ തുടങ്ങിയവരെ അങ്ങോട്ട് അയച്ചു. നജ്ജാശി രാജാവിനും അദ്ദേഹത്തിന്റെ കൂടെയുള്ള നേതാക്കന്മാർക്കും ഒട്ടനവധി സമ്മാനങ്ങളുമായിട്ടാണ് ഇവർ പോയത്.

നജ്ജാശിയുടെ അടുത്ത ആളുകൾക്ക് കൈക്കൂലി എന്നോണം പലതും അവർ നൽകുകയും ചെയ്തു. നജ്ജാശിയുമായി സംസാരിക്കുമ്പോൾ തങ്ങളുടെ കൂടെ നിൽക്കാൻ വേണ്ടിയും മുഹാജിറുകളായി വന്നിട്ടുള്ളവരെ മക്കയിലേക്കുതന്നെ തിരിച്ചയക്കാനും വേണ്ടിയായിരുന്നു ഈ പണികളെല്ലാം. പക്ഷേ, പെട്ടെന്ന് ഒരു അഭിപ്രായം പറയാൻ നജ്ജാശി തയ്യാറായില്ല. മക്കയിൽ നിന്നും വന്ന, നബിﷺയുടെ അനുചരന്മാരെ തന്റെ മുമ്പിൽ ഹാജരാക്കുവാൻ നജ്ജാശി ആവശ്യപ്പെട്ടു. അവർ നജ്ജാശിയുടെ മുമ്പിൽ വന്നു. ക്വുറൈശികൾ നിയോഗിച്ച രണ്ട് വ്യക്തികളും അവിടെ സന്നിഹിതരായിരുന്നു. നജ്ജാശിയുടെ മുമ്പിൽ അവർ സമ്മാനങ്ങൾ സമർപ്പിച്ചു. മുസ്ലിംകൾ തങ്ങളുടെ കൂട്ടത്തിൽ നിന്ന് ജഅ്ഫർ ഇബ്നു അബീത്വാലിബ്നെയാണ് സംസാരിക്കാൻ വേണ്ടി തെരഞ്ഞെടുത്തത്.

നജ്ജാശി അവരോട് കാര്യങ്ങൾ ചോദിച്ചറിയുവാൻ തുടങ്ങി. അവരുടെ മതത്തെ കുറിച്ച് ചോദിച്ചു. ഈ സന്ദർഭത്തിൽ ജഅ്ഫർ(റ) മറുപടി പറഞ്ഞു: "അല്ലയോ രാജാവേ, ഞങ്ങൾ ജാഹിലിയ്യത്തിലായിരുന്നു. വിഗ്രഹങ്ങളെ ആരാധിക്കുന്നവന്നവരായിരുന്നു. ശവം ഭക്ഷിക്കുന്നവരായിരുന്നു. എല്ലാ തിന്മകളും ഞങ്ങൾ ചെയ്തിരുന്നു. ഞങ്ങൾ കുടുംബ ബന്ധങ്ങൾ മുറിച്ചിരുന്നു. അയൽവാസികളോട് മോശമായി പെരുമാറിയിരുന്നു. ഞങ്ങളിലെ ശക്തന്മാർ ദുർബലരെക്കൊണ്ട് ഭക്ഷിച്ചിരുന്നു. ഈ അവസ്ഥയിലാണ് അല്ലാഹു ഞങ്ങളിലേക്ക് ഞങ്ങളിൽ നിന്നു തന്നെയുള്ള ഒരു പ്രവാചകനെ നിയോഗിക്കുന്നത്. ആ പ്രവാചകന്റെ പരമ്പരയും സത്യസന്ധതയും വിശ്വാസ്യതയും ചരിത്രവും എല്ലാം ഞങ്ങൾക്കറിയാം. അദ്ദേഹം ഞങ്ങളെ അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ക്ഷണിച്ചു. അവനെ മാത്രം ഞങ്ങൾ ആരാധിക്കണമെന്ന് ഞങ്ങളോട് പറഞ്ഞു. ഞങ്ങളുടെ പൂർവ പിതാക്കൾ ആരാധിച്ചുവന്നിരുന്ന കല്ലുകളെയും വിഗ്രഹങ്ങളെയും വെടിയണമെന്ന് പറഞ്ഞു..."

നജ്ജാശിയും സ്വഹാബികളും തമ്മിലുള്ള സംസാരം തുടർന്നു കൊണ്ടിരുന്നു. ഈ ചർച്ച മക്കയിൽ നിന്നും വന്ന മുശ്രിക്കുകളുടെ തന്ത്രങ്ങളെല്ലാം പാളിപ്പോകാൻ കാരണമായി. നഷ്ടക്കാരായിക്കൊണ്ട് അവർക്ക് തിരിച്ചു പോകേണ്ടിവന്നു. മുസ്ലിംകളാകട്ടെ സമാധാനത്തോടെ അവിടെ താമസമാക്കുകയും ചെയ്തു. ഈ ഹിജ്റയിലൂടെയും അല്ലാഹു സ്വഹാബിമാരെ പരീക്ഷിക്കുകയായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ രാജ്യവും സമ്പത്തും സന്താനങ്ങളും ഒഴിവാക്കുവാൻ അവർ തയ്യാറുണ്ടോ എന്നുള്ള പരീക്ഷണമായിരുന്നു അത്. ആ പരീക്ഷണത്തിൽ അവർ വിജയിച്ചു. ദീനിനുവേണ്ടി അല്ലാഹുവിന്റെ മാർഗത്തെ അവർ തിരഞ്ഞെടുത്തു. അല്ലാഹുവിന്റെ മാർഗത്തിൽ അബിസീനിയയിലേക്ക് തങ്ങളുടെ ദീനുമായി അവർ ഹിജ്റ പോവുകയും ചെയ്തു. മുസ്ലിംകളുടെ അബിസീനിയയിലേക്കുള്ള ഹിജ്റ മക്കാ മുശ്രിക്കുകളുടെ ഇടയിൽ വലിയ കുലുക്കം ഉണ്ടാക്കി. അല്ലാഹു ഉദ്ദേശിച്ച അത്രയും കാലം മുഹാജിറുകൾ അബിസീനിയയിൽ താമസിച്ചു. നബിﷺയുടെ മദീനയിലേക്കുള്ള ഹിജ്റക്ക് ശേഷമാണ് അവരിൽ ചിലർ മടങ്ങിവന്നത്. ബദ്ർ യുദ്ധത്തിന് തൊട്ടു മുമ്പായിരുന്നു അത്. 33 പുരുഷന്മാരും 8 സ്ത്രീകളുമാണ് അന്ന് മദീനയിലേക്ക് മടങ്ങിയത്. ബാക്കിയുള്ള ആളുകൾ ജഅ്ഫറുബ്നു അബീത്വാലിബിന്റെ കൂടെ ഖൈബർ യുദ്ധ വിജയത്തിനു ശേഷം ഹിജ്റ ഏഴാം വർഷമാണ് മടങ്ങിയത്. ആ വർഷത്തിലാണ് നജ്ജാശി മരണപ്പെടുന്നതും. നജ്ജാശിയുടെ മരണത്തിനു മുമ്പ് അല്ലാഹു അദ്ദേഹത്തിന് ഇസ്ലാമിലേക്ക് വഴി കാണിച്ചു കൊടുത്തിരുന്നു. നബിﷺയും അനുയായികളും മദീനയിൽവെച്ച് അദ്ദേഹത്തിന് വേണ്ടി മയ്യിത്ത് നമസ്കാരം നിർവഹിക്കുകയുണ്ടായി. (ബുഖാരി: 1245, മുസ്ലിം: 951).



യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com

കവർ സ്റ്റോറി

# ഒടുവിൽ ഉസ്താദ് സമ്മതിച്ചു; കേരള സുന്നികൾ ബറേൽവികൾ തന്നെ

**ഇന്ത്യയിലെ ബ്രിട്ടീഷ് കോളനി വൽക്കരണത്തെ എതിർക്കാൻ ശക്തമായ നേതൃത്വം നൽകിയ 'വഹാബി'കളടക്കമുള്ള മുസ്‌ലിം ജന സാമാന്യത്തെ ഭിന്നിപ്പിക്കാൻ വേണ്ടിയാണ് വ്യാജ പ്രവാചകത്വ വാദവുമായി മിർസാ ഗുലാമിനെ ബ്രിട്ടീഷുകാർ എഴുന്നള്ളിക്കുന്നത്. എന്നാൽ രിസാലത്തിലുള്ള മുസ്‌ലിംകളുടെ ദൃഢബോധ്യം ഈ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തി. അത്തരമൊരു സാഹചര്യത്തെ മറികടന്ന് മുസ്‌ലിംകളെ ഭിന്നിപ്പിക്കാനാണ് ബറേൽവിയെ കൂട്ട് പിടിച്ച് ബ്രിട്ടീഷുകാർ പുതിയ ചിന്താധാര ഇറക്കുമതി ചെയ്യുന്നത്. ഈ ബറേൽവികളുടെ ഗ്രാന്റ് മുഫ്തിയായി 'അവരോധിതനായ'തിലൂടെ കാന്തപുരത്തിന്റെ ഇരട്ടത്താപ്പ് ലോകത്തിന് ബോധ്യപ്പെട്ടിരിക്കുകയാണ്.**

ബറേൽവി ആശയക്കാരായ വ്യത്യസ്ത ഗ്രൂപ്പുകൾ 2019 ഫെബ്രുവരിയിൽ ദില്ലിയിലെ രാംലീലാ മൈതാനിയിൽകൂടിയ ഗരീബ്നവാസ് പീസ് കോൺഫ്രൻസിൽ കേരളത്തിലെ മർക്കസ് സ്ഥാപകനും സുന്നികളെന്നവകാശപ്പെടുന്ന ബറേൽവി വിഭാഗത്തിന്റെ ആത്മീയ നേതാവുമായ കാന്തപുരം അബൂബക്കർ മുസ്‌ലിയാരെ അവരുടെ ഗ്രാന്റ് മുഫ്തിയായി പ്രഖ്യാപിച്ചു. മുൻ ഗ്രാന്റ് മുഫ്തി അഖ്തർ രിളാഖാൻ ബറേൽവിയുടെ നിര്യാണത്തെ തുടർന്നാണ് കാന്തപുരത്തെ ഈ സ്ഥാനത്തേക്ക് അവരോധിച്ചത്.(1) ഉത്തരേന്ത്യൻ ബറേൽവികളുടെ ആത്മീയ നേതാവ് മന്നാൻഖാൻ രിസ്‌വി ബറേൽവി പരമ്പരാഗത അടയാളമായ കാവി തലപ്പാവ് കാന്തപുരം മുസ്‌ലിയാരെ അണിയിച്ചു.(2)

കാന്തപുരത്തിനെപ്പോലെയുള്ള ഒരാൾ ഈ പദവിയിലേക്ക് എത്തുന്നതോടെ സങ്കീർണ ഘട്ടത്തിൽ ഇന്ത്യൻ മുസ്‌ലിംകൾക്ക് ആത്മവിശ്വാസം പകരാൻ കാരണമാകുമെന്നുമാണ് കേരളത്തിലെ ബറേൽവി വിഭാഗത്തിന്റെ നിഗമനം.(3)

കാലങ്ങളായി തിരശ്ശീലക്ക് പിന്നിൽനിന്ന് രംഗം കൊഴുപ്പിച്ചുകൊണ്ടിരുന്ന ഒരു ആത്മീയ നേതാവും അദ്ദേഹത്തിന്റെ അണികളും സ്വീകരിച്ചുവരുന്ന സങ്കീർണമായ ചില നിലപാടുകളെപ്പറ്റി ഏറെ ആശങ്കയിലും നിരാശയിലും കഴിഞ്ഞുവന്ന മുസ്‌ലിം സമൂഹത്തിന് കൃത്യമായ തിരിച്ചറിവും ജാഗ്രതയും മുൻകരുതലും നൽകുന്നതാണ് ദില്ലിയിലെ രാംലീലാ മൈതാനിയിൽ നടന്ന ഈ കിരീടധാരണ ചടങ്ങെന്ന് ആരെങ്കിലും നിരീക്ഷിച്ചാൽ, ആ നിരൂപണത്തെ തൽക്കാലം അധിക്ഷേപിക്കാൻ ചാൻസില്ലെന്നതാണ് വാസ്തവം.

കേരളത്തിലെ സുന്നികൾ എന്നവകാശപ്പെടുന്ന ഈ വിഭാഗങ്ങൾ അക്ഷരാർഥത്തിൽ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ബറേൽവി വിഭാഗത്തിന്റെ യഥാർഥ പതിപ്പാണെന്ന് തുറന്നുപറയുന്നവരെ സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്ന അവസ്ഥക്ക് തിരശ്ശീല വീഴുകയാണ് കാന്തപുരം മുസ്‌ലിയാരുടെ ഈ തുറന്ന പ്രഖ്യാപനത്തോടെയെന്ന സന്തോഷകരമായ മറുവശം പ്രകടമായിട്ടുണ്ട്. ഇവർ യഥാർഥത്തിൽ അഹ്മദ് രിളാഖാൻ ബറേൽവിയുടെ പിൻഗാമികളും തായ്‌വഴികളുമാണെന്ന് തുറന്നുപറഞ്ഞാൽ, ആ പറയുന്നവരെ സംശയത്തോടെ വീക്ഷിക്കുന്ന ഒരവസ്ഥ കേരളത്തിലെ ബറേൽവി സുന്നികൾക്കിടയിൽതന്നെ സാധാരണമായിരുന്നു.

എന്നാൽ ഞങ്ങൾ ബറേൽവികളാണെന്നും അഹ്മദ് രിളാഖാൻ ബറേൽവി ഞങ്ങളുടെ ആത്മീയ നേതാവും സനദും മുർഷിദും ശൈഖുമാണെന്ന് സധൈര്യം തുറന്നുപറഞ്ഞ 'സുസുന്നി'കളും ഇല്ലാതെയില്ല. കേരളത്തിലെ മുസ്‌ലിം സമൂഹത്തിന്റെ ബറേൽവി ബന്ധം സ്ഥാപിച്ചുകൊണ്ടും അഹ്മദ് രിളാഖാൻ ബറേൽവിയും അഹ്മദ് കോയാ ശാലിയാത്തിയും തമ്മിലുണ്ടായിരുന്ന ഗുരുശിഷ്യബന്ധം ഉയർത്തിക്കാട്ടിയും പ്രമുഖ ബറേൽവി-സുന്നി നേതാവും കാരന്തൂർ വിഭാഗത്തിന്റെ മുഖ്യപ്രചാരകനുമായ ഷാഹുൽഹമീദ് ബാഖവി ശാന്തപുരം എഴുതുന്നു: "ആരാണ് ബറേൽവികളെന്ന ചോദ്യത്തിന് നാം തന്നെയാണെന്ന് ഒറ്റവാക്കിൽ ഉത്തരം നൽകും. നൂറുശതമാനം ശരിയായ ഉത്തരം. ഇത് പറയുമ്പോൾ പലർക്കും ദഹനക്കേട് സംഭവിച്ചേക്കാം. പക്ഷേ, നിഷ്പക്ഷ മനസ്കതയോടെ സത്യം മനസ്സിലാക്കുവാൻ ശ്രമിക്കുക. ഈ ഗ്രന്ഥം ഒരാവർത്തിയെങ്കിലും വായിക്കുക."

"കൂടുതലൊന്നും വിശദീകരിക്കേണ്ട. കേരളീയ സുന്നികളുടെ ആധികാരിക മതസംഘടനയാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ. അതിന്റെ കീഴ്ഘടകമായ എസ്.വൈ.എസ്സും വിദ്യാഭ്യാസ ബോർഡും മറ്റും ഉപയോഗിച്ചുവരുന്ന റൗളാങ്കിത ത്രിവർണ പതാകയുടെ അടിസ്ഥാനം നാം അറിഞ്ഞിട്ടില്ല. അതിനെക്കുറിച്ചറിയുമായിരുന്നുവെങ്കിൽ ബറേൽവികളുടെ കൊടിപിടിച്ച് സുന്നികളുടെ ശബ്ദം മുഴക്കി അവരെ എതിർക്കുമായിരുന്നില്ല."

"പൂർവകാല സമസ്ത നേതാക്കളോട് ചോദിക്കൂ. അഹ്മദ് കോയാ ശാലിയാത്തിയുടെ ചരിത്രം വായിക്കൂ! അവിടുത്തെ മഹത്തായ ഗ്രന്ഥശേഖരങ്ങൾ പരിശോധിക്കൂ. അപ്പോൾ മന



**കേരളത്തിലെ സുന്നികൾ എന്നവകാശപ്പെടുന്ന ഈ വിഭാഗങ്ങൾ അക്ഷരാർഥത്തിൽ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ബറേൽവി വിഭാഗത്തിന്റെ യഥാർഥ പതിപ്പാണെന്ന് തുറന്നുപറയുന്നവരെ സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്ന അവസ്ഥക്ക് തിരശ്ശീല വീഴുകയാണ് കാന്തപുരം മുസ്‌ലിയാരുടെ ഈ തുറന്ന പ്രഖ്യാപനത്തോടെയെന്ന സന്തോഷകരമായ മറുവശം പ്രകടമായിട്ടുണ്ട്. ഇവർ യഥാർഥത്തിൽ അഹ്മദ് രിളാഖാൻ ബറേൽവിയുടെ പിൻഗാമികളും തായ്‌വഴികളുമാണെന്ന് തുറന്നുപറഞ്ഞാൽ, ആ പറയുന്നവരെ സംശയത്തോടെ വീക്ഷിക്കുന്ന ഒരവസ്ഥ കേരളത്തിലെ ബറേൽവി സുന്നികൾക്കിടയിൽ തന്നെ സാധാരണമായിരുന്നു.**

സ്സിലാകും നമുക്ക് ഇതുവരെ മനസ്സിലായിട്ടില്ലാത്ത പലതും. സുന്നി യുവജനസംഘം സംസ്ഥാന കൗൺസിൽ യോഗം നടക്കുമ്പോൾ ഈ വിനീതൻ അങ്ങോട്ടു ക്ഷണിക്കപ്പെട്ടു. എന്നോട് ആദ്യമായി ചോദിക്കപ്പെട്ടത് സമസ്തയുടെ കൊടിയിൽ ചന്ദ്രക്കലക്ക് പുറമെ നക്ഷത്രമുണ്ടോ എന്നായിരുന്നു. ആദ്യമായി ഒരു സംഘടനയുടെ മീറ്റിംഗിൽ പങ്കെടുക്കുന്ന നവാഗതനോട് സംഘടനയുടെ ഉത്ഭവകാലം മുതൽക്കുള്ള ഒരു സംശയം ചോദിക്കുകയോ? ആരും അത്ഭുതപ്പെടും."

"എന്നാൽ ഒരുവർഷത്തോളം 'ബറേൽലി' എന്ന സ്ഥലത്ത് കഴിഞ്ഞുകൂടിയ എനിക്കതിന്ന് ഉത്തരം ചെയ്യാൻ നിഷ്പ്രയാസം കഴിഞ്ഞു. കാരണം എസ്.വൈ.എസ് അംഗീകരിച്ച കൊടി ബറേൽവി ശരീഫിലെ ഇമാം അഹ്മദ് റസാഖാന്റെ ദർഗാ ശരീഫിനുള്ളിലും പുറത്തും ബോംബെയിലും ലോകത്തിന്റെ നാനാ ഭാഗത്തുള്ള ബറേൽവികളുടെ ഓഫീസുകളിലും സദസ്സുകളിലും പുണ്യസ്ഥലങ്ങളിലുമെല്ലാം കാണുന്ന പതാകതന്നെയാണ് നമ്മുടെ പതാക. അവരും നമ്മളും കർമ്മപരമായി ഹനഫി, ശാഫിഈ എന്ന വ്യത്യാസം മാറ്റി നിർത്തിയാൽ വിശ്വാസപരമായി ഒന്ന് തന്നെയാണ്."

''തബ്‌ലീഗ്, വഹാബി, മൗദൂദി തുടങ്ങിയ അവാന്തര വർഗങ്ങളെ തുറന്നെതിർക്കാനും സുന്നിസം തുറന്ന് പറയാനും നമുക്ക് ഊർജ്ജവും ആർജ്ജവവും നൽകിയ അബുസഅ്ദാത്ത് ശൈഖ് ശിഹാബുദ്ദീൻ അഹ്മദ് കോയാ ശാലിയാത്തി അതിനുള്ള അറിവും ആവേശവും നേടിയെടുത്തത് ഇമാമെ അഹ്‌ലുസ്സുന്ന: അഅ്‌ലാ ഹസ്രത്ത് ഇമാം അഹ്മദ് രിളാഖാൻ ഫാസിൽ ബറേൽവിയുടെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ടാണ്. ഹനഫി ഫിഖ്ഹിലുള്ള കിതാബുകൾ ഓതി മഹാനവർകൾ സനദ് വാങ്ങിയത് ഇമാം അഹ്മദ് റസായിൽ നിന്നാണെന്ന് തന്റെ സനദുകൾ വിവരിക്കുന്ന ഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ട്"(ഫതാവാ അസ്ഹരിയ്യ: പേജ്: 15).

"മർഹൂം ശാലിയാത്തി ആ കാലഘട്ടത്തിൽ ദയൂബന്ദിൽനിന്നും മറ്റും പൊട്ടിപ്പുറപ്പെട്ട പുത്തനാശയക്കാരെ ഖണ്ഡിക്കുവാൻ അഹ്മദ് രിളായിൽനിന്ന് പ്രത്യേക പരിശീലനം നേടി. ചാലിയത്തെ അസ്ഹരിയ്യ ഖുതുബ്ഖാനയിൽ ഇമാം അഹ്മദ് രിളാഖാന്റെ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം സംഘടിപ്പിച്ചു സൂക്ഷിച്ചിട്ടുണ്ട്. അതോടൊപ്പം പുത്തൻവാദികളുടെ പുസ്തകങ്ങൾക്ക് പ്രസ്തുത കിതാബുകളുടെ വെളിച്ചത്തിൽ മറുപടിയും എഴുതിവെച്ചു. ആ ഫത്‌വകളും അവിടുന്ന് എഴുതിവെച്ച ഖണ്ഡനഭാഗങ്ങളുമാണ് നാം ഉത്പതിഷ്ണുക്കളെ എതിർക്കാനും സുന്നിസം നിലനിർത്താനും ഉപയോഗിക്കുന്നത്. എന്നു പറഞ്ഞാൽ കേരളത്തിൽ സുന്നത്തു ജമാഅത്തിന് കോട്ടമേൽക്കാതെ, സംരക്ഷിച്ച് നിലനിർത്തിയതിൽ ഇമാം അഹ്മദ് രിളാഖാന്റെ പങ്ക് നിഷേധിക്കാവുന്നതല്ല. ഇതൊന്നും ചിന്തിക്കുകയോ മനസ്സിലാക്കുകയോ ചെയ്യാതെ ദയൂബന്ധികളും മറ്റും കുപ്രചരണം നടത്തിയ പച്ചക്കളവ് കേട്ട് സ്വന്തം കഴുത്തിൽ കത്തി താഴ്ത്തുന്ന പണി, പ്രിയപ്പെട്ട സുന്നി കേരളമേ! നമുക്ക് ക്ഷന്തവ്യമല്ല."[4]



**കർമപരമായും വിശ്വാസപരമായും ബറേൽവി നെറ്റ്‌വർക്കുമായി വ്യക്തമായ പൊക്കിൾകൊടി ബന്ധം കേരളത്തിലെ സുന്നികളെന്നവകാശപ്പെടുന്ന ബറേൽവികൾക്ക് തുടക്കംമുതൽ ഉണ്ടെങ്കിലും ഞങ്ങൾ ആദർശപരമായി അഹ്മദ് രിളാഖാനെ ആത്മീയ നേതാവായി സ്വീകരിച്ചവരാണെന്ന് അങ്ങോട്ട് സധൈര്യം തുറന്നുപറയാനുള്ള ചങ്കൂറ്റം ഇക്കൂട്ടർക്ക് ഉണ്ടായിരുന്നില്ല. അതിന്റെ മുഖ്യകാരണം, ബറേൽവി നേതാവ് സ്വീകരിച്ചുവന്ന തികച്ചും വികലവും ബാലിശവുമായ ചില നിലപാടുകൾ ആയിരുന്നു. ബറേൽവികൾ അല്ലാത്ത എല്ലാ മുസ്‌ലിം വിഭാഗത്തെയും അവരുടെ നേതാക്കളെയും കാഫിറുകളും മുർത്തദ്ദുകളുമായി മുദ്രയടിക്കുന്ന ബറേൽവി സംസ്‌കാരത്തെ തുറന്നമനസ്സോടെ സ്വാഗതം ചെയ്യാനുള്ള മനസ്സ് കേരളത്തിലെ ആദ്യകാല മുസ്‌ലിംകൾക്ക് ഇല്ലായിരുന്നുവെന്ന് സാരം.**

അഹ്മദ് രിളാഖാൻ ബറേൽവിയെപ്പറ്റി ആധികാരികമായും ആദ്യമായും മലയാളത്തിൽ പ്രത്യക്ഷപ്പെട്ട രചനയെന്ന നിലയിൽ ഏറെ പ്രാധാന്യം അർഹിക്കുന്നുണ്ട് ഈ പുസ്തകം. മാത്രവുമല്ല, രചയിതാവ് ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ കർമപരമായും വിശ്വാസപരമായും ബറേൽവി നെറ്റ്‌വർക്കുമായി വ്യക്തമായ പൊക്കിൾകൊടി ബന്ധം കേരളത്തിലെ സുന്നികളെന്നവകാശപ്പെടുന്ന ബറേൽവികൾക്ക് തുടക്കംമുതൽ ഉണ്ടെങ്കിലും ഞങ്ങൾ ആദർശപരമായി അഹ്മദ് രിളാഖാനെ ആത്മീയ നേതാവായി സ്വീകരിച്ചവരാണെന്ന് അങ്ങോട്ട് സധൈര്യം തുറന്നുപറയാനുള്ള ചങ്കൂറ്റം ഇക്കൂട്ടർക്ക് ഉണ്ടായിരുന്നില്ല. അതിന്റെ മുഖ്യകാരണം, ബറേൽവി നേതാവ് സ്വീകരിച്ചുവന്ന തികച്ചും വികലവും ബാലിശവുമായ ചില നിലപാടുകൾ ആയിരുന്നു. ബറേൽവികൾ അല്ലാത്ത എല്ലാ മുസ്‌ലിം വിഭാഗത്തെയും അവരുടെ നേതാക്കളെയും കാഫിറുകളും മുർത്തദ്ദുകളുമായി മുദ്രയടിക്കുന്ന ബറേൽവി സംസ്‌കാരത്തെ തുറന്നമനസ്സോടെ സ്വാഗതം ചെയ്യാനുള്ള മനസ്സ് കേരളത്തിലെ ആദ്യകാല മുസ്‌ലിംകൾക്ക് ഇല്ലായിരുന്നുവെന്ന് സാരം.

ബറേൽവി ആശയ ആദർശങ്ങൾ കേരളത്തിന്റെ മുക്കിലും മൂലയിലും പ്രചരിപ്പിക്കാൻ ഏറെ ത്യാഗങ്ങൾ സഹിച്ച 'അഅ്‌ലാ ഹസ്രത്ത് ഇമാം അഹ്മദ് രിളാഖാന്റെ ശിഷ്യത്വം സ്വീകരിച്ച് കേരളത്തിൽ സുന്നത്ത് ജമാഅത്ത് പ്രചരിപ്പിച്ച ശിഹാബുദ്ദീൻ അഹ്മദ് കോയാ ശാലിയാത്തി, ബറേൽവി സാഹിബിനെ മനസ്സിലാക്കുകയും പിന്തുടരുകയും ചെയ്ത അണ്ടോണ മുഹ്‌യിദ്ദീൻ മുസ്‌ലിയാർ ബാഖവി' എന്നിവരുടെ പാവനസ്മരണക്ക് മുമ്പിലാണ് ഈ ക്ഷുദ്ര കൃതി സമർപ്പിക്കപ്പെട്ടിരിക്കുന്നത്!

അന്ധകാര നിബിഢമായ ജീവിതം നയിച്ചിരുന്ന വടക്കേ ഇന്ത്യയിലെ മുസ്‌ലിം സമൂഹത്തെ സംസ്‌ക്കരിക്കാനും പരിഷ്‌ക്കരിക്കാനും പ്രമുഖന്മാരായ അഹ്‌ലുൽഹദീഥ് പണ്ഡിത കേസരികൾ രംഗത്തുവന്ന സാഹചര്യത്തിലാണ് ബറേൽവി സാഹിബ് എഴുന്നുള്ളിയത്. ഇബ്‌നു അബ്ദുൽ വഹാബിന്റെ പരിഷ്‌ക്കരണ പ്രവർത്തനങ്ങളെ സ്വാഗതം ചെയ്തവരും അതിന്റെ വക്താക്കളും പ്രചാരകരുമായിരുന്ന ഷാഹ് ഇസ്മാഈൽ അദ്ദഹ്‌ലവി(റഹ്)യും ശിഷ്യന്മാരും പ്രചരിപ്പിച്ച തൗഹീദി ആദർശങ്ങളെ വികലമാക്കുകയും ഭരണവർഗമായ ബ്രിട്ടീഷുകാരുടെ കോളനിവാഴ്ചക്ക് അനുകൂലമായി മതവിധികൾ പതിച്ചുനൽകുകയും ചെയ്ത ബറേൽവി സാഹിബിനെ കേരള മുസ്‌ലിംകൾ പരിചയപ്പെടാൻ വൈകിയതിൽ ആമുഖക്കാരന് ഏറെ ഖേദവും പ്രയാസവും ഉള്ളതായും 'പണ്ഡിതന്മാരിൽ പലരും തെറ്റുധാരണയോടെയായിരുന്നു ആ മഹാനെ വീക്ഷിച്ചതെന്നും സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ ആശയാദർശങ്ങളുമായി നൂറുശതമാനം യോജിപ്പുള്ള പ്രസ്ഥാനമാണ് ബറേൽവി മൂവ്‌മെന്റ്' എന്നും ആമുഖക്കാരൻ ഗുഡ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

**മിർസാഗുലാമിനെക്കാൾ ഒരുപടികൂടി കടന്ന് വ്യാപകമായ നിലയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്ന ആശയങ്ങളുമായി കടന്നുവന്ന അഹ്മദ് രിളാഖാൻ ബറേൽവിയെ(1865–1921) ബ്രിട്ടൺ ചുവന്ന പരവതാനി വിരിച്ച് സ്വാഗതം ചെയ്തു. ക്വബ്‌റുകൾ, മക്വാമുകൾ, ത്വരീക്വത്ത്, സ്വൂഫിസം തുടങ്ങിയ ബ്രിട്ടീഷ്/ക്രൈസ്തവ സമൂഹത്തിനനുകൂലമായ എല്ലാ മാറാലകളും ബറേൽവിയുടെ ഭണ്ഡാരത്തിലുണ്ടായിരുന്നതിനാൽ അവർ ബറേൽവിയുടെ കടന്നുവരവിനെ ഹാർദമായി എതിരേറ്റു. ബറേൽവികളോട് അനുകൂല മനഃസ്ഥിതിയില്ലാത്ത നദ്‌വത്തുൽ ഉലമ, ദാറുൽഉലൂം ദയൂബന്ദ്, അഹ്‌ലുൽ ഹദീഥ്തുടങ്ങിയ വിഭാഗത്തിൽപെട്ട എല്ലാവരെയും കാഫിറുകളും മുർതദ്ദുകളുമായി മതവിധിനൽകിയ ബറേൽവിയുടെ കടന്നുവരവിനെ ബ്രിട്ടൻ ശരിക്കും ആസ്വദിക്കുകയും ആഘോഷിക്കുകയും ചെയ്തു.**



### ബറേൽവിസം: മിർസാ ഖാദിയാനിക്ക് ശേഷം ബ്രിട്ടൺ കണ്ടെത്തിയ മുത്ത്

ഇന്ത്യാ മഹാരാജ്യത്ത് സ്വാതന്ത്ര്യ സമരം കൊടുമ്പിരികൊള്ളുമ്പോൾ വഹാബികളായി മുദ്രയടിക്കപ്പെട്ടവരുടെ നിലപാട് എന്തായിരുന്നുവെന്ന ചോദ്യത്തിന് തന്നെ പ്രസക്തിയില്ല. കിരാതമായ ബ്രിട്ടീഷ് രാജിനെതിരിൽ ജനങ്ങളെ സംഘടിപ്പിക്കുകയും ശക്തമായ പോരാട്ടത്തിന് നേതൃത്വം നൽകുകയും ചെയ്ത മുസ്‌ലിം യോദ്ധാക്കൾ ബ്രിട്ടന്റെ കണ്ണിലെ കരടായിരുന്നു. വഹാബികളെന്ന് മുദ്രയടിക്കപ്പെട്ട മുസ്‌ലിം നേതാക്കളെ ജീവനോടെയോ അ

ല്ലാതെയോ പിടിച്ചുകൊടുക്കുന്നവർക്ക് ഇനാം പ്രഖ്യാപിക്കപ്പെട്ട സാഹചര്യങ്ങളെക്കുറിച്ച് ഇതിനുമുമ്പ് ചില ലേഖനങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ഒരു വിശദീകരണം കൂടി ആവശ്യമുണ്ടെന്ന് കരുതുന്നില്ല. ഏറനാട്ടിലെ പ്രമുഖ വഹാബി നേതാവായി മുദ്രയടിക്കപ്പെട്ട തയ്യിൽ മുഹമ്മദ്കുട്ടി മുസ്‌ലിയാർ (കെ.എം.മൗലവി സാഹിബ്) തെക്കൻ കേരളത്തിലേക്ക് പലായനം ചെയ്യാനുണ്ടായ സാഹചര്യംതന്നെ ബ്രിട്ടീഷ് ഭീഷണിയായിരുന്നു. വഹാബികളാണ് ഇന്ത്യയിലെ തങ്ങളുടെ ഒന്നാമത്തെ പ്രതിസന്ധിയെന്ന് വിവിധകാലങ്ങളിൽ ഇവിടെ ഗവർണർമാരായി പദവി അലങ്കരിച്ചിരുന്ന ബ്രിട്ടീഷ് ജനറലുമാർ തങ്ങളുടെ നേതാക്കൾക്ക് അയച്ചിരുന്ന ആധികാരിക രേഖകളിലും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഇതേസമയംതന്നെ ബ്രിട്ടീഷ് അധികാരികളെ തൃപ്തിപ്പെടുത്തി അവരുടെ പൊരുത്തവും ഗുരുത്വവും നേടി സാമ്പത്തികമായും ഭൗതികമായും തങ്ങളുടെ അധികാരക്കസേരകളും സ്ഥാനമാനങ്ങളും സുരക്ഷിതമാക്കിയ ചില വക്രബുദ്ധികളും ചരിത്രത്തിന്റെ ഭാഗമാണ്. കൊട്ടാര സമാനമായ ജീവിത സൗകര്യങ്ങൾ, ഖാൻ ബഹാദൂർ, സർ പദവികൾ, സർക്കാർ ഖജനാവിലെ പെൻഷൻ, വീട്ടിലേക്ക് രാജവീഥി തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ ഇക്കൂട്ടർ സ്വീകരിച്ചുവന്ന വഞ്ചനാപരമായ നിലപാടുകളിലൂടെ സമ്പാദിച്ചെടുത്തു.

എങ്ങനെയും ഇന്ത്യയിൽ അധികാരം നിലനിർത്തുകയെന്നതായിരുന്നു ബ്രിട്ടന്റെ ലക്ഷ്യം. കാരണം അധിനിവേശത്തിന്റെ പൂർവകാല ചരിത്രം പരിശോധിച്ചാൽ ഇന്ത്യയെപ്പോലെ നാനാരംഗത്തും ആദായകരമായ ഒരു ചക്കരക്കുടത്തിൽ അവർ ഇതിന് മുമ്പ് കൈ ഇട്ടിട്ടില്ലായിരുന്നു. അതിനാൽ ഈ നാടിനെ പരമാവധി ചൂഷണം ചെയ്ത് ബ്രിട്ടനെ തടിച്ചുകൊഴുപ്പിക്കലായിരുന്നു അവരുടെ ലക്ഷ്യം. ഇസ്‌ലാമിക വിശ്വാസവും ജിഹാദിന്റെ അഭിനിവേശവും ജന്മനാതന്നെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ഇന്ത്യയിലെ മുസ്‌ലിം സമൂഹത്തെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷുകാരുടെ പലനിലപാടുകളും വിശ്വാസപരമായി തന്നെ യോജിക്കാൻ സാധിക്കാത്ത തരത്തിലുള്ളവയായിരുന്നു. പന്നിയുടെ കൊഴുപ്പ് ആയുധങ്ങളിൽ ഉപയോഗിക്കുന്നതും മുസ്‌ലിംകളുടെ മതസ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന സായിപ്പിന്റെ നികൃഷ്ടമായ നടപടികളും അനുനയത്തിന്റെ മാർഗം സ്വീകരിക്കാതിരിക്കാൻ അവരെ പ്രേരിപ്പിച്ചിട്ടുണ്ട്.

അതിക്രമികളായ ബ്രിട്ടീഷുകാരുടെ കിരാതവാഴ്ചക്കെതിരിൽ എറ്റവും ശക്തമായി രംഗത്തുണ്ടായിരുന്നത് ഇസ്‌ലാംമത വിശ്വാസികളായിരുന്നു. മുസ്‌ലിംകളുടെ പ്രേരണയും താൽപര്യവുമനുസരിച്ചാണ് മറ്റുള്ള സമൂഹങ്ങളും വൈദേശിക ആധിപത്യത്തെ നിർമാർജനം ചെയ്യാൻ മുന്നോട്ടുവരുന്നതെന്ന് മനസ്സിലാക്കിയ വൈദേശിക ശക്തികൾക്ക് മുസ്‌ലിം സമൂഹത്തിനിടയിൽ ഒരു ഭിന്നിപ്പ് അനിവാര്യമായിരുന്നു. ഈ സന്ദർഭത്തിലാണ് തേടിയവള്ളി കാലിൽ ചുറ്റിയ മാതിരി മിർസാ ഗുലാം അഹ്മദ് ഖാദിയാനി കടന്നുവരുന്നത്. താൻ നബിയാണന്നും വഹ്‌യും ഇൽഹാമും തനിക്കും ലഭിക്കുന്നുണ്ടെന്നും മിർസാഗുലാം പരസ്യമായി വാദിച്ചു. നിലവിലുണ്ടായിരുന്ന ബ്രിട്ടീഷ്‌രാജിന് അനുകൂലസാഹചര്യം സൃഷ്ടിക്കാൻ സഹായകമാകുന്ന നിലയിൽ മിർസാ നിരവധി മതവിധികൾ നൽകി ബ്രിട്ടീഷ് ഭരണകൂടത്തെ സപ്പോർട്ട് ചെയ്തു. ഭരണകൂടത്തിനെതിരിലുള്ള വിപ്ലവങ്ങളും സമരങ്ങളും റദ്ദുചെയ്തുകൊണ്ടുള്ള ഫത്‌വ മിർസാഗുലാം നൽകി. തനിക്ക് ദിവ്യബോധനം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് പറയുന്നതെന്നായിരുന്നു മിർസയുടെ പ്രഖ്യാപനം!

ശക്തമായ മുസ്‌ലിം പ്രതിരോധത്തെ അഭിമുഖീകരിച്ച് ശ്വാസംമുട്ടി കഴിഞ്ഞിരുന്ന ബ്രിട്ടീഷുകാർക്ക്

**പ്രവാചകന്മാർക്ക് മാത്രം ലഭ്യമാകുന്ന നുബുവ്വത്തും രിസാലത്തും ഇനി മറ്റൊരാൾക്കും ഒരിക്കലും ലഭ്യമാകില്ലെന്ന് മുസ്‌ലിംസമൂഹം ഐക്യകണ്ഠേന വിശ്വസിക്കുന്ന സാഹചര്യത്തിൽ ആ വാദവുമായി രംഗത്തുവരുന്ന വ്യക്തി എത്രകണ്ട് ഉന്നതനായിരുന്നാലും ശരി അയാളെ മുസ്‌ലിം സമൂഹം ലവലേശം അംഗീകരിക്കില്ലെന്ന് വൈകിയാണെങ്കിലും ബ്രിട്ടീഷ് അധികാരികൾക്ക് മനസ്സിലായി. ഇതിനെ തുടർന്നാണ് തികഞ്ഞ ആത്മീയതയുടെ മറപിടിച്ചുകൊണ്ട് ബറേൽവിയെ ഉയർത്തിക്കാട്ടി കാര്യലാഭമുണ്ടാക്കാൻ ബ്രിട്ടന്റെ ഭാഗത്തുനിന്നും ശ്രമങ്ങൾ ആരംഭിച്ചത്. ആത്മീയതയുടെ മേൽകുപ്പായമണിയുന്നവരെ, ജാറപൂജയിലും ജാഹിലിയ്യാ സംസ്‌കാരത്തിലും മുങ്ങിത്തപ്പിക്കഴിയുന്ന ഇന്ത്യൻ സമൂഹം ഹാർദമായി സ്വാഗതം ചെയ്യുമെന്നും അവർക്ക് ഉറപ്പുണ്ടായിരുന്നു.**

ഒരുപരിധിവരെ സഹായകമായിരുന്നു മിർസായുടെ പുതിയ വഹ്‌യുകളും ഇൽഹാമുകളും. പക്ഷേ, ഹനഫി മദ്ഹബിന് ഭൂരിപക്ഷമുണ്ടായിരുന്ന ഇന്ത്യൻ ഭൂമികയിൽ വ്യാജപ്രവാചകത്വവുമായി ഏറെ നാൾ പിടിച്ച് നിൽക്കാൻ മിർസാക്കോ, മിർസായുടെ വ്യാജവാദങ്ങളെ കോളനിവൽക്കരണത്തിന് അനുകൂലമാകുന്ന നിലയിൽ ഉപയോഗപ്പെടുത്താൻ ബ്രിട്ടീഷുകാർക്കോ സാധിച്ചില്ല. ജന്മനായുള്ള ഇസ്‌ലാമിക ആവേശവും പരിമിതമെങ്കിലും അവർ കരസ്ഥമാക്കിയിരുന്ന മതപരമായ അറിവുകളും മിർസായുടെ വ്യാജവാദങ്ങൾക്കെതിരിൽ ശക്തമായ നിലപാടുകൾ സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചു. പ്രഗത്ഭമതികളായ ഇന്ത്യൻ പണ്ഡിതന്മാരുടെ ദാർശനികമായ വിമർശനങ്ങൾ കൂടി ശക്തമായപ്പോൾ അവസാനം സായിപ്പിന് മിർസായെ കയ്യൊഴിയേണ്ടിവന്നു.

പ്രവാചകന്മാർക്ക് മാത്രം ലഭ്യമാകുന്ന നുബുവ്വത്തും രിസാലത്തും ഇനി മറ്റൊരാൾക്കും ഒരിക്കലും ലഭ്യമാകില്ലെന്ന് മുസ്‌ലിംസമൂഹം ഐക്യകണ്ഠേന വിശ്വസിക്കുന്ന സാഹചര്യത്തിൽ ആ വാദവുമായി രംഗത്തുവരുന്ന വ്യക്തി എത്രകണ്ട് ഉന്നതനായിരുന്നാലും ശരി അയാളെ മുസ്‌ലിം സമൂഹം ലവലേശം അംഗീകരിക്കില്ലെന്ന് വൈകിയാണെങ്കിലും ബ്രിട്ടീഷ് അധികാരികൾക്ക് മനസ്സിലായി. ഇതിനെ തുടർന്നാണ് തികഞ്ഞ ആത്മീയതയുടെ മറപിടിച്ചുകൊണ്ട് ബറേൽവിയെ ഉയർത്തിക്കാട്ടി കാര്യലാഭമുണ്ടാക്കാൻ ബ്രിട്ടന്റെ ഭാഗത്തുനിന്നും ശ്രമങ്ങൾ ആരംഭിച്ചത്. ആത്മീയതയുടെ മേൽകുപ്പായമണിയുന്നവരെ, ജാറപൂജയിലും ജാഹിലിയ്യാ സംസ്‌കാരത്തിലും മുങ്ങിത്തപ്പിക്കഴിയുന്ന ഇന്ത്യൻ സമൂഹം ഹാർദമായി സ്വാഗതം ചെയ്യുമെന്നും അവർക്ക് ഉറപ്പുണ്ടായിരുന്നു.

ഈ സാഹചര്യത്തിലാണ് ബ്രിട്ടണ് ഏറ്റവും പറ്റിയ ഏജന്റായി അവർ ബറേൽവി സാഹിബിനെ തെരഞ്ഞെടുത്തത്. മിർസാഗുലാമിനെക്കാൾ ഒരുപടികൂടി കടന്ന് വ്യാപകമായ നിലയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്ന ആശയങ്ങളുമായി കടന്നുവന്ന അഹ്മദ് രിളാഖാൻ ബറേൽവിയെ(1865-1921) ബ്രിട്ടൺ ചുവന്ന പരവതാനി വിരിച്ച് എതിരേറ്റു. ഖബ്‌റുകൾ, മക്വാമുകൾ, ത്വരീകത്ത്, സ്വൂഫിസം തുടങ്ങിയ ബ്രിട്ടീഷ്/ക്രൈസ്തവ സമൂഹത്തിനനുകൂലമായ എല്ലാ മാറാലകളും ബറേൽവിയുടെ ഭണ്ഡാരത്തിലുണ്ടായിരുന്നതിനാൽ അവർ ബറേൽവിയുടെ കടന്നുവരവിനെ ഹാർദമായി സ്വാഗതം ചെയ്തു. ബറേൽവികളോട് അനുകൂല മനഃസ്ഥിതിയില്ലാത്ത നദ്‌വത്തുൽ ഉലമ, ദാറുൽഉലൂം ദയൂബന്ദ്, അഹ്‌ലുൽ ഹദീഥ്തുടങ്ങിയ വിഭാഗത്തിൽപെട്ട എല്ലാവരെയും കാഫിറുകളും മുർതദ്ദുകളുമായി മതവിധിനൽകിയ ബറേൽവിയുടെ കടന്നുവരവിനെ ബ്രിട്ടൻ ശരിക്കും ആസ്വദിക്കുകയും ആഘോഷിക്കുകയും ചെയ്തു.

**ശക്തമായ മുസ്‌ലിം പ്രതിരോധത്തെ അഭിമുഖീകരിച്ച് ശ്വാസംമുട്ടി കഴിഞ്ഞിരുന്ന ബ്രിട്ടീഷുകാർക്ക് ഒരുപരിധിവരെ സഹായകമായിരുന്നു മിർസായുടെ പുതിയ വഹ്‌യുകളും ഇൽഹാമുകളും. പക്ഷേ, ഹനഫി മദ്ഹബിന് ഭൂരിപക്ഷമുണ്ടായിരുന്ന ഇന്ത്യൻ ഭൂമികയിൽ വ്യാജപ്രവാചകത്വവുമായി ഏറെ നാൾ പിടിച്ച് നിൽക്കാൻ മിർസാക്കോ, മിർസായുടെ വ്യാജവാദങ്ങളെ കോളനിവൽക്കരണത്തിന് അനുകൂലമാകുന്ന നിലയിൽ ഉപയോഗപ്പെടുത്താൻ ബ്രിട്ടീഷുകാർക്കോ സാധിച്ചില്ല. ജന്മനായുള്ള ഇസ്‌ലാമിക ആവേശവും പരിമിതമെങ്കിലും അവർ കരസ്ഥമാക്കിയിരുന്ന മതപരമായ അറിവുകളും മിർസായുടെ വ്യാജവാദങ്ങൾക്കെതിരിൽ നിലപാടുകൾ സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചു.**

ബ്രിട്ടന്റെ കിരാതമായ നടപടികൾക്കെതിരിൽ സന്ധിയില്ലാതെ സമരം ചെയ്ത അഹ്‌ലുൽ ഹദീസ്/വഹാബി പണ്ഡിതന്മാർ ഇസ്‌ലാമിന് പുറത്താണെന്ന ബറേൽവിയുടെ മതവിധിക്ക് ഇന്ത്യക്കകത്തും പുറത്തും വ്യാപകമായ പ്രചാരണം നൽകാൻ ബ്രിട്ടൻ തന്നെ മുൻകയ്യെടുത്തു. ഇത് തന്നെയാണ് കാത്തിരുന്ന 'മിശിഹ'യെന്ന് തിരിച്ചറിഞ്ഞ ബ്രിട്ടൻ, ബറേൽവിയുടെ സമഗ്രവളർച്ചക്ക് ആവശ്യമായ വെള്ളവും വളവും വെളിച്ചവും നൽകി. നൽകിയ ഉപകാരങ്ങൾക്ക് യഥാസമയങ്ങളിൽ ആവശ്യമായ പ്രത്യുപകാരം നൽകാൻ ബറേൽവികളും ശ്രദ്ധാലുക്കളായിരുന്നു. ബ്രിട്ടനുമായി മുഷിഞ്ഞുനിൽക്കുന്നവരെയെല്ലാം മതപരിത്യാഗികളാക്കി മുദ്രയടിച്ചുകൊണ്ടുള്ള ബറേൽവികളുടെ മതവിധികൾ ബ്രിട്ടീഷ് സിംഹാസനത്തിന് ആവശ്യമായ മൈലേജ് സമ്മാനിച്ചു.

**റഫറൻസസ്:**

1. http://www.sirajlive.com/2019/02/28/356030.html

2. http://www.sirajlive.com/2019/03/01/356154.html

3. മാർച്ച്1, 2019; സിറാജ് ദിനപ്പത്രം, മുഹമ്മദ് മുനീബ് എഴുതിയ ലേഖനത്തിൽനിന്ന്.

4. ഷാഹുൽ ഹമീദ് ബാഖവി, ശാന്തപുരം എഴുതി എസ്.വൈ.എസ് ബുക്സ് പ്രസിദ്ധീകരിച്ച അഹ്മദ് റസാഖാൻ ബറേൽവി എന്ന പുസ്തകത്തിൽനിന്നും. അച്ചടി: ഏപ്രിൽ: 1995. **(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം





അധ്യായം: 80, ഭാഗം: 1

# അബസ (മുഖം ചുളിച്ചു)

മക്കയിൽ അവതരിച്ചത്

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

عَبَسَ وَتَوَلَّىٰٓ ﴿١﴾ أَن جَآءَهُ ٱلْأَعْمَىٰ ﴿٢﴾ وَمَا يُدْرِيكَ
لَعَلَّهُۥ يَزَّكَّىٰٓ ﴿٣﴾ أَوْ يَذَّكَّرُ فَتَنفَعَهُ ٱلذِّكْرَىٰٓ ﴿٤﴾ أَمَّا

1. അദ്ദേഹം മുഖംചുളിച്ചു തിരിഞ്ഞുകളഞ്ഞു.
2. അദ്ദേഹത്തിന്റെ (നബിയുടെ) അടുത്ത് ആ അന്ധൻ വന്നതിനാൽ.
3. (നബിയേ,) നിനക്ക് എന്തറിയാം? അയാൾ (അന്ധൻ) ഒരുവേള പരിശുദ്ധി പ്രാപിച്ചേക്കാമല്ലോ.

4. അല്ലെങ്കിൽ ഉപദേശം സ്വീകരിക്കുകയും ആ ഉപദേശം അയാൾക്ക് പ്രയോജനപ്പെടുകയും ചെയ്തേക്കാമല്ലോ.

5. എന്നാൽ സ്വയം പര്യാപ്തത നടിച്ചവനാകട്ടെ,

6. നീ അവന്റെ നേരെ ശ്രദ്ധ തിരിക്കുന്നു.

7. അവൻ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നതിനാൽ നിനക്കെന്താണ് കുറ്റം?

8. എന്നാൽ നിന്റെ അടുക്കൽ ഓടിവന്നവനാകട്ടെ;

9. (അല്ലാഹുവെ) അവൻ ഭയപ്പെടുന്നവനായിക്കൊണ്ട്.

10. അവന്റെ കാര്യത്തിൽ നീ അശ്രദ്ധ കാണിക്കുന്നു.

أَوْ يَذَّكَّرُ فَتَنفَعَهُ ٱلذِّكْرَىٰٓ ﴿٤﴾ أَمَّا
مَنِ ٱسْتَغْنَىٰ ﴿٥﴾ فَأَنتَ لَهُۥ تَصَدَّىٰ ﴿٦﴾ وَمَا عَلَيْكَ
أَلَّا يَزَّكَّىٰ ﴿٧﴾ وَأَمَّا مَن جَآءَكَ يَسْعَىٰ ﴿٨﴾ وَهُوَ يَخْشَىٰ
﴿٩﴾ فَأَنتَ عَنْهُ تَلَهَّىٰ ﴿١٠﴾ كَلَّآ إِنَّهَا تَذْكِرَةٌ ﴿١١﴾

1-2) ഈ പരിശുദ്ധ വചനങ്ങൾ ഇറങ്ങാൻ കാരണം: വിശ്വാസികളിൽ പെട്ട ഒരു അന്ധൻ നബിﷺയോട് ചോദിക്കാനും പഠിക്കാനും വേണ്ടി വന്നു. അതേസമയം സമ്പന്നനായ മറ്റൊരുവനും വന്നു. അയാൾ സന്മാർഗത്തിലേക്കെത്താനുള്ള അതിയായ താൽപര്യത്താൽ നബിﷺ അയാളെ (ധനികനെ) ശ്രദ്ധിച്ചു. ദരിദ്രനായ അന്ധനിൽ നിന്നു തിരിഞ്ഞുകളഞ്ഞു. ധനികൻ സന്മാർഗത്തിലാകാനും ആത്മ സംസ്കരണം സ്വീകരിക്കാനും നബിﷺ ആഗ്രഹിച്ചു. അപ്പോഴാണ് അല്ലാഹു ഈ ലളിതമായ ആക്ഷേപം നടത്തിയത്. (ചുളിച്ചു) എന്നത് മുഖത്തും (തിരിഞ്ഞുകളഞ്ഞു) എന്നത് ശരീരത്തിലുമാണ്, അതായത് അന്ധൻ വന്ന കാരണത്താൽ. അന്ധനെ പരിഗണിക്കുന്നതിലുള്ള പ്രയോജനത്തെ കുറിച്ച് തുടർന്നു പറയുന്നു:

3. (നബിയേ) നിനക്കെന്തറിയാം. അയാൾ ആയേക്കാം). ആ അന്ധൻ (പരിശുദ്ധി പ്രാപിക്കുന്നവൻ). അതായത് മോശമായ സ്വഭാവങ്ങളിൽ നിന്ന് പരിശുദ്ധി പ്രാപിക്കുകയും മനോഹരമായ സ്വഭാവ ഗുണങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നവൻ ആയേക്കാമല്ലോ.

4-10). (അല്ലെങ്കിൽ ഉപദേശം സ്വീകരിക്കുകയും ആ ഉപദേശം അയാൾക്ക് പ്രയോജനപ്പെടുകയും ചെയ്താക്കമല്ലോ). ഉപകാരപ്പെടുന്നത് ഉൾക്കൊള്ളുകയും എന്നിട്ടത് പ്രയോജനപ്പെടുത്തുകയും ചെയ്യാമല്ലോ. ഇതൊരു വലിയ കാര്യമാണ്. പ്രവാചകൻമാരുടെ നിയോഗ ലക്ഷ്യമാണത്; ഉപദേശകന്മാർ ഉൽബോധിപ്പിക്കുന്നതും. അപ്പോൾ സ്വയം സന്നദ്ധനായി നിന്റെയടുത്തേക്ക് മുന്നിട്ടുവരുന്ന ഒരാൾ, അയാളാണ് ഉപദേശത്തിന് ഏറ്റവും അർഹൻ. ബാധ്യതയും അവനോട് തന്നെ.

**വിശ്വാസികളിൽ പെട്ട ഒരു അന്ധൻ നബിﷺയോട് ചോദിക്കാനും പഠിക്കാനും വേണ്ടി വന്നു. അതേസമയം സമ്പന്നനായ മറ്റൊരുവനും വന്നു. അയാൾ സന്മാർഗത്തിലേക്കെത്താനുള്ള അതിയായ താൽപര്യത്താൽ നബി(സ) അയാളെ (ധനികനെ) ശ്രദ്ധിച്ചു. ദരിദ്രനായ അന്ധനിൽ നിന്നു തിരിഞ്ഞുകളഞ്ഞു. അപ്പോഴാണ് അല്ലാഹു ഈ ലളിതമായ ആക്ഷേപം നടത്തിയത്.**

എന്നാൽ സ്വയം പര്യാപ്തത നടിക്കുന്ന ഒരു സമ്പന്നനിലേക്കാണ് നീ തിരിഞ്ഞത്. അവൻ ഉപദേശം ചോദിക്കാത്തവനും നന്മയിൽ ആഗ്രഹമില്ലാത്തവനുമാണ്. നീ ഉപേക്ഷിച്ചതാകട്ടെ, അവനെക്കാൾ പ്രാധാന്യം നൽകേണ്ട ഒരുത്തനെ. അത് നിനക്ക് യോജിച്ചതല്ല. അവൻ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നത് കൊണ്ട് നിനക്കൊന്നും വരാനില്ല. അവൻ ചെയ്യുന്ന തിന്മകളിൽ നീ വിചാരണ ചെയ്യപ്പെടുന്നവനുമല്ല. പ്രസിദ്ധമായ ഒരു തത്ത്വം ഇതിലുണ്ട്: "അവ്യക്തമായ ഒരു കാര്യത്തിനു വേണ്ടി വ്യക്തമായതിനെ ഉപേക്ഷിക്കരുത്. ഊഹിക്കപ്പെടുന്ന ഒരു നന്മക്കു വേണ്ടി ഉറപ്പാക്കപ്പെട്ട ഒരു നന്മയെയും ഉപേക്ഷിക്കരുത്." ബോധത്തോടെയും താൽപര്യത്തോടെയും വിജ്ഞാനമന്വേഷിച്ച് വരുന്ന ഒരു വിദ്യാർഥിയെ മറ്റുള്ളവരെക്കാളും പരിഗണിക്കണമെന്നർഥം.

അബ്ദുൽ റഷീദ് കുട്ടമ്പൂർ
mail@nerpatham.com

PROFCON
PROFESSIONAL STUDENTS GLOBAL CONFERENCE

# പ്രൊഫ്കോൺ: നന്മയുടെ വീഥിയിലെ നാഴികക്കല്ലുകൾ

ഏതൊരു സമൂഹത്തിലെയും ദിശാസൂചകങ്ങളായ പ്രകാശ ഗോപുരങ്ങളാണ് അവിടുത്തെ ക്യാമ്പസുകൾ. സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഗതി നിർണയിക്കുന്ന കേന്ദ്രങ്ങളാണവ. പ്രതികരണശേഷിയുള്ള യുവതയുടെ നിലപാടുകൾക്ക് ചൂടുപകരുന്നിടം. അറിവിനായുള്ള ദാഹം തീർത്ത്, അന്വേഷണങ്ങൾക്ക് പരിഹാരമേകി പുതുതലമുറയെ വൈജ്ഞാനിക പുരോഗതിയിലേക്ക് നയിക്കുന്ന മികവിന്റെ കേന്ദ്രങ്ങളാണ് ക്യാമ്പസുകൾ.

ലോകഗതിയെ നിയന്ത്രിക്കുന്നതിൽ ക്യാമ്പസുകൾ വഹിച്ച പങ്ക് നിസ്തുലമാണ്. അറിയപ്പെട്ട വിപ്ലവങ്ങളുടെയെല്ലാം പ്രഭവകേന്ദ്രമായി വർത്തിച്ചത് ക്യാമ്പസുകളാണ്. ചൈനയിലെ ടിയാനൻമെൻ സ്‌ക്വയർ സംഭവവും റഷ്യയിലെയും ഫ്രാൻസിലെയും വിപ്ലവങ്ങൾക്ക് കാരണമായിത്തീർന്ന വിദ്യാർഥി പ്രക്ഷോഭങ്ങളും ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ടവയാണ്.

ഇസ്ലാമിക പ്രബോധനത്തിന്റെ കർമമാർഗത്തിൽ ക്യാമ്പസുകൾക്ക് മുന്തിയ പരിഗണന നൽകണമെന്ന തിരിച്ചറിവിന്റെ ഫലമായാണ് വിദ്യാർഥി വിഭാഗത്തിനുവേണ്ടി മാത്രമായി ഒരു വിംഗ് രൂപീകരിക്കാനുള്ള തീരുമാനം മുജാഹിദ് പ്രസ്ഥാനം എടുത്തത്. അങ്ങനെ 1970ൽ എം.എസ്.എം രൂപീകൃതമായി.

തുടർന്നുള്ള സംഭവങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. രാഷ്ട്രീയ വിദ്യാർഥി സംഘടനകളിൽ നിന്ന് വ്യത്യസ്തമായി വേറിട്ട ലക്ഷ്യവും കർമപരിപാടികളുമായാണ് എം.എസ്.എം മുന്നേറിയത്. ശാസ്ത്രവസ്തുതകളെ നിരീശ്വരവാദത്തിന് പിന്തുണയേകാൻ ഉപയോഗിക്കുന്നതിനെതിരെ 'ശാസ്ത്രം ദൈവത്തിലേക്ക്' എന്ന കാമ്പയ്ൻ, ഇന്ത്യയിലെ വർഗീയ ഫാഷിസത്തിന്റെ വേരുകൾ കിടക്കുന്നത് ഭിന്നിപ്പിന്റെ വിത്തുപാകാൻ ശ്രമിച്ച ചരിത്രകാരന്മാരുടെ രചനകളിലാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അതിനെതിരെ സംഘടിപ്പിച്ച 'വർഗീയത വളർത്തുന്ന ചരിത്ര പഠനത്തിനെതിരെ' എന്ന കാമ്പയിൻ, ധാർമിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി വിളിച്ചറിയിക്കുന്ന നിരവധി പ്രചാരണ പ്രവർത്തനങ്ങൾ, ക്യാമ്പസുകളിൽ പിടിമുറുക്കുന്ന ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, ജീവകാരുണ്യ മേഖലയിൽ ബുക്ക് ബാങ്ക്, ഡ്രസ്സ് ബാങ്ക്, രക്തദാന കാമ്പയ്നുകൾ തുടങ്ങി സമൂഹ നന്മയെ ലക്ഷ്യം വെച്ചുള്ള ബഹുമുഖങ്ങളായ കർമ പദ്ധതികളാണ് എം.എസ്.എം ആവിഷ്കരിച്ചു നടപ്പാക്കിയത്.

1990കളിൽ എത്തിയപ്പോഴേക്കും ക്യാമ്പസുകളിൽ ശ്രദ്ധേയ സാന്നിധ്യമായി എം.എസ്.എം മാറിയിരുന്നു. 1993-95 കാലയളവിലെ എം.എസ്.എം സംസ്ഥാന സമിതിയിലെ വലിയൊരു ഭാഗം ആർട്സ് & സയൻസ് കോളജുകളിലും പ്രൊഫഷണൽ സ്ഥാപനങ്ങളിലും പഠിക്കുന്നവരോ പഠനം പൂർത്തിയാക്കിയവരോ ആയിരുന്നു. അതുകൊണ്ടു തന്നെ ക്യാമ്പസ് പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉൾക്കാഴ്ചയുള്ളവരും അതിന്റെ ആവശ്യകത തിരിച്ചറിഞ്ഞവരും ഉയർന്നു ചിന്തിച്ചു. അങ്ങനെയാണ് പ്രൊഫഷണൽ വിദ്യാർഥികൾക്ക് മാത്രമായി 'പ്രൊഫ്കോൺ' എന്ന പേരിൽ ഒരു വിപുലമായ സംഗമം നടത്താൻ തീരുമാനമായത്.

കോഴിക്കോട് മെഡിക്കൽ കോളജ്, കാലിക്കറ്റ് REC (NIT), പാലക്കാട് NSS എഞ്ചിനീയറിംഗ് കോളജ് തുടങ്ങി എണ്ണപ്പെട്ട പ്രൊഫഷണൽ കോളജുകളിലാണ് സജീവമായ യൂണിറ്റുകൾ ഉണ്ടായിരുന്നത്. കേരളത്തിനു പുറത്ത് ബട്ക്കൽ എഞ്ചിനീയറിംഗ് കോളജ്, ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിലെ ഏതാനും ക്യാമ്പസുകളിൽ ആദർശധീരരായ പ്രവർത്തകരുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ഉയർന്ന പ്രൊഫഷണലുകൾക്ക് ഇസ്ലാമിക പ്രബോധന രംഗത്ത് നിർവഹിക്കാനുള്ള ബാധ്യതകളും അതിന്റെ സാധ്യതകളും തിരിച്ചറിഞ്ഞുകൊണ്ടുള്ളതായിരുന്നു 'പ്രൊഫ്കോൺ.' ഇത് കേരളത്തിലെ ക്യാമ്പസുകളെ മാത്രം കേന്ദ്രീകരിച്ചാകേണ്ടതില്ലെന്നും സൗത്ത് ഇന്ത്യയിലെ മുഴുവൻ ക്യാമ്പസുകളിലേക്കും കടന്നു ചെല്ലേണ്ടതുണ്ടെന്നും തീരുമാനിച്ചു. അങ്ങനെയാണ് 1995 മെയ് മാസത്തിൽ കോഴിക്കോടുവെച്ച് ഒന്നാമത്തെ പ്രോഫ്കോൺ സംഘടിപ്പിക്കപ്പെട്ടത്.

South Indian Professional Meet (Profcon) എന്നായിരുന്നു പേര്. രണ്ടു ദിവസത്തെ പ്രോഗ്രാം. വിവിധ ക്യാമ്പസുകളിൽ നിന്നുള്ള 70ഓളം പ്രതി



**മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങിയോ, സുഹൃത്തുക്കളുടെ നിരന്തരമായ പ്രേരണയാലോ ആണ് പലരും പ്രൊഫ്കോണിന്റെ നഗരിയിൽ കഴിഞ്ഞ കാലങ്ങളിൽ വന്നുചേർന്നത്. എന്നാൽ അവരൊക്കെയും തിരിച്ചുപോകുന്നത് പുതിയ മനുഷ്യരായാണ്. ലഹരികൾക്കടിമപ്പെട്ട, റാഗിംഗിന്റെ ഭീകരാന്തരീക്ഷം നിലനിൽക്കുന്ന, ഫാഷിസം പിടിമുറുക്കിക്കൊണ്ടിരിക്കുന്ന, സോഷ്യൽ മീഡിയകളുടെയും സീരിയലുകളുടെയും ദുഃസ്വാധീനത്താൽ ഗതി നഷ്ടപ്പെട്ട ആധുനിക ക്യാമ്പസുകളിൽ മാറ്റത്തിന്റെ മാറ്റൊലി സൃഷ്ടിക്കാൻ ദൈവപ്രോക്തമായ ഒരാദർശത്തിനു മാത്രമെ സാധിക്കുകയുള്ളൂവെന്ന് പ്രൊഫ്കോൺ ഇതിനകം തെളിയിച്ചു കഴിഞ്ഞു. ഇരുൾ മുറ്റിയ ക്യാമ്പസുകളിലേക്ക് നന്മയുടെ വെളിച്ചം പകരാനുള്ള ഈ അനൽപമായ പരിശ്രമങ്ങൾക്ക് പിന്തുണയേകേണ്ടത് നന്മയെ സ്നേഹിക്കുന്ന മുഴുവൻ സുമനസ്സുകളുടെയും ബാധ്യതയാണ്.**

നിധികൾ പങ്കെടുത്തു. അതൊരു തുടക്കമായിരുന്നു. ഏതൊരു മഹൽസംരംഭവും ചെറിയ തുടക്കത്തിൽ നിന്നാണല്ലോ. മലയാളികളല്ലാത്ത വിദ്യാർഥികൾ ഉള്ളതിനാൽ പ്രഭാഷണങ്ങൾ പരിഭാഷപ്പെടുത്തൽ ഒരു പ്രശ്നമായിരുന്നു. കുട്ടികൾക്ക് ഹെഡ് സെറ്റുകൾ നൽകി തത്സമയ പരിഭാഷ നടത്തലായിരുന്നു കണ്ടെത്തിയ പരിഹാരമാർഗം. ക്യാമ്പസ് ദഅ്വാ രംഗത്ത് പ്രതീക്ഷ നൽകുന്നതായിരുന്നു ആ പ്രോഗ്രാം. എം.എസ്.എം പ്രവർത്തനം ക്യാമ്പസുകളിൽ പുത്തനുണർവോടെ മുന്നേറുന്നതിനാണ് പിന്നീട് കേരളം സാക്ഷിയായത്. മർഹൂം കെ.പി.മുഹമ്മദ് മൗലവി, എ.പി.അബ്ദുൽഖാദിർ മൗലവി തുടങ്ങിയ പണ്ഡിതനേതാക്കൾ അന്ന് സ്ഥിരമായി ഉപദേശിക്കാറുള്ള ഒരു കാര്യമുണ്ടായിരുന്നു; "എം.എസ്.എം പ്രവർത്തകരേ, നിങ്ങൾ ക്യാമ്പസുകളിലേക്ക് പോകുക. അവിടെയാണ് നിങ്ങൾക്ക് ഏറെ ചെയ്യാനുള്ളത്. പൊതുസമൂഹത്തിൽ പ്രവർത്തിക്കാൻ ഞങ്ങളുണ്ട്, ഇവിടെ."

പ്രൊഫ്കോണിന്റെ സ്വാധീനം ക്യാമ്പസുകളിൽ അലയടിച്ചു. തുടർ വർഷങ്ങളിൽ തൃശൂർ, കണ്ണൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, മലപ്പുറം തുടങ്ങി വ്യത്യസ്ത സ്ഥലങ്ങളിൽ കഴിഞ്ഞ ഇരുപത് വർഷങ്ങൾക്കുള്ളിൽ പ്രൊഫ്കോൺ സംഘടിപ്പിക്കപ്പെട്ടു. ഓരോ വർഷം കടന്നുപോകുമ്പോഴും വിദ്യാർഥികളുടെ സാന്നിധ്യത്താലും പ്രോഗ്രാമുകളുടെ വൈവിധ്യത്താലും പ്രൊഫ്കോൺ ശ്രദ്ധേയമാവുകയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പതിനായിരക്കണക്കിന് വിദ്യാർഥി യുവജനങ്ങളുടെ ജീവിതവഴിയിൽ വെളിച്ചം ലഭിക്കാൻ പ്രൊഫ്കോൺ കാരണമായിത്തീർന്നു. ഇന്നത്തെ പ്രൊഫഷണലുകളും സജീവ പ്രബോധകരുമായ ആയിരക്കണക്കിന് വ്യക്തിത്വങ്ങൾ ഇതിന് നിദർശനമാണ്.

മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങിയോ, സുഹൃത്തുക്കളുടെ നിരന്തരമായ പ്രേരണയാലോ ആണ് പലരും പ്രൊഫ്കോണിന്റെ നഗരിയിൽ കഴിഞ്ഞ കാലങ്ങളിൽ വന്നുചേർന്നത്. എന്നാൽ അവരൊക്കെയും തിരിച്ചുപോകുന്നത് പുതിയ മനുഷ്യരായാണ്. ലഹരികൾക്കടിമപ്പെട്ട, റാഗിംഗിന്റെ ഭീകരാന്തരീക്ഷം നിലനിൽക്കുന്ന, ഫാഷിസം പിടിമുറുക്കിക്കൊണ്ടിരിക്കുന്ന, സോഷ്യൽ മീഡിയകളുടെയും സീരിയലുകളുടെയും ദുഃസ്വാധീനത്താൽ ഗതി നഷ്ടപ്പെട്ട ആധുനിക ക്യാമ്പസുകളിൽ മാറ്റത്തിന്റെ മാറ്റൊലി സൃഷ്ടിക്കാൻ ദൈവപ്രോക്തമായ ഒരാദർശത്തിനു മാത്രമെ സാധിക്കുകയുള്ളൂവെന്ന് പ്രൊഫ്കോൺ ഇതിനകം തെളിയിച്ചു കഴിഞ്ഞു. ഇരുൾ മുറ്റിയ ക്യാമ്പസുകളിലേക്ക് നന്മയുടെ വെളിച്ചം പകരാനുള്ള ഈ അനൽപമായ പരിശ്രമങ്ങൾക്ക് പിന്തുണയേകേണ്ടത് നന്മയെ സ്നേഹിക്കുന്ന മുഴുവൻ സുമനസ്സുകളുടെയും ബാധ്യതയാണ്.

കാലഘട്ടത്തിന്റെ അനിവാര്യതയെന്നോണം വിദ്യാർഥി കൂട്ടായ്മ വിസ്ഡം സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ എന്ന പേരിലാണ് ഇപ്പോൾ പ്രവർത്തിച്ചിച്ചുകൊണ്ടിരിക്കുന്നത്.

23ാമത് പ്രൊഫ്കോൺ ചരിത്രമുറങ്ങുന്ന മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ വെച്ച് നടക്കും-ഇൻശാഅല്ലാഹ്. ഒരു പുതുചരിത്രം രചിക്കപ്പെടുകയാണ്. മൂന്നു ദിനരാത്രങ്ങൾ നീണ്ട പഠന-മനന ബൗധിക വ്യായാമങ്ങൾക്കു ശേഷം, നന്മയുടെ വഴിയിലെ പുതിയ ത്യാഗ പോരാട്ടങ്ങൾക്കുള്ള ഊർജവുമായി, സമാധാനത്തിന്റെ സന്ദേശവുമായി നമുക്കു കടന്നുചെല്ലാം; രക്ഷകരെ തേടുന്ന ആധുനിക ക്യാമ്പസുകളിലേക്ക്... ●




**പ്രൊഫ്കോണിന്റെ സ്വാധീനം ക്യാമ്പസുകളിൽ അലയടിച്ചു. തുടർ വർഷങ്ങളിൽ തൃശൂർ, കണ്ണൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, മലപ്പുറം തുടങ്ങി വ്യത്യസ്ത സ്ഥലങ്ങളിൽ കഴിഞ്ഞ ഇരുപത് വർഷങ്ങൾക്കുള്ളിൽ പ്രൊഫ്കോൺ സംഘടിപ്പിക്കപ്പെട്ടു. ഓരോ വർഷം കടന്നുപോകുമ്പോഴും വിദ്യാർഥികളുടെ സാന്നിധ്യത്താലും പ്രോഗ്രാമുകളുടെ വൈവിധ്യത്താലും പ്രൊഫ്കോൺ ശ്രദ്ധേയമാവുകയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പതിനായിരക്കണക്കിന് വിദ്യാർഥി യുവജനങ്ങളുടെ ജീവിതവഴിയിൽ വെളിച്ചം ലഭിക്കാൻ പ്രൊഫ്കോൺ കാരണമായിത്തീർന്നു. ഇന്നത്തെ പ്രൊഫഷണലുകളും സജീവ പ്രബോധകരുമായ ആയിരക്കണക്കിന് വ്യക്തിത്വങ്ങൾ ഇതിന് നിദർശനമാണ്.**

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും: 9



# അൽഅസ്ഹറും അലീഗറും കേരളത്തിലേക്കോ?!

**1911ൽ** തിരുവിതാംകൂർ രാജഭരണകൂടത്തിന് ഹമദാനി തങ്ങൾ നൽകിയ നിവേദനത്തിന്റെ ഫലമായി ദിവാൻ ബഹാദൂർ സർ പെരുങ്കാവൂർ രാജഗോപാലാചാരി തിരുവിതാംകൂർ പ്രധാന മന്ത്രിയായിരുന്ന കാലത്ത് തന്നെ സർക്കാർ എട്ട് ഏക്കർ സ്ഥലം ആലുവായിൽ ഹമദാനി തങ്ങൾക്ക് പതിച്ചുകൊടുത്തിരുന്നു. ഈ സ്ഥലത്ത് അലീഗർ മാതൃകയിൽ ഒരു അറബിക്കോളജ് സ്ഥാപിക്കലായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനു വേണ്ട പരിശ്രമങ്ങൾ അദ്ദേഹം നിർവഹിച്ചു.1875ൽ സർ സയ്യിദ് അഹ്മദ്ഖാൻ സ്ഥാപിച്ച അലീഗർ സർവകലാശാലയിലെ ബോധനരീതികൾ അദ്ദേഹത്തിന് നന്നേ ബോധിച്ചു. അലീഗർ സമ്പ്രദായങ്ങൾ പഠിക്കാനായി മാത്രം അദ്ദേഹം അവിടെ സന്ദർശിച്ചിരുന്നു. പണ്ഡിതന്മാരെ അണിനിരത്തി വിദ്യാഭ്യാസ വളർച്ചക്കുവേണ്ടി പ്രവർത്തിക്കണമെന്ന് തീരുമാനിച്ച ഹമദാനി തങ്ങൾ, അതിനു യോഗ്യരായ പണ്ഡിതർ ഇവിടെ ഇല്ലാത്തതിനാൽ ഈജിപ്തിൽ നിന്ന് മഹാപണ്ഡിതരെ വരുത്തി ഇവിടെ അധ്യാപകരായി നിയമിക്കാനാവശ്യമായ പദ്ധതികൾ തയ്യാറാക്കി.

ഈജിപ്തിലേക്ക് ഒരു സംഘത്തെ അയച്ചു. ലോക മുസ്‌ലിം പരിഷ്‌കർത്താക്കളിൽ അഗ്രഗണ്യനായ സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനിയുടെ പാഠശാലയിൽ നിന്ന് പുറത്ത് വന്നവരിൽ പ്രമുഖനായിരുന്ന ശൈഖ് മുഹമ്മദ് അബ്ദു(1849-1905) കയ്‌റോവിലെ അൽഅസ്ഹർ സർവകലാശാലയിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്‌കരണങ്ങൾ ലോകത്തെ ആകർഷിച്ചിരുന്നതിനാലാണ് ഈജിപ്തിലേക്ക് തന്റെ ശിഷ്യൻ ശൈഖ് ആലി മൗലവിയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ ഹമദാനി തങ്ങൾ അയച്ചത്.(1) ആ ദൗത്യം വിജയിച്ചില്ല.

അസ്ഹറിലെ പാരമ്പര്യ പഠന സംവിധാനങ്ങളെ പൊളിച്ചെഴുതേണ്ട ആവശ്യകത ബോധ്യമായ ശൈഖ് മുഹമ്മദ് അബ്ദു സർവവിജ്ഞാനങ്ങളും കരഗതമാക്കുന്നതിൽ ശ്രദ്ധ ചെലുത്തുകയും അതിരുകളില്ലാത്ത വിജ്ഞാന സമ്പാദനത്തിന്റെ പ്രാധാന്യം സമൂഹത്തെ ബോധ്യപ്പെടുത്തുന്ന സാമൂഹിക നവോത്ഥാന സംരംഭങ്ങൾക്ക് മുഖ്യ ഊന്നൽ നൽകുകയും ചെയ്തിരുന്നുവല്ലോ.

1914 മെയ് 6ലെ, ആലുവാ ഹമദാനി അറബിക്കോളജ് മദ്രാസ് സെൻട്രൽ കമ്മിറ്റിയുടെയും 1914 മെയ് 7ലെ, കൊടുങ്ങല്ലൂർ അഴീക്കോട് ലജ്നത്തുൽ ഹമദാനിയ്യയുടെ ഔപചാരിക അഭ്യർഥനയും പരിഗണിച്ച് 1914 മെയ് 7ന് തന്നെ ആ ക്യാമ്പസിലെ ആദ്യസ്ഥാപനത്തിന്റെ തുടക്കം തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാളിന്റെ പ്രധാനമന്ത്രിയായിരുന്ന ശ്രീ.പെരുങ്കാവൂർ രാജഗോപാലാചാരി നിർവഹിക്കുകയും ചെയ്തു. സർ സയ്യിദിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടിരുന്നുവെങ്കിലും അലീഗറിൽ നിന്ന് ഭിന്നമായി ആധുനികവിദ്യാഭ്യാസത്തോടൊപ്പം മതവിദ്യാഭ്യാസവും കൂടി ഉൾപ്പെട്ട സമന്വയ വിദ്യാഭ്യാസ പദ്ധതിയായിരുന്നു ഹമദാനി തങ്ങൾ ആവിഷ്‌കരിച്ചിരുന്നിരുന്നത്. ശിലാസ്ഥാപന വേളയിൽ നടത്തിയ സാരവത്തായ സംസാരത്തിൽ ദിവാൻ; ആധുനിക വിജ്ഞാനീയങ്ങളും ഇസ്‌ലാം മതതത്ത്വങ്ങളുടെ പരിശീലനവുമടങ്ങിയ ഈ സമന്വയ പഠനരീതിയെ ശ്ലാഘിക്കുകയും ഹമദാനി തങ്ങളുടെ നിസ്വാർഥ സേവനങ്ങൾ വിവരിക്കുകയും ചെയ്തു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും ബ്രിട്ടീഷ് മലബാറിലെയും മുസ്‌ലിം മക്കൾക്ക് വിദ്യാഭ്യാസത്തിലൂടെ ദിശാബോധം നൽകാനുള്ള ഈ അസുലഭ സുരഭില സൗഭാഗ്യത്തെ സമുദായത്തിന്റെ സുഗന്ധമാക്കും വിധത്തിൽ, ദ്രുതഗതിയിൽ തന്നെ കെട്ടിടങ്ങളടക്കമുള്ള സൗകര്യങ്ങൾക്കായി അഭിപ്രായ ഭിന്നതകൾ മറന്ന് ഒന്നിച്ചു നിന്ന് പ്രവർത്തിക്കാൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.(2)

ഈ കലാലയത്തിന്റെ രക്ഷാധികാരം ഏറ്റെടുക്കുകയും സമഗ്രമായ സാമൂഹ്യ നവോത്ഥാനത്തിന്റെ രാസത്വരകമായി വർത്തിക്കുകയും ചെയ്ത കേരള മുസ്‌ലിം ഐക്യസംഘത്തിന് ആറ്റുപുറം, പനങ്ങാട്, കോതപറമ്പ്, മുറ്റിച്ചൂർ തുടങ്ങിയ സ്ഥലങ്ങളിൽ ശാഖകൾ വളർന്നു. സുശക്തവും സുസജ്ജവുമായ വളണ്ടിയർ കോർ രൂപീകരിക്കപ്പെട്ടു.

സംഘത്തിന്റെ വ്യവസ്ഥാപിത വ്യവഹാരങ്ങൾ, കക്ഷിവഴക്കുകൾ മുതലെടുത്ത് മാത്രം ഉപജീവനം നടത്തിയിരുന്ന വലിയൊരു വിഭാഗത്തെ വിറളി പിടിപ്പിച്ചു. ഗവൺമെന്റിന്നെതിരെ ആയുധം ശേഖരിച്ച് രഹസ്യ പ്രവർത്തനം നടത്തുന്ന ഗൂഢസംഘമാണ




**തിരുവിതാംകൂർ രാജഭരണകൂടത്തിന് ഹമദാനി തങ്ങൾ നൽകിയ നിവേദനത്തിന്റെ ഫലമായി ദിവാൻ ബഹാദൂർസർ പെരുങ്കാവൂർ രാജഗോപാലാചാരി തിരുവിതാംകൂർ പ്രധാനമന്ത്രിയായിരുന്ന കാലത്ത് തന്നെ സർക്കാർ എട്ട് ഏക്കർ സ്ഥലം ആലുവായിൽ ഹമദാനി തങ്ങൾക്ക് പതിച്ചുകൊടുത്തിരുന്നു. ഈ സ്ഥലത്ത് അലീഗർ മാതൃകയിൽ ഒരു അറബിക്കോളജ് സ്ഥാപിക്കലായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനു വേണ്ട പരിശ്രമങ്ങൾ അദ്ദേഹം നിർവഹിച്ചു. 1875ൽ സർ സയ്യിദ് അഹ്മദ്ഖാൻ സ്ഥാപിച്ച അലീഗർ സർവകലാശാലയിലെ ബോധനരീതികൾ അദ്ദേഹത്തിന് നന്നേ ബോധിച്ചു. അലീഗർ സമ്പ്രദായങ്ങൾ പഠിക്കാനായി മാത്രം അദ്ദേഹം അവിടെ സന്ദർശിച്ചിരുന്നു.**

തെന്ന് വിവരിക്കുന്ന വളരെയേറെ വാറോലകൾ ഗവൺമെന്റിലേക്ക് തുരുതുരെ ചെന്നെങ്കിലും അവയൊന്നും ലക്ഷ്യം കണ്ടില്ല.

1923 മെയ് 27,28 തീയതികളിൽ കൊടുങ്ങല്ലൂർ എറിയാട് വെച്ച്, വക്കം അബ്ദുൽഖാദിർ മൗലവിയുടെ അധ്യക്ഷതയിൽ നടന്ന കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ ഒന്നാം വാർഷിക സമ്മേളനത്തിൽ ആലുവയിൽ അലിഗർ കലാലയ മാതൃകയിൽ ഒരു കലാലയം തുടങ്ങാനും മുസ്‌ലിംകൾക്കിടയിൽ നിലനിന്നിരുന്ന ചന്ദനക്കുടം, കൊടികുത്ത് നേർച്ച എന്നിവക്കെതിരെ പ്രചാരണം നടത്താനും തീരുമാനമെടുത്തു. ഒട്ടനവധി നേതാക്കളും പണ്ഡിതന്മാരും ഐക്യസംഘത്തെ നയിച്ചു.

വർഷങ്ങളായി മുസ്‌ലിംകൾ ആചരിച്ചുവന്നിരുന്ന നേർച്ചകളെ അനിസ്‌ലാമികം എന്ന നിലയിൽ എതിർക്കാൻ ആരംഭിച്ചതോടെ ഐക്യസംഘത്തെ വഹാബി സംഘം എന്ന പേരിൽ അധിക്ഷേപിക്കാനും ഒരു വിഭാഗം മുന്നോട്ടുവന്നു. ആലുവയിൽ കോളജ് സ്ഥാപിക്കുക എന്ന ഹമദാനി തങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കാനും നിധി സ്വരൂപിക്കാനുമായി മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജി, കെ.എം സീതി സാഹിബ്, പ്രൊഫ.എ.എം.അബ്ദുൽഖാദർ മൗലവി അഫന്ദി[3] എന്നിവരടങ്ങിയ ഒരു സമിതിയെയും യോഗം തെരഞ്ഞെടുത്തു. ഈ സംരംഭം വിജയിപ്പിക്കാൻ മുഴുവൻ ആളുകളും സഹകരിക്കണമെന്ന് മാതൃഭൂമി ദിനപത്രം എഴുതി.[4]

സംഘത്തിന്റെ രണ്ടാം വാർഷിക സമ്മേളനം 1924 മെയ് 10-12 തീയതികളിൽ ആലുവയിൽ, വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്ത് അറബിക്കോളേജ് പ്രിൻസിപ്പൽ അബ്ദുൽജബ്ബാർ ഹസ്രത്തിന്റെ അധ്യക്ഷതയിൽ നടന്ന കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ രണ്ടാം വാർഷിക സമ്മേളനത്തിൽ വെച്ച്; ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക, മുസ്‌ലിംകൾക്ക് മതപരമായ നേതൃത്വം നൽകുക എന്നീ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വേണ്ടി, കേരളത്തിലെ ആദ്യത്തെ മുസ്‌ലിം പണ്ഡിതസംഘടന 'കേരള ജംഇയ്യത്തുൽ ഉലമ' സ്ഥാപിതമായി. കേരളത്തിലെ പ്രഥമ മുസ്‌ലിം വിദ്യാർഥി സംഘടനയായ കൊച്ചിൻ മുസ്‌ലിം സ്റ്റുഡന്റ്സ് അസോസിയേഷന്റെ രണ്ടാം വാർഷിക സമ്മേളനവും ഇതേ വാർഷിക സമ്മേളനത്തോടൊപ്പം നടന്നു. മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രസ്തുത സമ്മേളനത്തിൽ ഹമദാനി തങ്ങൾക്ക് ആലുവയിൽ ലഭിച്ച സർക്കാർ വക എട്ട് ഏക്കർ ക്യാമ്പസിൽ തുടങ്ങാനുദ്ദേശിക്കുന്ന അലീഗർ മാതൃകയിലുള്ള കലാലയം യാഥാർഥ്യമാക്കാൻ എല്ലാ വിദ്യാർഥികളും മുന്നിട്ടിറങ്ങണമെന്ന് ആഹ്വാനം ചെയ്തു. മുസ്‌ലിംകൾക്കിടയിൽ മതപരവും ഭൗതികവുമായ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനായിരുന്നു കേരള മുസ്‌ലിം ഐക്യസംഘം പ്രാമുഖ്യം നൽകിയിരുന്നത്. അവരുടെ പ്രവർത്തനഫലമായി നിരവധി സ്കൂളുകളും മദ്റസകളും കേരളത്തിന്റെ പല ഭാഗങ്ങളിലും ഉയർന്നുവന്നു.

**ആലുവാ അറബിക്കോളേജിനായി സംഭാവന പിരിക്കാൻ മലബാറിലും തെക്കൻ കർണാടകയിലും സീതി സാഹിബും മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയും പ്രൊഫസർ എ. എം അബ്ദുൽ ഖ്വാദിർ മൗലവി അഫന്ദിയും ദിവസങ്ങളോളം യാത്ര ചെയ്തു. പക്ഷേ, കാര്യങ്ങൾ ശരിയായ വഴിക്ക് നടക്കുന്നത് കണ്ടപ്പോൾ തുടക്കത്തിൽ ഇതിനോട് താൽപര്യമില്ലാതിരുന്നവരും ശരിയായ വിദ്യാഭ്യാസ കാഴ്ചപ്പാടില്ലാത്തവരുമായ പലരും പ്രാദേശിക നടത്തിപ്പു സമിതിയിലേക്ക് കടന്നുവന്നു. അവരിൽ പലർക്കും ഇതിനു വേണ്ടി അഹോരാത്രം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഹമദാനി അറബിക്കോളജിന്റെ മദിരാശി കേന്ദ്രസമിതിയുടെ വീക്ഷണത്തോളം ഉയരാൻ കഴിഞ്ഞിരുന്നില്ല.**



ആലുവാ അറബിക്കോളേജിനായി സംഭാവന പിരിക്കാൻ മലബാറിലും തെക്കൻ കർണാടകയിലും സീതി സാഹിബും മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയും പ്രൊഫസർ എ. എം അബ്ദുൽ ഖ്വാദിർ മൗലവി അഫന്ദിയും ദിവസങ്ങളോളം യാത്ര ചെയ്തു. പക്ഷേ, കാര്യങ്ങൾ ശരിയായ വഴിക്ക് നടക്കുന്നത് കണ്ടപ്പോൾ തുടക്കത്തിൽ ഇതിനോട് താൽപര്യമില്ലാതിരുന്നവരും ശരിയായ വിദ്യാഭ്യാസ കാഴ്ചപ്പാടില്ലാത്തവരുമായ പലരും പ്രാദേശിക നടത്തിപ്പു സമിതിയിലേക്ക് കടന്നുവന്നു. അവരിൽ പലർക്കും ഇതിനു വേണ്ടി അഹോരാത്രം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഹമദാനി അറബിക്കോളജിന്റെ

**തിരുവിതാംകൂർ രാജഭരണകൂടത്തിന് ഹമദാനി തങ്ങൾ നൽകിയ നിവേദനത്തിന്റെ ഫലമായി ദിവാൻ ബഹാദൂർസർ പെരുങ്കാവൂർ രാജഗോപാലാചാരി തിരുവിതാംകൂർ പ്രധാനമന്ത്രിയായിരുന്ന കാലത്ത് തന്നെ സർക്കാർ എട്ട് ഏക്കർ സ്ഥലം ആലുവായിൽ ഹമദാനി തങ്ങൾക്ക് പതിച്ചുകൊടുത്തിരുന്നു. ഈ സ്ഥലത്ത് അലീഗർ മാതൃകയിൽ ഒരു അറബിക്കോളജ് സ്ഥാപിക്കലായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനു വേണ്ട പരിശ്രമങ്ങൾ അദ്ദേഹം നിർവഹിച്ചു. 1875ൽ സർ സയ്യിദ് അഹ്മദ്ഖാൻ സ്ഥാപിച്ച അലീഗർ സർവകലാശാലയിലെ ബോധനരീതികൾ അദ്ദേഹത്തിന് നന്നേ ബോധിച്ചു.**

മദിരാശി കേന്ദ്രസമിതിയുടെ വീക്ഷണത്തോളം ഉയരാൻ കഴിഞ്ഞിരുന്നില്ല. ഒടുവിൽ ഈ സമുദായത്തിന്റെ സമഗ്ര സമുദ്ധാരണത്തിനായി ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ കൊണ്ടുവന്ന സ്വപ്ന പദ്ധതിക്ക് തുടർച്ച നഷ്ടപ്പെടുകയും ചെയ്തു. അങ്ങനെ, ഹമദാനി ശൈഖ് മുന്നോട്ടുവെച്ച ആലുവയിൽ അലീഗർ മാതൃകയിൽ ഒരു അറബിക്കലാലയം എന്ന ലക്ഷ്യം സഫലമാക്കാൻ സംഘത്തിന് കഴിഞ്ഞില്ല

1914ൽ തിരുവിതാംകൂർ പ്രധാനമന്ത്രി (ദിവാൻ) പി.രാജഗോപാലാചാരി ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം ചെയ്ത് നിർവഹിച്ച സാരവത്തായ സംസാരത്തിന്റെ സന്ദേശം ഇവിടെ പുനർ വായിക്കാം:

“പിന്നോക്ക സമുദായങ്ങളുടെ നവോത്ഥാനത്തിന് വേണ്ടിയുള്ള ആദ്യപോരാട്ടത്തിൽ രംഗത്തിറങ്ങുന്ന വീരനായകരെ ആദരിക്കുന്നതിന് പകരം, അവരുടെ അർപ്പണത്തിന്റെ ഗുണഭോക്താക്കളാകാനുള്ള സമുദായം തന്നെ അവരെ ആക്രമിക്കുന്ന ദൗർഭാഗ്യകരമായ പതിവാണ് കണ്ടുവരാറുള്ളത്.”[5]

യഥാർഥത്തിൽ പ്രധാനമന്ത്രിയുടെ മുന്നറിയിപ്പ് അവഗണിച്ച് ഇവിടെയും ആ പതിവ് കാട്ടി സമുദായം ആപതിച്ചു. ആ സ്ഥലത്ത് ഒരു പ്രാഥമിക വിദ്യാലയം മാത്രമേ സ്ഥാപിക്കാനായുള്ളൂ. പിന്നീട് ആ ഭൂമി പ്രാദേശിക നടത്തിപ്പ് സമിതിയിലെ ചിലരുടെ കെടുകാര്യസ്ഥത മൂലം അന്യാധീനപ്പെടുകയുണ്ടായി. ആലുവാ മുസ്‌ലിംകളുടെ രാഷ്ട്രീയ സാംസ്കാരിക മേഖലയിൽ ഗണ്യമായ സ്വാധീനമുണ്ടായിരുന്ന ചില കുടുംബങ്ങളാണ് അത് പിന്നീട് കൈകാര്യം ചെയ്തിരുന്നത്.

ഗവ:എച്ച്.എ.സി (ഹമദാനി അറബിക്കേളേജ്) എൽ.പി.സ്കൂൾ എന്ന പേരിൽ പഴയ മുനിസിപ്പൽ ടൗൺഹാളിനോട് ചേർന്ന് ഇന്നും പ്രവർത്തിക്കുന്നത് അന്നത്തെ ക്യാമ്പസിൽ സ്ഥാപിച്ച പ്രാഥമിക വിദ്യാലയത്തിന്റെ അതേ കെട്ടിടത്തോടു കൂടിയാണ്. തൊട്ടരികിലുള്ള ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, വാട്ടർ അതോറിറ്റിയുടെ ജലശുദ്ധീകരണകേന്ദ്രം, സബ്‌രജിസ്ട്രാർ ഓഫീസ്, പോസ്റ്റ് ഓഫീസ്, ആലുവാ നഗരസഭാ കാര്യാലയം എന്നിവ പ്രവർത്തിക്കുന്നതും മുമ്പ് പൊതുമരാമത്ത് വകുപ്പിന്റെ വിശ്രമ വീട് സ്ഥിതി ചെയ്തിരുന്നതും പുറമ്പോക്ക് ഭൂമി എന്ന നിലയിൽ ചില വ്യക്തികൾ കയ്യേറിയ സ്ഥലങ്ങളും ആ എട്ടേക്കർ സ്ഥലമാണ്. ഇതിന്റെ പരിസരത്ത് സഹോദര സമുദായക്കാർക്ക് ലഭിച്ച എട്ട് വീതം ഏക്കറുകളിൽ മിക്കതും നല്ല വിദ്യാഭ്യാസ സമുച്ചയങ്ങളായി മാറിയിട്ടുണ്ട്.

‘വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നതിനും നിർബന്ധ നമസ്കാരം തുടങ്ങിയവ അനുഷ്ഠിക്കുന്നതിനും പകരം മുഹ്‌യിദ്ദീൻ മാല പാടലായിരുന്നു അവരുടെ ഇബാദത്ത്’[6] എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയതുപോലെ, മതപരവും ലൗകികവുമായ അജ്ഞതയുടെ ആഴങ്ങളിൽ ആനന്ദിച്ചാറാടി ‘ഉത്തമ സമുദായം’ ഉഴറിനടന്നിരുന്ന കാലത്ത്, അവരുടെ കൈപിടിച്ചുയർത്താൻ വന്നവരുടെ കൈക്ക് കടിച്ചിരുന്നവർ, പിന്നീട് കൈ കടിക്കേണ്ടി വന്നതിന്റെ ആഘാതം വിസ്മരിക്കാവതല്ല.

**ആധാര സൂചിക:**

(1) പ്രബോധനം വാരിക, 2013 ഡിസംബർ 13, പുസ്തകം 70, ലക്കം 27, ‘ഉണർവിന്റെ ആദ്യ കിരണങ്ങൾ.’ സദ്റുദ്ദീൻ വാഴക്കാട്.

(2) Divan P.Rajagopalachari; Addresses and replies 1914, Page 172.

(3) പ്രൊഫസർ എ.എം.അബ്ദുൽ ക്വാദിർ മൗലവി അഫന്ദി (1894-1951). അലിഗർ മുസ്‌ലിം യൂണിവേഴ്സിറ്റിയിൽ നിന്നും ഈജിപ്തിലെ കയ്റോവിലെ അൽഅസ്ഹർ യൂണിവേഴ്സിറ്റിയിൽ നിന്നും ഉപരിപഠനം നേടി 1921ൽ വക്കത്ത് മടങ്ങിയെത്തിയ ബഹുഭാഷാ പണ്ഡിതനായ അദ്ദേഹം മദ്രാസ് ഗവണ്മെന്റ് വക മുഹമ്മദൻ കോളജിൽ അറബിക് അധ്യാപകനായി പെൻഷൻ പറ്റി. പിന്നീട് ക്വുർആൻ പരിഭാഷകരെ പരിചയപ്പെടുത്തുമ്പോൾ വിശദമായ ജീവചരിത്രം നൽകാം. ഇൻശാ അല്ലാഹ്.

(4) മാതൃഭൂമി ദിനപത്രം, 1923 ജൂൺ 14,താൾ 4.

(5) Divan P.Rajagopalachari; Addresses and replies 1914, Page 172.

(6) ഇസ്‌ലാഹീ ഭൂമികയിലൂടെ, ഒന്നാം ഭാഗം. ‘ഇന്നലെകളിലെ നായകന്മാർ.’ ഇസ്ഹാഖലി കല്ലിക്കണ്ടി, കെ.എൻ.എം.പബ്ലിഷിംഗ് വിംഗ്, താൾ 26.

ഷഹബാസ് കെ. അബ്ബാസ്
mail#nerpatham.com



# പ്രൊഫ്കോൺ ക്യാമ്പസിന് ബാക്കി വെക്കുന്നത്

ഒരു പ്രൊഫ്കോൺ കൂടി നമ്മിൽ നിന്ന് വിട പറയുകയാണ്. ദൈവചിന്തയും ധാർമികബോധവും പകർന്ന് നൽകേണ്ട കലാലയങ്ങൾ ആഭാസങ്ങളെയും അശ്ലീലതകളെയും ആഗോളവൽക്കരിക്കുന്ന അഴുക്കുചാലുകളായി മാറുന്ന ആധുനിക ലോകത്ത്, മാറ്റമില്ലാത്ത ആദർശവും മാറ്റ് കൂടിയ പ്രമാണങ്ങളുമായി വിസ്ഡം സ്റ്റുഡൻസ് ഓർഗനൈസേഷൻ എന്ന വിദ്യാർഥി പ്രസ്ഥാനം കലാലയങ്ങളിൽ നിറഞ്ഞുനിൽക്കുകയാണ്.

പ്രതിഷേധം, അക്രമം, ക്യാമ്പസ് ഈ മൂന്നു പദങ്ങൾ എക്കാലത്തും ചർച്ചാവിഷയങ്ങളാണ്. ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കും നേരെയുള്ള കടന്നുകയറ്റങ്ങൾ മറ്റെന്തിനെക്കാളുമേറെ സമൂഹത്തിൽ വർധിച്ചുവരികയാണിന്ന്. പൊതുസമൂഹത്തിൽ ഇതിനെതിരായ ജാഗ്രവത്തായ പ്രതിഷേധങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ജനാധിപത്യമൂല്യങ്ങൾക്കും ആവിഷ്കാരസ്വാതന്ത്ര്യത്തിനും മതേതരത്വത്തിനും വേണ്ടിയുള്ള സമൂഹത്തിന്റെ ഇഛാശക്തി യഥാർഥത്തിൽ പ്രകടമാകുന്നത് ക്യാമ്പസുകളിലാണ്. വിദ്യാർഥി സമൂഹത്തിൽ ഉയർന്നുവരുന്ന ജനാധിപത്യത്തിനുവേണ്ടിയുള്ള സമരങ്ങളുടെയും ഫാസിസ്റ്റ് വിരുദ്ധ പ്രതിരോധങ്ങളുടെയും വ്യത്യസ്തമായ മുഖങ്ങൾ ജെ.എൻ.യുവിലും ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലും ഡൽഹി യൂണിവേഴ്സിറ്റിയിലും നാം ദർശിക്കുകയുണ്ടായി.

എന്നാൽ, മാധ്യമശ്രദ്ധ ഒരുപാടൊന്നും ലഭിച്ചിട്ടില്ലാത്ത, ക്യാമ്പസിന്റെ ഏതോ ഒഴിഞ്ഞ മൂലകളിൽ നിന്ന് കേൾക്കുന്ന ചില പ്രതിഷേധസ്വരങ്ങളുമുണ്ട്. ചുംബനസമരച്ചൂടും കാറ്റാടിത്തണലും പ്രണയക്കുളിരും കഴിഞ്ഞ് ഗൗരവതരമായ ചിന്തകൾക്കും പ്രതികരണങ്ങൾക്കും സമയം മെനക്കെടുത്താത്ത ഒരുകൂട്ടം വിദ്യാർഥികളുടെ ശബ്ദങ്ങൾ.

ക്യാമ്പസിൽ കഞ്ചാവടിച്ചു വന്നതിന് പുറത്താക്കിയ ഗ്യാംഗ് നേതാവിനെ തിരിച്ചെടുപ്പിക്കാനും, രാത്രി ലേഡീസ് ഹോസ്റ്റലിലേക്ക് പ്രവേശനം നിഷേധിച്ചതിനെതിരെയും, ക്യാമ്പസ് മുറ്റത്ത് വിദ്യാർഥികളുടെ ബൈക്കുകൾ നിർത്താൻ വിസമ്മതിച്ച മാനേജ്മെന്റുകൾക്കെതിരെയും, ക്യാമ്പസിലെ വൈഫൈ കണക്ഷനിൽ ഫിൽട്ടർ മോഡ് ഒഴിവാക്കുന്നതിനായും ശബ്ദിക്കുന്ന അവരും പ്രതിഷേധത്തൊഴിലാളികൾ തന്നെയാണ്.

നന്മ-തിന്മകൾ വ്യവഛേദിക്കാതെ, മാറി മാറി വരുന്ന ട്രെൻഡിന്റെയും പെണ്ണുടലിനെ കച്ചവടവൽക്കരിച്ച് ലാഭം കൊയ്യുന്ന സിനിമക്കാരുടെയും പിറകെപോയി 'ചേരയെ തിന്നുന്ന നാട്ടിൽ പോയാൽ നടുക്കഷ്ണം തിന്നുന്ന' കൗമാരക്കാരാണവർ!

എന്റെ പ്രതിഷേധങ്ങൾക്ക്, എന്റെ സംസാരങ്ങൾക്ക്, എന്റെ മൗനങ്ങൾക്ക് എന്റേതെന്നു പറയാവുന്ന എല്ലാത്തിനും കൃത്യമായ കണക്ക് ബോധിപ്പിക്കേണ്ടവനാണ് ഞാനെന്ന് തിരിച്ചറിയാത്തിടത്തോളം കാലം, ലക്ഷ്യബോധമില്ലാത്ത യാത്രയിലാണ് ഞൻ എന്ന് തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേവലം ഉണ്ടും ഉറങ്ങിയും കലഹിച്ചും പ്രണയിച്ചും രസിച്ചും രമിച്ചും ജീവിച്ച് മരിച്ച് അവസാനം മണ്ണ് തിന്നാനുള്ളതല്ല മനുഷ്യജന്മം എന്ന് നാം മനസ്സിലാക്കണം.

അതുകൊണ്ട്, അവകാശങ്ങളെ പോലെത്തന്നെ ഉത്തരവാദിത്തത്തെ കുറിച്ചുള്ള ബോധവും കൈമുതലാക്കി സ്വപ്നാടനത്തിൽ നിന്ന് ഉണർന്നെണീറ്റ് യാഥാർഥ്യബോധത്തോടെ, ലക്ഷ്യസ്ഥാനത്തേക്ക് കുതിക്കാൻ നമ്മെയും നമ്മുടെ ക്യാമ്പസിനെയും പ്രാപ്തമാക്കാനുള്ള ശ്രമങ്ങളുമായി മുന്നോട്ട് പോകാം. നാഥൻ അനുഗ്രഹിക്കട്ടെ!

മുബാറക് ഇബ്നു ഉമർ
mail@nerpatham.com

ലേഖനം



# ‘ലിവിംഗ് ടുഗതർ’

ഈയിടെ പുറത്തുവന്ന ഒരു വാർത്ത ഇങ്ങനെ: “ലിവിംഗ് ടുഗതർ സാമൂഹികവിഷയമായി മാറുന്നതായി സംസ്ഥാന വനിതാ കമ്മീഷൻ. ലിവിംഗ് ടുഗതറിനു ശേഷം ഉപേക്ഷിച്ചുകടക്കുന്ന സംഭവങ്ങൾ വർധിക്കുന്നുണ്ടെന്നും ദമ്പതികളാണെന്നതിന് എവിടെയും രേഖകളില്ലാത്തതിനാൽ ഇത്തരത്തിൽ ഉപേക്ഷിച്ചു കടക്കുന്ന സംഭവങ്ങളിൽ സ്ത്രീകൾക്ക് നീതി ലഭിക്കുന്നില്ലെന്നും കമ്മീഷൻ വ്യക്തമാക്കി. സ്ത്രീകൾ വ്യക്തിപരമായി അവരുടെ സുരക്ഷിതത്വം ഉറപ്പാക്കണം. അതിനായി എവിടെയെങ്കിലും വിവാഹം രജിസ്റ്റർ ചെയ്തിടുന്നത് ഉചിതമായിരിക്കുമെന്നും കമ്മീഷൻ കൂട്ടിച്ചേർത്തു.”

‘ലിവിംഗ് ടുഗതർ’ എന്ന ഇംഗ്ലീഷ് പ്രയോഗത്തിനർഥം ‘ഒന്നിച്ചു ജീവിക്കൽ’ എന്നാണ്. ഒരു ആണിനും പെണ്ണിനും പരസ്പരം ഇഷ്ടമായി. അത് ഒന്നിച്ചു ജീവിക്കാമെന്ന തീരുമാന


ത്തിലേക്ക് നയിച്ചു. അങ്ങനെ എവിടെയെങ്കിലും റൂമോ ഫ്‌ളാറ്റോ വീടോ വാടകക്കെടുക്കുന്നു, അല്ലെങ്കിൽ കാശിന് വാങ്ങുന്നു. എന്നിട്ട് ഒന്നിച്ച് ദമ്പതികളെപ്പോലെ ജീവിക്കുന്നു. കുടുംബത്തിന്റെയോ സമുദായത്തിന്റെയോ സമൂഹത്തിന്റെയോ നിയമത്തിന്റെയോ അംഗീകാരമില്ലാതെയുള്ള ഒന്നിച്ചുകഴിയൽ. ഇതാണ് 'ലിവിംഗ് ടുഗതർ.' അങ്ങനെയുള്ള ഒന്നിച്ചുകഴിയൽ ഏർപ്പാട് നമ്മുടെ നാട്ടിലും നടപ്പായിത്തുടങ്ങിയിട്ടുണ്ട് എന്നും അതിന്റെ ദുരന്തഫലങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുന്നു എന്നുമാണ് മുകളിൽ കൊടുത്ത വാർത്താശകലം വ്യക്തമാക്കുന്നത്.

പാശ്ചാത്യൻ നാടുകളിൽ കോളേജ് പഠനകാലത്തുതന്നെ വിദ്യാഥി-വിദ്യാർഥിനികൾ എല്ലാ നിലയിലും ബന്ധപ്പെട്ടുകൊണ്ട് സഹവസിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. ഹൈസ്‌ക്കൂൾ പഠനകാലത്തുതന്നെ അത്തരം വഴിവിട്ട ബന്ധങ്ങൾ അവർ ആരംഭിക്കും. തന്റെ മകന് ഗേൾഫ്രണ്ടില്ലെന്നറിഞ്ഞാൽ, മകൾക്ക് ബോയ്ഫ്രണ്ടില്ലെന്നറിഞ്ഞാൽ ഇവനെന്തോ/ഇവൾക്കെന്തോ തകരാറുണ്ടെന്ന് ചിന്തിച്ച് സൈക്ക്യാട്രിസ്റ്റിനെ കാണിക്കുന്ന ഏർപ്പാടുണ്ടെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്!

വിദ്യാലയങ്ങളിലും കലാലയങ്ങളിലും തൊഴിലിടങ്ങളിലും ഇങ്ങനെ സഹവസിച്ചുണ്ടാകുന്ന ബന്ധങ്ങളിൽ പിറക്കുന്ന മക്കളുടെ വർധനവ് അമേരിക്കയുടെ ഏറ്റവും വലിയ സാമൂഹ്യ പ്രതിസന്ധിയാണത്രെ! 'ഫാദർലസ്സ് അമേരിക്ക' എന്ന പേരുകേട്ട പുസ്തകം ഈ പ്രശ്‌നം വിശദമായി പ്രതിപാദിക്കുന്നു. പച്ചമലയാളത്തിൽ പറഞ്ഞാൽ 'തന്തയില്ലാത്ത മക്കൾ' ഒരു വമ്പൻ പ്രശ്‌നം തന്നെയാണ്. ഇവരിൽ പലരും വളർന്ന് വലുതായാൽ വലിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് സമൂഹത്തിന് തന്നെ ഭീക്ഷണിയായി മാറുന്നതായി പഠനങ്ങൾ പറയുന്നു.

മൂല്യങ്ങളെ തകർക്കുക എന്നത് സാമ്രാജ്യത്വത്തിന്റെ താൽപര്യമാണ്. മതങ്ങളാണ് മനുഷ്യരെ മൂല്യങ്ങൾ പഠിപ്പിച്ചത്. കെട്ടുറപ്പുള്ള കുടുംബങ്ങളിലാണ് മൂല്യങ്ങൾ ഉറച്ചുനിൽക്കുക. വിശ്വസ്തതയും സത്യസന്ധതയുമുള്ള ദാമ്പത്യം വേണമതിന്. വഴിവിട്ട ബന്ധങ്ങൾ ആണിനും പെണ്ണിനുമുണ്ടാകാൻ പാടില്ല. അതിന്നവർക്ക് പ്രേരണ നൽകുന്നത് മൂല്യങ്ങളാണ്. അപ്പോൾ ആ മൂല്യങ്ങളെ എങ്ങനെയെങ്കിലും നശിപ്പിക്കണം. മൂല്യങ്ങൾ നശിച്ച കുടുംബത്തിലെ അംഗങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ ജീവിക്കും. സ്‌നേഹം ലഭിക്കാതെ മക്കൾ വളർന്നുവരും. ആ നിയന്ത്രണമില്ലായ്മയാണ് ആധുനിക ലോകത്തെ നിയന്ത്രിക്കുന്ന കോർപ്പറേറ്റുകൾക്ക് വേണ്ടത്. അവരുടെ ആ തന്ത്രം പാശ്ചാത്യലോകത്ത് നേരത്തെ തന്നെ നടപ്പായി. അവിടെ ആർക്കും ആരുമായും ഒന്നിച്ചു ജീവിക്കാം. ഇഷ്മില്ലെങ്കിൽ പിരിയാം. മറ്റൊരാളെ തേടാം. ഒരാളിരിക്കെ തന്നെ മറ്റൊരാളുമായി ലൈംഗികബന്ധം പുലർത്തുന്നതിന് തടസ്സമൊന്നുമില്ല. കുട്ടിയുണ്ടായാൽ പിതാവാരാണെന്നറിയാൻ ജീൻ പരിശോധന നടത്തും. അപ്പോൾ അതും ക്ലിയർ! അങ്ങനെ സർവതന്ത്ര സ്വതന്ത്രമായ ലൈംഗിക ബന്ധം! അതാണ് യൂറോപ്പിലും അമേരിക്കയിലുമൊക്കെ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഈ അരാജകത്വം ഏഷ്യൻ നാടുകളിലും പടർന്നുകയറാൻ തുടങ്ങിയിട്ട് കുറച്ച് കാലമായി എന്നാണ് അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

മാതാവ്, പിതാവ്, ഭാര്യ, ഭർത്താവ്, മക്കൾ, മക്കളുടെ ഇണകൾ, അവരുടെ മക്കൾ... ഇങ്ങനെ പോകുന്ന ബന്ധങ്ങൾക്ക് ഇഴയടുപ്പം കുറഞ്ഞുകൊണ്ടിരിക്കുകയാണ് സാക്ഷര കേരളത്തിൽ പോലും! വൃദ്ധസദനങ്ങളുടെ എണ്ണം കൂടിക്കൊണ്ടേയിരിക്കുകയാണിവിടെ; സർക്കാർ നടത്തുന്നവയും സ്വകാര്യ സംഘടനകൾ നടത്തുന്നവയുമായിക്കൊണ്ട്. ഈ മാതാപിതാ



**വിദ്യാലയങ്ങളിലും കലാലയങ്ങളിലും തൊഴിലിടങ്ങളിലും ഇങ്ങനെ സഹവസിച്ചുണ്ടാകുന്ന ബന്ധങ്ങളിൽ പിറക്കുന്ന മക്കളുടെ വർധനവ് അമേരിക്കയുടെ ഏറ്റവും വലിയ സാമൂഹ്യ പ്രതിസന്ധിയാണത്രെ! 'ഫാദർലസ്സ് അമേരിക്ക' എന്ന പേരുകേട്ട പുസ്തകം ഈ പ്രശ്‌നം വിശദമായി പ്രതിപാദിക്കുന്നു. പച്ചമലയാളത്തിൽ പറഞ്ഞാൽ 'തന്തയില്ലാത്ത മക്കൾ' ഒരു വമ്പൻ പ്രശ്‌നം തന്നെയാണ്. ഇവരിൽ പലരും വളർന്ന് വലുതായാൽ വലിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് സമൂഹത്തിന് തന്നെ ഭീക്ഷണിയായി മാറുന്നതായി പഠനങ്ങൾ പറയുന്നു.**

**കുത്തഴിഞ്ഞ ലൈംഗികതയാണ് പാശ്ചാത്യൻ സംസ്കാരം. കുറേയൊക്കെ ശക്തിയും കെട്ടുറപ്പും വിശുദ്ധിയുമുള്ളതായിരുന്നു ഇന്ത്യയിലെ കുടുംബ സങ്കൽപവും. എന്നാൽ വഴിവിട്ട ലൈംഗികബന്ധങ്ങൾക്ക് ഇന്ത്യയിലെ പരമോന്നത നീതിപീഠം തന്നെ വഴി വെട്ടിത്തെളിച്ചു കൊടുത്തിരിക്കുകയാണ്. വ്യഭിചാരം കുറ്റകരമാണെന്ന ഐ.പി.സി 497-ാം വകുപ്പ് കഴിഞ്ഞ സെപ്തംബർ 27ന് റദ്ദാക്കി. അന്യപുരുഷനുമായുള്ള ഭാര്യയുടെ ലൈംഗികബന്ധം ശിക്ഷാർഹമാണെന്ന 158 വർഷം പഴക്കമുള്ള നിയമമാണ് റദ്ദാക്കിയിരിക്കുന്നത്. അതുപോലെ സ്വവർഗരതി കുറ്റകരമാണെന്ന (377ാം വകുപ്പ്) നിയമവും 2018 സെപ്തംബർ 6ന് സുപ്രീം കോടതി റദ്ദാക്കിയിരിക്കുകയാണ്.**



ക്കൾക്ക് മക്കളില്ലാത്തതുകൊണ്ടാണോ? അല്ല. മക്കൾക്ക് തങ്ങളുടെ വൃദ്ധരായ മാതാപിതാക്കൾക്കളെ ശ്രദ്ധിക്കാൻ സമയമില്ല. കുറച്ചുകൂടി തെളിച്ചു പറഞ്ഞാൽ, ശ്രദ്ധിക്കാൻ മനസ്സില്ല. എന്തിനേറെപ്പറയുന്നു; വൃദ്ധസദനത്തിൽ കഴിയുന്ന മാതാപിതാക്കൾ മരണപ്പെട്ടാൽ ശവസംസ്കാരച്ചടങ്ങിൽ പങ്കെടുക്കാൻ പോലും മക്കൾക്ക് സമയമില്ല! ശവസംസ്കാരച്ചടങ്ങിനുള്ള പണമയച്ചുകൊടുത്ത് അവർ തങ്ങളുടെ കർത്തവ്യം നിർവഹിക്കുന്നു!

നമുക്ക് 'ലിവിംഗ് ടുഗതറി'ലേക്ക് തന്നെ തിരിച്ചവരാം. 'ഒന്നിച്ചുജീവിച്ച് കുറച്ചു കഴിയുമ്പോൾ ചിലർ സ്വന്തം തടി രക്ഷപ്പെടുത്തി കടന്ന് കളയുന്നു. അങ്ങനെ ചെയ്യുന്നവരുടെ എണ്ണം കുടുകയാണ് സ്വന്തം ഇഷ്ടപ്രകാരം ദമ്പതികളാണെന്ന് ഭാവനയിൽ കാണുന്നു എന്നല്ലാതെ, നിയമപരമായി അത് തെളിയിക്കാൻ ഒരു രേഖയുമില്ല. ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകൾ വഴിയാധാരമാവുകയാണ്. അവർക്ക് നീതികിട്ടുന്നില്ല. ഇപ്രകാരം ഒന്നിച്ചു ജീവിക്കുന്നവർ നിയമപരമായ പ്രാബല്യം ലഭിക്കാൻ വേണ്ടി എവിടെയെങ്കിലും വിവാഹം രജിസ്റ്റർ ചെയ്യണം' ഇതൊക്കെയാണ് വനിതാകമ്മീഷന്റെ ദയനീയമായ പരിവേദനവും നിർദേശങ്ങളും!

ഈ നിർദേശങ്ങൾ കൊണ്ട് എന്ത് ഫലമാണുള്ളത്? ആരാണത് നടപ്പാക്കേണ്ടത്? നടപ്പാക്കിയില്ലെങ്കിൽ അവർക്കെന്ത്?!

മനുഷ്യരുണ്ടാക്കുന്ന നിയമങ്ങൾക്ക് പല പരിമിതികളുമുണ്ട്. അവ ലംഘിക്കപ്പെടും. ആ നിയമങ്ങളെ മറികടക്കാൻ മനുഷ്യൻ തന്നെ വഴി കണ്ടെത്തും. അപ്പോൾ നിയമങ്ങളിൽ ഭേദഗതി വരുത്തും. അല്ലെങ്കിൽ പുതിയനിയമം കൊണ്ടുവരും. അതും സൂത്രത്തിൽ മനുഷ്യൻ ചാടിക്കടക്കും.

മനുഷ്യർക്ക് വേണ്ട നിയമങ്ങൾ മനുഷ്യനെ സൃഷ്ടിച്ച സർവജ്ഞൻ അവന്റെ ദൂതൻ വഴി മനുഷ്യർക്കെത്തിച്ചു കൊടുത്തിട്ടുണ്ട്. അവ നടപ്പാക്കി കാണിക്കുകയും ചെയ്തു. വധുവിന്റെ രക്ഷിതാവ് വരന്റെയും വധുവിന്റെയും സമ്മതത്തോടെ രണ്ടു സാക്ഷികളുടെ സാന്നിധ്യത്തിൽ വിവാഹമൂല്യം (മഹ്ർ) സ്വീകരിച്ച് തന്റെ സംരക്ഷണയിലുള്ള പെണ്ണിനെ വാക്കാൽ വരന് ഏൽപിച്ചു കൊടുക്കുക. വരൻ അത് ഏറ്റെടുക്കുക. ഇതാണ് ഇസ്‌ലാമിലെ വിവാഹത്തിന്റെ കാതൽ. രക്ഷിതാവിന്റെ അംഗീകാരമില്ലാതെ വിവാഹം നടക്കരുത്. വരന്റെയും വധുവിന്റെയും അവകാശങ്ങളും ബാധ്യതകളും കൃത്യമായി പാലിക്കപ്പെടണം. അങ്ങനെ കുടുംബവും സമൂഹവും നിയമവും അംഗീകരിക്കുന്ന ദാമ്പത്യവും കുടുംബ സംവിധാനവുമാണ് ഇസ്‌ലാം നിർദേശിക്കുന്നത്.

കുത്തഴിഞ്ഞ ലൈംഗികതയാണ് പാശ്ചാത്യൻ സംസ്കാരം എന്ന് സൂചിപ്പിച്ചു. കുറേയൊക്കെ ശക്തിയും കെട്ടുറപ്പും വിശുദ്ധിയുമുള്ളതായിരുന്നു ഇന്ത്യയിലെ കുടുംബ സങ്കൽപവും. എന്നാൽ വഴിവിട്ട ലൈംഗികബന്ധങ്ങൾക്ക് ഇന്ത്യയിലെ പരമോന്നത നീതിപീഠം തന്നെ വഴി വെട്ടിത്തെളിച്ചു കൊടുത്തിരിക്കുകയാണ്. വ്യഭിചാരം കുറ്റകരമാണെന്ന ഐ.പി.സി 497-ാം വകുപ്പ് കഴിഞ്ഞ സെപ്തംബർ 27ന് റദ്ദാക്കി. അന്യപുരുഷനുമായുള്ള ഭാര്യയുടെ

ലൈംഗികബന്ധം ശിക്ഷാർഹമാണെന്ന 158 വർഷം പഴക്കമുള്ള നിയമമാണ് റദ്ദാക്കിയിരിക്കുന്നത്. അതുപോലെ സ്വവർഗരതി കുറ്റകരമാണെന്ന (377ാം വകുപ്പ്) നിയമവും 2018 സെപ്തംബർ 6ന് സുപ്രീം കോടതി റദ്ദാക്കിയിരിക്കുകയാണ്.

ലൈംഗിക അരാജകത്വത്തിന് വഴിവെക്കുകയും കുടുംബബന്ധങ്ങളെ തകർച്ചയിലേക്ക് നയിക്കുകയും ചെയ്യുന്നതാണ് ഈ നടപടികൾ എന്നതിൽ സംശയമില്ല. വ്യക്തികൾ ദുഷിക്കുമ്പോൾ കുടുംബങ്ങൾ തകരും. കുടുംബങ്ങളുടെ തകർച്ച സമൂഹത്തെ ബാധിക്കും.

വിവാഹത്തിലൂടെയുള്ള ദാമ്പത്യവും 'ലിവിംഗ് ടുഗതറും' ലൈംഗികബന്ധവും മത്രമെ ഇസ്‌ലാം അംഗീകരിക്കുന്നുള്ളൂ. സ്വന്തം ഇണയുമായുള്ള ലൈംഗികബന്ധമൊഴിച്ചുള്ള എല്ലാ ബന്ധങ്ങളും ഇസ്‌ലാമിൽ പാപമാണ്, കുറ്റകരമാണ്, ശിക്ഷാർഹമാണ്.

ഈ ബോയ്ഫ്രണ്ട്/ഗേൾഫ്രണ്ട് ബന്ധം, തൊഴിലിടങ്ങളിലെ സഹപ്രവർത്തകർ തമ്മിലുള്ള ബന്ധം, പ്രൈവറ്റ് സെക്രട്ടറി, പേഴ്സണൽ അസിസ്റ്റന്റ് തുടങ്ങിയ സ്ഥാനങ്ങൾ നിശ്ചയിച്ചു കൊണ്ട് ചിലർ നടത്തുന്ന അവിഹിത ബന്ധം... ഇതെല്ലാം മൂല്യനിരാസമാണ്. അപകടത്തിലേക്കുള്ള മാർഗങ്ങളാണ്.

വ്യഭിചാരം വരാനുള്ള വഴികളെല്ലാം അടക്കുകയാണ് ഇസ്‌ലാം ചെയ്തിട്ടുള്ളത്. വ്യഭിചരിക്കരുത് എന്നതിനപ്പുറം, വ്യഭിചാരത്തോട് അടുക്കരുത് എന്നാണ് ക്വുർആനിന്റെ ശാസന. കണ്ണ്, കാത്, കൈകാലുകൾ തുടങ്ങിയ അവയവങ്ങൾ കൊണ്ടൊക്കെ വ്യഭിചാരത്തിലേക്ക് വഴിവെക്കുന്ന പ്രവർത്തനങ്ങൾ നടക്കും. പ്രവാചകൻﷺ ഇതിനെപ്പറ്റിയെല്ലാം താക്കീത് നൽകിയിട്ടുണ്ട്.

**മനുഷ്യർക്ക് വേണ്ട നിയമങ്ങൾ മനുഷ്യനെ സൃഷ്ടിച്ച സർവജ്ഞൻ അവന്റെ ദൂതൻ വഴി മനുഷ്യർക്കെത്തിച്ചു കൊടുത്തിട്ടുണ്ട്. അവ നടപ്പാക്കി കാണിക്കുകയും ചെയ്തു. വധുവിന്റെ രക്ഷിതാവ് വരന്റെയും വധുവിന്റെയും സമ്മതത്തോടെ രണ്ടു സാക്ഷികളുടെ സാന്നിധ്യത്തിൽ വിവാഹമൂല്യം (മഹ്ർ) സ്വീകരിച്ച് തന്റെ സംരക്ഷണയിലുള്ള പെണ്ണിനെ വാക്കാൽ വരന് ഏൽപിച്ചു കൊടുക്കുക. വരൻ അത് ഏറ്റെടുക്കുക. ഇതാണ് ഇസ്‌ലാമിലെ വിവാഹത്തിന്റെ കാതൽ. രക്ഷിതാവിന്റെ അംഗീകാരമില്ലാതെ വിവാഹം നടക്കരുത്. വരന്റെയും വധുവിന്റെയും അവകാശങ്ങളും ബാധ്യതകളും കൃത്യമായി പാലിക്കപ്പെടണം. അങ്ങനെ കുടുംബവും സമൂഹവും നിയമവും അംഗീകരിക്കുന്ന ദാമ്പത്യവും കുടുംബ സംവിധാനവുമാണ് ഇസ്‌ലാം നിർദേശിക്കുന്നത്.**

അന്യ സ്ത്രീ-പുരുഷന്മാർ തമ്മിൽ സംസാരിക്കുന്നതിനും ഇടപെടുന്നതിനും ഇസ്‌ലാം പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. സൗന്ദര്യം പ്രകടമാക്കുന്ന ഒരു വസ്ത്രധാരണ രീതിയും സ്ത്രീകൾ സ്വീകരിച്ചുകൂടാ. ശരീരത്തിലെ നിംനോന്നതികൾ പുറത്തുകാണിക്കുന്നതോ, ഇടുങ്ങിയതോ, നിഴലിക്കുന്നതോ, ആകർഷിക്കപ്പെടുന്നതോ ആയ വസ്ത്രങ്ങൾ ഒഴിവാക്കണം. സ്ത്രീ സംസാരിക്കുമ്പോൾ ശബ്ദത്തിൽ പോലും ആകർഷിക്കപ്പെടുന്നതോ, പുരുഷനെ വശീകരിക്കുന്നതോ ആയ ശൈലി സ്വീകരിച്ചുകൂടാ എന്ന് ഇസ്‌ലാം നിർദേശിക്കുന്നു. സത്യവിശ്വാസികളായ പുരുഷന്മാരോടും സ്ത്രീകളോടും കണ്ണുകൾ താഴ്ത്തുവാൻ അനുശാസിച്ചതിനു തൊട്ടുടനെ ക്വുർആൻ പറയുന്നത്, അവരുടെ ഗുഹ്യാവയവങ്ങൾ അവർ സൂക്ഷിക്കട്ടെ, വിശുദ്ധിയോടെ കാത്തു രക്ഷിക്കട്ടെ എന്നാണ്. വഴിവിട്ട ബന്ധങ്ങളുടെ തുടക്കം മിക്കവാറും നോട്ടത്തിലൂടെയാണ് എന്നത് തന്നെ കാരണം. കാണും, ആകർഷിക്കപ്പെടും, സംസാരിച്ച് തുടങ്ങും, വീണ്ടും കാണുവാനാഗ്രഹിക്കും... അങ്ങനെയങ്ങനെയാണത് സംഭവിക്കുന്നത്. ആരംഭത്തിലുണ്ടാകുന്ന നോട്ടം അരുതാത്ത ബന്ധത്തിലേക്കുള്ള വാതിലാണ്. ആ വാതിൽ കൊട്ടിയടക്കുവാനാണ് ക്വുർആൻ ആവശ്യപ്പെടുന്നത്.

ഈ ചിട്ടകളിൽ വളരുന്ന സമൂഹത്തിൽ വഴിവിട്ട ബന്ധങ്ങളും വ്യഭിചാരവും പിതാവില്ലാത്ത മക്കളും ഉണ്ടാവില്ല. അത് പാലിക്കുണ്ടോ ഇല്ലേ എന്നതാണ് പ്രധാനം. പാശ്ചാത്യൻ നാടുകളിൽ കാമുകിക്കൊപ്പം വർഷങ്ങൾ ജീവിച്ച് ആ ബന്ധത്തിൽ മക്കളുണ്ടാവുകയും മക്കൾ വലുതായ ശേഷം ഇനി ഏതായാലും ബന്ധം നമുക്ക് നിയമാനുസൃതമാക്കാം എന്നു തീരുമാനിച്ച് സ്വന്തം മക്കളുടെ സാന്നിധ്യത്തിൽ വിവാഹം നടത്തുകയും ചെയ്യുന്നത് പതിവാണ്. തെറ്റിപ്പിരിഞ്ഞവർ അവരവരുടെ വഴിക്ക് പോകുകയും ചെയ്യും.

സ്രഷ്ടാവിന്റെയും നിയമങ്ങളും നിർദേശങ്ങളും സാർവകാലികവും സാർവലൗകികവുമാണ്. എല്ലാ കാലത്തേക്കും അതു മതി. എല്ലാ നാടുകളിലേക്കും അത് ധാരാളം.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# അമ്പരപ്പിക്കുന്ന സന്തോഷവാർത്ത

മർയം പിറന്ന് വീണപ്പോൾ തന്നെ ഉമ്മ പിശാചിന്റെ ഉപദ്രവത്തിൽ നിന്ന് കാവൽ തേടിയിട്ടുണ്ട്. ഒരു പെണ്ണ് തനിച്ച് നിൽക്കുമ്പോൾ ഒരു പുരുഷന്റെ സാന്നിധ്യം വലിയ അപകടത്തിൽ എത്തിക്കുന്നതാണല്ലോ. അല്ലാഹുവിനെ സദാസമയം ആരാധിക്കുകയും അവനെ ഭയപ്പെട്ട് ജീവിക്കുകയും ചെയ്യുന്ന ഒരാൾക്ക് താൻ പരീക്ഷിക്കപ്പെടുമോ എന്ന ഭയം സ്വാഭാവികമാണല്ലോ. മർയം ﵂ തന്റെ മുന്നിൽ ഉള്ളത് ആരാണെന്ന് അറിയാതെ വന്ന വ്യക്തിയോട് നീ അല്ലാഹുവിനെ പേടിക്കുന്നുവെങ്കിൽ എന്നെ വിട്ട് പോകണം എന്നു പറയുകയും അല്ലാഹുവിനോട് കാവൽ ചോദിക്കുകയും ചെയ്തു.

അല്ലാഹുവിനെക്കുറിച്ചുള്ള ഉത്ബോധനം ഉണ്ടാകും വിധം 'നീ ധർമനിഷ്ഠയുള്ളവനാണെങ്കിൽ (എന്നെ വിട്ട് മാറിപ്പോകൂ)' എന്നാണല്ലോ അവർ പറഞ്ഞത്. വന്ന വ്യക്തിക്ക് അല്ലാഹുവിനെക്കുറിച്ചുള്ള സൂക്ഷ്മതയും പേടിയുമുണ്ടെങ്കിൽ തന്നെ സമീപിക്കുന്നതിൽ അയാളെ പിന്തിരിപ്പിക്കാൻ ഈ വാക്ക് നിമിത്തമാകുമല്ലോ. ഇനി നല്ല ഒരു മനുഷ്യനല്ലെങ്കിലും പെട്ടെന്ന് തന്റെ രക്ഷിതാവിനെ പറ്റിയുള്ള ഉത്ബോധനം കേൾക്കുമ്പോൾ ചെയ്യാൻ ഉദ്ദേശിച്ച തിന്മയിൽ നിന്ന് മാറാൻ അയാൾക്കത് കാരണമായേക്കാം.

മർയം ബീവിﷺയുടെ ഈ സന്ദർഭത്തിലെ ഇട പെടലിൽ നമുക്ക് മാതൃകയുണ്ട്. ഭീതിയോടെ ഒരു ആപത്തിന് മുമ്പിൽ നിൽക്കുമ്പോൾ അല്ലാഹുവി നോട് കാവൽതേടാൻ നമുക്ക് സാധിക്കണം. ഏത് സാഹചര്യത്തിലും നമുക്ക് തുണയായി ഉള്ളത് അ ല്ലാഹു മാത്രമാണല്ലോ. അവന് പുറമെ ഒരു പടപ്പി നും മറഞ്ഞ വഴിക്ക് നമ്മെ രക്ഷിക്കുവാൻ സാധി ക്കുകയില്ല.

മർയം(عليها السلام) ജീവിതത്തിൽ യാതൊരു കളങ്കവും ചെ യ്യാത്തവരായിരുന്നു. അല്ലാഹു അവരെ സംബന്ധിച്ച് പ്രശംസിച്ച് പറഞ്ഞിട്ടുണ്ട്:

"തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ച ഇംറാന്റെ മകളായ മർയമിനെയും (ഉപമയായി എടുത്ത് കാ ണിച്ചിരിക്കുന്നു). അപ്പോൾ നമ്മുടെ ആത്മചൈത ന്യത്തിൽ നിന്നു നാം അതിൽ ഊതുകയുണ്ടായി. തന്റെ) രക്ഷിതാവിന്റെ വചനങ്ങളിലും ഗ്രന്ഥങ്ങളിലും അവൾ വിശ്വസിക്കുകയും അവൾ ഭയഭക്തിയുള്ളവ രുടെ കൂട്ടത്തിലാവുകയും ചെയ്തു" (ക്വുർആൻ 66:12).

ജിബ്‌രീൽ(عليه السلام) മർയമിന് പേടി ഉണ്ടായിട്ടുണ്ടെന്ന് മന സ്സിലാക്കി. ജിബ്‌രീൽ(عليه السلام) മർയമിനെ സമാധാനിപ്പിച്ചു.

"അദ്ദേഹം (ജിബ്‌രീൽ) പറഞ്ഞു: പരിശുദ്ധനായ ഒരു ആൺകുട്ടിയെ നിനക്ക് ദാനം ചെയ്യുന്നതിന് വേ ണ്ടി നിന്റെ രക്ഷിതാവ് അയച്ച ദൂതൻ മാത്രമാകുന്നു ഞാൻ" (ക്വുർആൻ 19:19).

നിനക്ക് ഒരു പരിശുദ്ധനായ സന്താനത്തെ നൽ കാൻ പോകുന്ന വിവരം അറിയിക്കാൻ അല്ലാഹു അയച്ച ഒരു ദൂതനാകുന്നു ഞാൻ എന്ന് ജിബ്‌രീൽ പറഞ്ഞപ്പോൾ മർയം ചോദിച്ചു:

"അവൾ പറഞ്ഞു: എനിക്കെങ്ങനെ ഒരു ആൺ കുട്ടിയുണ്ടാകും? യാതൊരു മനുഷ്യനും എന്നെ സ് പർശിച്ചിട്ടില്ല. ഞാൻ ഒരു ദുർനടപടിക്കാരിയായിട്ടു മില്ല" (ക്വുർആൻ 19:20).

ഇത് കേട്ടപ്പോൾ മർയം ഒന്നുകൂടെ ബേജാറിലാ യി. ഹലാലായ മാർഗത്തിലൂടെ ഒരു കുഞ്ഞ് ജനി ക്കണമെങ്കിൽ വിവാഹം നടക്കണം. വിഹിതമായ മാർഗത്തിലൂടെയോ അവിഹിതമായ മാർഗത്തിലൂടെ യോ തനിക്കൊരു കുട്ടി ഉണ്ടാകണമെങ്കിൽ ഒരു പു രുഷൻ തന്നെ സമീപിക്കേണ്ടതുണ്ടല്ലോ. അപ്രകാ രം ഒന്ന് തന്റെ ജീവിതത്തിൽ സംഭവിച്ചിട്ടുമില്ല. ഞാൻ ഒരു വേശ്യയുമല്ല. പിന്നെ, എങ്ങനെ എനി ക്ക് ഒരു കുഞ്ഞ് ജനിക്കും?

"അദ്ദേഹം പറഞ്ഞു: (കാര്യം) അങ്ങനെതന്നെയാ കുന്നു. അത് തന്നെ സംബന്ധിച്ചിടത്തോളം നിസ്സാര മായ ഒരു കാര്യമാണെന്ന് നിന്റെ രക്ഷിതാവ് പറഞ്ഞി രിക്കുന്നു. അവനെ (ആ കുട്ടിയെ) മനുഷ്യർക്കൊരു ദൃഷ്ടാന്തവും നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യവും ആക്കാനും (നാം ഉദ്ദേശിക്കുന്നു). അത് തീരുമാനി ക്കപ്പെട്ട ഒരു കാര്യമാകുന്നു" (ക്വുർആൻ 19:21).

സൃഷ്ടികൾക്ക് ഏതൊരു കാര്യം ചെ യ്യാനും ചില കാരണങ്ങൾ അത്യാവ ശ്യമാണ്. ആ രൂപത്തിലാണ് അല്ലാ ഹു ഈ ലോകം സംവിധാനിച്ചിട്ടുള്ള ത്. എന്നാൽ ഏതൊരു കാര്യം നടപ്പി ലാക്കുന്നതിനും യാതൊരു കാരണവും ആവശ്യമില്ലാത്തവൻ അല്ലാഹു മാത്ര മാകുന്നു. കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായി അല്ലാഹു അല്ലാത്ത ഒ രാൾക്കും യാതൊന്നും ചെയ്യാൻ സാ ധിക്കില്ല.

സ്ത്രീപുരുഷ ബന്ധത്തിലൂടെയാ ണല്ലോ ഒരു കുഞ്ഞ് ജനിക്കുന്നത്. അ ത് വിവാഹത്തിലൂടെയാകുമ്പോൾ അ നുവദനീയവും വ്യഭിചാരത്തിലൂടെയാ കുമ്പോൾ നിഷിദ്ധവുമാകുന്നു.

മർയമിനെ ഒരു പുരുഷനും വിഹി തമായ മാർഗത്തിലൂടെയോ, അവിഹി തമായ മാർഗത്തിലൂടെയോ സ്പർശി ച്ചിട്ടുപോലുമില്ല. അഥവാ, ഒരു കാരണ വും കൂടാതെ മർയം ബീവിﷺക്ക് അ ല്ലാഹു ഒരു സന്താനത്തെ നൽകാൻ തീരുമാനിച്ചു. അല്ലാഹുവിന് മാത്രമെ അതിന് സാധിക്കൂ. അല്ലാഹു ഒരു കാ ര്യം തീരുമാനിച്ചാൽ അതിനോട് ഉണ്ടാ കൂ എന്ന് കൽപിക്കുമ്പോൾ അത് ഉ ണ്ടായിത്തീരുന്നു. അല്ലാഹു, അവൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കു ക തന്നെ ചെയ്യും.

"അവൾ (മർയം) പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് എങ്ങനെയാണ് കുട്ടിയുണ്ടാവുക? എന്നെ ഒരു മനുഷ്യ നും സ്പർശിച്ചിട്ടില്ലല്ലോ. അല്ലാഹു പറ ഞ്ഞു: അങ്ങനെ തന്നെയാകുന്നു. താൻ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടി ക്കുന്നു. അവൻ ഒരു കാര്യം തീരുമാനി ച്ചു കഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എ ന്ന് പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു" (ക്വുർആൻ 3:47).

**സൃഷ്ടികൾക്ക് ഏതൊരു കാര്യം ചെയ്യാനും ചില കാര ണങ്ങൾ അത്യാവശ്യമാണ്. ആ രൂപത്തിലാണ് അല്ലാഹു ഈ ലോകം സംവിധാനിച്ചിട്ടുള്ളത്. എന്നാൽ ഏതൊരു കാര്യം നടപ്പിലാക്കുന്നതിനും യാതൊരു കാരണവും ആവശ്യമില്ലാത്തവൻ അല്ലാഹു മാത്രമാകുന്നു. കാര്യ കാരണ ബന്ധങ്ങൾക്ക് അതീതമായി അല്ലാഹു അല്ലാ ത്ത ഒരാൾക്കും യാതൊന്നും ചെയ്യാൻ സാധിക്കില്ല.**

ഒരു പുരുഷന്റെ സ്പർശനവും കൂടാതെ മർയംﷺ പ്രസവിക്കണമെന്ന് അല്ലാഹു തീരുമാനിച്ചു. ജനിക്കാൻ പോകുന്ന കുഞ്ഞ് ജനങ്ങൾക്ക് ഒരു ദൃഷ്ടാന്തമായിരിക്കുമെന്നും അല്ലാഹു മലക്ക് മുഖേന മർയംﷺയെ അറിയിച്ചു.

9:21 വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു കഥീർﷺ പറയുന്നു:"(അവനെ (ആ കുട്ടിയെ) മനുഷ്യർക്കൊരു ദൃഷ്ടാന്തം ആക്കുന്നതിന് വേണ്ടി) മനുഷ്യർക്ക് അവരുടെ സ്രഷ്ടാവിന്റെ കഴിവ് (അറിയിക്കുന്ന) ഒരു അടയാളവും തെളിവുമായിട്ടാകുന്നു (അത്). അവരുടെ സൃഷ്ടിപ്പിൽ വ്യത്യസ്ത രീതി സ്വീകരിച്ചവനാകുന്നു അവൻ. അവരുടെ പിതാവ് ആദമിനെ ഒരു പുരുഷനോ സ്ത്രീയോ അല്ലാത്തതിൽ നിന്ന് അവൻ സൃഷ്ടിച്ചു. ഹവ്വാഇനെ സ്ത്രീയില്ലാതെ ഒരു പുരുഷനിൽ നിന്ന് മാത്രമായും സൃഷ്ടിച്ചു. ഈസാﷺ ഒഴികെ ബാക്കിയുള്ള (ആദമിന്റെ) സന്തതികളെ ഓരോ പുരുഷനിൽ നിന്നും സ്ത്രീയിൽ നിന്നുമായും അവൻ സൃഷ്ടിച്ചു. അദ്ദേഹത്തെ (ഈസാﷺയെ) പുരുഷനില്ലാതെ ഒരു സ്ത്രീയിൽ നിന്ന് മാത്രമായും അല്ലാഹു ഉണ്ടാക്കി. അങ്ങനെ അല്ലാഹുവിന്റെ മഹത്തായ കഴിവിന്റെയും അധികാരത്തിന്റെയും തെളിവുകളായ ഈ നാല് രൂപവും അല്ലാഹു പൂർത്തിയാക്കി. അതിനാൽ അവനല്ലാതെ ഒരു ആരാധ്യനും അവനെ കൂടാതെ ഒരു റബ്ബും ഇല്ല. (നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യവുമാക്കാനും) എന്ന് പറഞ്ഞത്, അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്കും അവന്റെ ഏകത്വത്തിലേക്കും ക്ഷണിക്കുന്നവനായി പ്രവാചകന്മാരിൽ ഒരു പ്രവാചകനായി അല്ലാഹുവിൽ നിന്നുള്ള കാരുണ്യത്താൽ ഈ കുട്ടിയെ അവൻ ആക്കുകയും ചെയ്തു. അല്ലാഹു മറ്റൊരു വചനത്തിൽ പറഞ്ഞത് പോലെ: (മലക്കുകൾ പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമേ, തീർച്ചയായും അല്ലാഹു നിനക്ക് അവന്റെ പക്കൽ നിന്നുള്ള ഒരു വചനത്തെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. അവൻ ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമായിരിക്കും. തൊട്ടിലിലായിരിക്കുമ്പോഴും മധ്യവയസ്കനായിരിക്കുമ്പോഴും അവൻ ജനങ്ങളോട് സംസാരിക്കുന്നതാണ്. അവൻ സദ്വൃത്തരിൽ പെട്ടവനുമായിരിക്കും). അതായത്, തൊട്ടിലിൽ ആയിരിക്കുമ്പോയും മധ്യവയസ്കനായിരിക്കുമ്പോഴും ഈസാﷺ തന്റെ രക്ഷിതാവായ അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ക്ഷണിക്കുന്നതാകുന്നു."

മാതാവിന് ഈ കുട്ടിയിലൂടെയാണല്ലോ വലിയ പേരും പ്രശസ്തിയും വമ്പിച്ച നേട്ടങ്ങളും ലഭിച്ചത്. അത് ആ കുഞ്ഞിലൂടെ ഉമ്മാക്ക് ലഭിച്ചിട്ടുള്ള കാരുണ്യമാണ്. ജനങ്ങൾക്ക് അല്ലാഹുവിന്റെ ആയത്തുകൾ ഓതിക്കേൾപ്പിക്കുകയും അതിലൂടെ അവരെ സംസ്കരിച്ചെടുക്കുകയും അവരെ വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും അങ്ങനെ അവർ അദ്ദേഹത്തെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലൂടെ ഇഹത്തിലും പരത്തിലും അവർക്ക് സൗഭാഗ്യം നേടാൻ കാരണമായത് ജനങ്ങൾക്ക് അദ്ദേഹം മുഖേന അല്ലാഹു ചെയ്ത കാരുണ്യമാണല്ലോ.

"അങ്ങനെ അവനെ ഗർഭം ധരിക്കുകയും എന്നിട്ട് അതുമായി അവൾ അകലെ ഒരു സ്ഥലത്ത് മാറിത്താമസിക്കുകയും ചെയ്തു" (ക്വുർആൻ 19:22).

പരിശുദ്ധമായ ഭവനത്തിൽ, പരിശുദ്ധരായ ആളുകളുടെ മേൽനോട്ടത്തിൽ, പരിശുദ്ധയായാണ് മർയംﷺ വളർന്നത്. യാതൊരു ദുർവൃത്തിയും അവർ ചെയ്തിട്ടില്ല. താൻ എങ്ങനെയാണ് ഗർഭിണിയായത് എന്നതിനെ പറ്റി അവർക്ക് നന്നായി അറിയാം. നാട്ടുകാർക്കും വീട്ടുകാർക്കും സംഭവം അറിയില്ലല്ലോ. നടന്നത് എന്തെന്ന് പറഞ്ഞാൽ ആളുകൾ വിശ്വസിക്കുമോ? ജനങ്ങൾ അറിഞ്ഞാൽ എന്തെല്ലാം പറയും? ഇങ്ങനെ നൂറുകൂട്ടം ആകുലതകൾ മനസ്സിൽ മാറിമാറി വരുന്നു. അങ്ങനെ ആരും അറിയാത്ത, അകലെയുള്ള ഒരു സ്ഥലത്തേക്ക് അവർ മാറി താമസിച്ചു.

സാധാരണ ഒരു സ്ത്രീയുടെ ഗർഭകാലം എത്രയാണോ അതുപോലെ തന്നെയാണ് മർയം ബീവിﷺയുടെയും ഗർഭകാലം എന്നാണ് ഭൂരിപക്ഷം പണ്ഡിതരും പറയുന്നത്. ഗർഭകാലത്ത് തനിച്ച് ഒരു സ്ഥലത്ത് കഴിഞ്ഞുകൂടവെ അവർക്ക് പ്രസവവേദന തുടങ്ങി. അല്ലാഹു പറയുന്നു:

**തന്റെ മതപരമായ ജീവിതത്തിൽ വല്ല അപകടവും സംഭവിക്കുന്നത് വലിയ പരീക്ഷണമാണല്ലോ. അതുപോലെ മറ്റൊരാളെ പറ്റി കളവ് പറയലും അപവാദം പ്രചരിപ്പിക്കലും അയാളുടെ നാശത്തിന് കാരണമാകും. ഇതെല്ലാം വലിയ ഫിത്നയാണ്. ഇപ്രകാരം ഫിത്ന ഭയപ്പെടുന്ന സന്ദർഭത്തിൽ മരണത്തെ കൊതിക്കുന്നത് അനുവദനീയവുമാണ്.**

“അങ്ങനെ പ്രസവവേദന അവളെ ഒരു ഈന്തപ്പന മരത്തിന്റെ അടുത്തേക്ക് കൊണ്ട് വന്നു. അവൾ പറഞ്ഞു: ഞാൻ ഇതിന് മുമ്പ് തന്നെ മരിക്കുകയും പാടെ വിസ്മരിച്ച് തള്ളപ്പെട്ടവളാകുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ!”(ക്വുർആൻ 19:22).

പ്രസവവേദന ശക്തമായി. കൂടെ ആരുമില്ലാത്ത അവർ നടന്ന് ഒരു ഈത്തപ്പനയുടെ സമീപം എത്തി. ആ ഈത്തപ്പനയിലേക്ക് ചാരിയിരുന്ന മർയം ഒറ്റപ്പെടലിന്റെയും അവഗണനയുടെയും വേദനക്കൊപ്പം പ്രസവവേദന കൂടി വന്നപ്പോൾ ‘ഞാൻ ഇതിന് മുമ്പ് തന്നെ മരിക്കുകയും പാടെ വിസ്മരിച്ച് തള്ളപ്പെട്ടവളാകുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ’ എന്ന് പറഞ്ഞു പോയി.

ദുരിതം അനുഭവിക്കുന്ന സമയത്ത് മരണത്തെ കൊതിക്കരുതെന്ന് നബി ﷺ പഠിപ്പിച്ചിട്ടുണ്ട്. അനസ് വിൽ നിന്ന് നിവേദനം നബി ﷺ പറഞ്ഞു: “നിങ്ങളിൽ ഒരാളും തനിക്ക് ബാധിച്ചിട്ടുള്ള ദുരിതത്താൽ മരണത്തെ കൊതിക്കരുത്. അങ്ങന ചെയ്യാതെ കഴിയില്ലെങ്കിൽ അവൻ ഇപ്രകാരം പറയട്ടെ: ‘അല്ലാഹുവേ, എനിക്ക് ജീവിതമാണ് ഉത്തമമെങ്കിൽ നീ എന്നെ ജീവിപ്പിക്കേണമേ. (അല്ലാഹുവേ,) എനിക്ക് മരണമാണ് ഉത്തമമെങ്കിൽ നീ എന്നെ മരിപ്പിക്കേണമേ” (ബുഖാരി).

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: “നിങ്ങൾ ഒരാളും മരണത്തെ കൊതിക്കരുത്. അത് (മരണം) അവന് വരുന്നതിന് മുമ്പായി അതിനായി പ്രാർഥിക്കുകയും ചെയ്യരുത്. നിശ്ചയം, നിങ്ങൾ ഒരാൾ മരണപ്പെട്ടാൽ അവന്റെ കർമങ്ങളെല്ലാം മുറിഞ്ഞു പോകുന്നതാകുന്നു. നിശ്ചയം ഒരു വിശ്വാസിക്ക് അവന്റെ ആയുസ്സ് നന്മയല്ലാതെ വർധിപ്പിക്കുകയില്ല” (മുസ്‌ലിം).

മുകളിൽ സൂചിപ്പിച്ചിട്ടുള്ള നബിവചനങ്ങൾ മരണത്തെ കൊതിക്കരുതെന്നാണല്ലോ അനുശാസിക്കുന്നത്. എന്നാൽ മർയം മരണം കൊതിച്ചു പോകുന്നു. പണ്ഡിതന്മാർ ഇതു സംബന്ധമായി ചർച്ച ചെയ്തിട്ടുണ്ട്. ഇമാം ക്വുർത്വുബി പറയുന്നു:

“എന്നാൽ മർയം ؊, നിശ്ചയമായും അവർ മരണത്തെ കൊതിച്ചത് രണ്ട് കാരണത്താലാകുന്നു. ഒന്ന്, അവരുടെ ദീനിൽ മോശമായത് ഉണ്ടാകുമോ എന്ന് വിചാരിച്ച് അവർ പേടിച്ചു. അത് അവർക്ക് ഒരു പരീക്ഷണമാണല്ലോ. രണ്ട്, ജനങ്ങൾ അവർ കാരണത്താൽ അപവാദ പ്രചരണവും വ്യാജവാർത്തയും വ്യഭിചാരക്കുറ്റവും ഉണ്ടാക്കി അതിൽ പതിക്കും. അത് അവരുടെ തകർച്ചയാണല്ലോ.”

“ഫിത്നയുടെ സന്ദർഭത്തിൽ മരണത്തെ കൊതിക്കൽ അനുവദനീയമാണെന്നതിന് ഇതിൽ തെളിവുണ്ട്. കാരണം, ഈ കുട്ടിയുടെ ജനനത്താൽ താൻ പരീക്ഷിക്കപ്പെടുമെന്ന് അവർ മനസ്സിലാക്കി” (ഇബ്നു കഥീർ).

തന്റെ മതപരമായ ജീവിതത്തിൽ വല്ല അപകടവും സംഭവിക്കുന്നത് വലിയ പരീക്ഷണമാണല്ലോ. അതുപോലെ മറ്റൊരാളെ പറ്റി കളവ് പറയലും അപവാദം പ്രചരിപ്പിക്കലും അയാളുടെ നാശത്തിന് കാരണമാകും. ഇതെല്ലാം വലിയ ഫിത്നയാണ്. ഇപ്രകാരം ഫിത്ന ഭയപ്പെടുന്ന സന്ദർഭത്തിൽ മരണത്തെ കൊതിക്കുന്നത് അനുവദനീയവുമാണ്. ഇമാം ക്വുർത്വുബിയുടെ അത്തദ്കിറഃ എന്ന കിതാബിൽ ദീന് നഷ്ടപ്പെടുമെന്ന പേടി കാരണം മരണത്തെ കൊതിക്കലും അതിന് വേണ്ടി പ്രാർഥിക്കലും അനുവദനീയമാണ് എന്ന് പറയുന്ന ഒരു അധ്യായം തന്നെ കാണാവുന്നതാണ്. ഇമാം മാലിക് മുവത്വയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു പ്രാർഥന ഇപ്രകാരം കാണാം:

തീർച്ചയായും റസൂൽ ﷺ പ്രാർഥിക്കാറുണ്ടായിരുന്നു. എന്നിട്ട് ഇപ്രകാരം പറയും: ‘അല്ലാഹുവേ, നന്മകൾ ചെയ്യാനും തിന്മകൾ വെടിയാനും സാധുക്കളെ സ്നേഹിക്കാനും ഞാൻ നിന്നോട് ചോദിക്കുന്നു. (ഇനി) ജനങ്ങളിൽ ഫിത്ന ഉദ്ദേശിച്ചാൽ (ഞാൻ) പരീക്ഷിക്കപ്പെടാതിരിക്കാൻ നീ എന്നെ നിന്നിലേക്ക് പിടിക്കേണമേ.’

ഉമർ തന്റെ ഭരണം വ്യാപിക്കുകയും പ്രായം കൂടുകയും ആരോഗ്യം ദുർബലമാകുകയും ചെയ്ത സന്ദർഭത്തിൽ വല്ല വീഴ്ചയും സംഭവിക്കുമെന്ന പേടിയിൽ ഇപ്രകാരം പ്രാർഥിച്ചത് ചരിത്രത്തിൽ കാണാവുന്നതാണ്.

ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത ഒരു ഹദീസ് കാണുക:

അബൂഹുറയ്റ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: “ഒരാൾ മറ്റൊരാളുടെ ക്വബ്റിന്റെ അരികിലൂടെ നടന്ന് പോകുമ്പോൾ ‘ഞാൻ ആ സ്ഥാനത്തായിരുന്നെങ്കിൽ എന്ന് പറയുന്നത് വരെ അന്ത്യദിനം സംഭവിക്കുന്നതല്ല” (ബുഖാരി).

മതപരമായ നിഷ്ഠയോടു കൂടി ജീവിക്കാൻ കഴിയാത്ത കുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ ഇപ്രകാരം മരണത്തെ കൊതിക്കുന്നത് അനുവദനീയമാണ്. എന്നാൽ ഭൗതികമായ വല്ല ആപത്തും വരുന്ന സാഹചര്യത്തിൽ ഒരാളും മരണത്തെ കൊതിക്കാൻ പാടില്ല. നബി ﷺ മരണത്തെ കൊതിക്കുന്നതിനെ തൊട്ട് വിലക്കിയത് ഈ അർഥത്തിലാകുന്നു എന്ന് മനസ്സിലാക്കാം. ●

സ്വാദിക് ഇബ്നു സലീം
mail@nerpatham.com

# മരണം വന്നണയുമ്പോൾ



മരണം വന്നണയുമ്പോൾ, മിഴി രണ്ടുമടയുമ്പോൾ
കരയുവാൻ അടുത്തുണ്ട് നയനമേറെ-പക്ഷേ
ക്വബ്റിലെ സ്ഥിതി ഓർത്താൽ കരയും താനേ

വിടചൊല്ലി അകലുന്ന റൂഹതിന്റെ ഗതിനോക്കി
അധരങ്ങൾ വരളുന്നു ജലത്തിനായി-ചുണ്ടിൽ
പതിച്ചതീവിധം വയ്യ ഇറക്കുവാനേ

കരൾപൊട്ടിക്കരയുന്ന കുടുംബത്തിൽ കരച്ചിൽ ഞാൻ
ഒരിക്കലും ശ്രവിക്കില്ല ശരിക്കും തീരെ-സ്വന്തം
മരണത്തിൻ സമയത്ത് തുണയില്ലാരും

ഒരുതുണ്ട് ചരടിനാൽ വിരൽ ചേർത്ത് തടയുന്നു
അധരങ്ങൾ അടച്ചിട്ട് ശിരസ്സിൽ കെട്ടി-പിന്നെ
തുണി മൂടിപ്പുതച്ചെന്നെ കിടത്തി നീളെ

ക്വബ്റിലേക്കെടുക്കുവാൻ ഒരുക്കങ്ങൾ നടക്കുന്നു
മുഖം കണ്ട് മടങ്ങുന്നു പലരും വേഗം-എന്റെ
ഹയാത്തിലെ കറുപ്പെല്ലാം പൊറുക്കൂ കോനേ

ക്വബ്റിലെ അദാബുകൾ; അതിൽനിന്നും തുണയേകി
കബീറായ പുരാനെ നീ കരകേറ്റണെ-എന്റെ
ബറ്സഖിൽ സമാശ്വാസം കനിഞ്ഞിടണേ

പരലോക ഭവനത്തിൽ വിജയത്തിൻ വഴി നൽകി
ഫിറ്ദൗസിൽ ഇടം നൽക് റഹീമായോനെ-എന്റെ
മുറാദെല്ലാം ക്വബൂലാക്കി തരേണേ നീയേ



WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...



നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
16 March 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437




# നിരീശ്വര വിശ്വാസം യുക്തിയുടെ മരുപ്പറമ്പ്

**അബ്ദുല്ല ബാസിൽ സി.പി / വില: ₹ 40**

നിരീശ്വരവാദം വീണ്ടും ചർച്ചകളിൽ സജീവമാവുകയാണ്. ഒരുകാലത്ത് അന്ധവിശ്വാസങ്ങളെയും പൗരോഹിത്യത്തിന്റെ ചൂഷണങ്ങളെയും തുറന്നുകാട്ടുകയും മിശ്രഭോജനം പോലുള്ള വിപ്ലവപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്ത അവർ പതിയെ മതത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ എന്നതിൽ നിന്ന് മതം തന്നെ ചൂഷണമാണ് എന്ന നിലപാടിലേക്ക് ചുവട് മാറ്റി. യുക്തിചിന്തയുടെയും ശാസ്ത്രബോധത്തിന്റെയും പ്രചാരകരെന്ന പരിവേഷം ഉപയോഗപ്പെടുത്തി വളർന്ന നിരീശ്വരവാദം ശാസ്ത്രത്തിന്റെ വളർച്ചയും യുക്തിചിന്തയുടെ വ്യാപനവും സാധ്യമായപ്പോൾ പതുക്കെ ഉൾവലിയുകയായിരുന്നു. യുക്തിവാദത്തിന്റെ അവസരവാദത്തെ തുറന്നുകാട്ടുന്ന രചന.

## പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40 |
| 7. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |